BRAHMAGITA KRISHNAN EMBRANDRI

Q23:2272 32E4

Q23: 2272
32E4

MUL
041437

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number Q23: 2272 32E4

Accession Number 41437

Available for loan from

This book should be returned on or before the date last marked below.

O. 61

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

MADRAS

# ബ്രഹ്മഗീത

## കിളിപ്പാട്ട്.

എ. കൃഷ്ണൻ എമ്പ്രാന്തിരി അവർകളാൽ
ഉണ്ടാക്കപ്പെട്ടത്.

തൃശ്ശിവപേരൂർ
'ഭാരതവിലാസം' അച്ചുകൂടത്തിൽ
അച്ചടിച്ചത്.

1090.

വില അണ ൮.

പകർപ്പവകാശം ടി. അച്ചുകൂടത്തിലേക്കുള്ളതാകുന്നു.

Q23:2272 32E4

ROCHOUSE & SONS,
Booksellers : Madras.

## MACHINES.

| | Rs. | A. | P. |
|---|---|---|---|
| Harrild and Sons' Double Crown size 20" x 30" Improved "Bremner" Wharfedale Cylinder Printing Machine, for Three-Colour work and Half-tone, or general high-class Jobbing Work, geared inkers, plain distributors, cam action to front Lays, Steel Ink Knife, Wooden Drum, Stop Ink Supply, all usual accessories, 2 Sets Roller Stocks, Cylinder coverings, Oil feeder, Plans, one Solid Roller Mould, for Hand and Steam Power ... ... ... ... | 6,668 | 0 | 0 |
| Lever Galley Proof Press, size 30" x 6" ... ... | 571 | 0 | 0 |
| "Excelsior" Self-inking Printing Press, size 6" x 10" with one Brass Roller Mould and 2 Chases ... ... | 340 | 0 | 0 |
| "Excelsior" Self-inking Printing Press, size 5" x 8" with one Brass Roller Mould and 2 Chases ... ... | 320 | 0 | 0 |
| "Rotary" Paper Cutting Machine, Length of Cut 24", Lift of Clamp 3" for Hand Drive, with 2 Knives ... | 940 | 0 | 0 |
| "Krause" Hand Lever Paper Cutting Machine, Length of Cut 17½", Lift of Clamp 1½", Model Alb, with 2 Knives. | 320 | 0 | 0 |
| English made Wood Cutting Press 35" with Plough, Pin and Knife ... ... ... ... ... ... | 112 | 0 | 0 |
| Knives for Wood Cutting Presses English made each. | 4 | 8 | 0 |
| Harrild & Sons' Improved All-Iron Stabbing Machine, planed table, side & back guages & adjustable Needles. | 390 | 0 | 0 |
| Treadle Perforating machine, 26½" ... ... ... | 450 | 0 | 0 |
| Hand Lever Perforating Machine 16" ... ... | 170 | 0 | 0 |
| Perforating Pins ... ... ... ... per 100 | 5 | 0 | 0 |
| Handy Bench Cardboard Shears 16" ... ... per pair. | 35 | 0 | 0 |
| "Favourite Wood Paper Ruling Machine, 36" to rule 30", with Canvas and one Ruling Pen Slide ... ... | 175 | 0 | 0 |
| No. 7. Wire Stitching Machine will either stitch single sections through the fold, or bind books of several sections up to $\frac{3}{16}$" thick and will work wire from the finest gauge (No. 30.) suitable for thinnest pamphlet work, to the coarsest (No. 24) for books $\frac{3}{16}$" thick, without stand, for screwing on a bench with treadle fastened to the floor (without Detachable Spool) ... ... ... ... ... | 250 | 0 | 0 |
| No. 8. Wire Stitching Machine for Hand and Treadle, taking any thickness up to ½" and of using any wire from gauge No. 20. It produces four sizes of stitches, to suit the various thicknesses with Iron Stand and Wood Table ... ... ... ... ... ... | 450 | 0 | 0 |

# ബ്രഹ്മഗീത.

സൂതസംഹിതയിലെ യജ്ഞവൈഭവഖണ്ഡത്തിന്റെ ഉത്തരഭാഗം.

സദാശിവായ പരമഗുരവേ നമഃ.

സത്യമാം ചിദാനന്ദം സത്യമെന്നുള്ള ബോധം നിത്യവുമകതാരിലാദരാലൂന്നീടുവാൻ * സത്യസങ്കല്പനാദജ്യോതിസ്സായ് വിളങ്ങീടും സത്യരൂപിണി വാണിമാതാവേ! തുണക്കേണം * സൽഗുരുഭൂതന്മാരും സൽകവിവരന്മാരും സൽഗുണമുള്ള ലോകമൊക്കയുമെനിക്കേതും * ദുർഗ്ഗുണം വന്നീടായ്വാൻ നൽകേണമനുഗ്രഹം സൽഗതി വരുവാനും കുമ്പിട്ടു വണങ്ങുന്നേൻ * സൽഗുരുസൂതൻ പണ്ടു മുനിമാർ ചോദിക്കയാലുൾക്കനിവോടു ചൊന്നസംഹിതയിങ്കലിപ്പോൾ * യജ്ഞവൈഭവഖണ്ഡമുത്തരഭാഗ ചൊൽവാനജ്ഞനാം ഞാനെങ്കിലും കേരളഭാഷയിങ്കൽ * വിജ്ഞരാം വിദ്വാന്മാരെ വന്ദിച്ചു യഥാമതി വിജ്ഞാതമാകുംവണ്ണം ചൊല്ലുവൻ കേട്ടുകോൾവിൻ * ശുദ്ധചിത്താംഭോജത്തിലിരിക്കുംഹംസരൂപം ബദ്ധസന്തോഷം ഭൂയോ മനനം ചെയ്തുകൊണ്ടു * ബുദ്ധരായ് വസിക്കുന്ന മുനിമാർ സൂതൻതന്നോടുത്തമഭക്തിയോടേ പിന്നെയും ചോദ്യം ചെയ്താർ * നിന്തിരുവടി സർവ്വം സംക്ഷേപമായും പുനരന്തരം വന്നീടാതെ വിസ്തരമായും പൂർവ്വം * ചൊന്നതു കേട്ടു ഞങ്ങൾ 'ബ്രഹ്മഗീത'യും കേൾപ്പാനിന്നഭിലാഷമുണ്ടു കൃപയാ ചൊല്ലുന്നാകിൽ * സർവ്വവിജ്ഞാനരത്നാകരനായ് വിളങ്ങുന്ന ഗുർവ്വർത്ഥനിധിയാകും കൃഷ്ണദ്വൈപായനന്റെ * ഉത്തമശിഷ്യനായിപ്പഠിച്ച ഭവാനിന്നു ചിത്തത്തിലറിയാത്തൊരർത്ഥമില്ലല്ലോ പാർത്താൽ * ഞങ്ങളിൽ പ്രസന്നനായ് ഭഗവാനെന്നാകിലോ ഭംഗിയിൽ ചൊല്ലീടേണമെന്നപ്പോൾ സൂതൻ ചൊന്നാൻ * ബ്രഹ്മജ്ഞന്മാരേ! കേട്ടുകൊള്ളുവിൻ ശ്രദ്ധയോടെ ബ്രഹ്മഗീതയെച്ചൊല്ലാമായതു സർവ്വോത്തമം * പൂർവ്വകല്പത്തിൽ സർവ്വദേവന്മാർ കൂടി ശ്രദ്ധാപൂർവ്വമായ് വിചാരിച്ചു വേദാർത്ഥമനേകം നാൾ * സന്ദേഹം തീരാഞ്ഞൊരു മഹത്താം തപം ചെയ്തു വ

MADRAS

ന്ദ്ര്യനാം വിധിയോടു ചോദിപ്പാൻ നടകൊണ്ടാർ * മേരുശൃംഗത്തി ലല്ലൊ ജഗതിനാഥൻ മഹാകാരുണ്യനിധി ശ്രീമാൻ ഭക്തവത്സല ൻദേവൻ * വാഴുന്നു സൎവ്വജ്ഞനാം സൎവ്വവിൽപ്രഭു ബ്രഹ്മാകേഴുന്ന ജനങ്ങടെ സങ്കടം തീൎത്തീടുവാൻ * രമ്യമാമപ്രദേശം സൎവ്വയോഗി കളാലും സൌമ്യരാം സിദ്ധരാലും ഗന്ധൎവ്വസംഘത്താലും * യക്ഷ ന്മാരാലും നിത്യം സേവിക്കപ്പെട്ടുന്നിതു രാക്ഷസരാലും തഥാ സൎവ്വ ദാ സംസേവിതം * പലതായുള്ള രത്നശ്രേണികൾ സങ്കീൎണ്ണമായ് പല ധാതുക്കൾകൊണ്ടു ശോഭിക്കുന്നിതു നിത്യം * പലപക്ഷികൾ നാദമുണ്ടതിൽ തീൎത്ഥങ്ങളും പലതുമുണ്ടു ഗുഹാകോടികളുണ്ടു പി ന്നെ * മുകളിന്നൊഴുകീടും പ്രസ്രവണങ്ങളുണ്ടു സകലരസങ്ങളും മ ധുരാദ്യാദിഭോജ്യം * അവധി കൂടാതെകണ്ടങ്ങിനേ സദാകാലം നവ മായ് ശോഭിക്കുന്ന മേരുപൎവ്വതശൃംഗേ * ശതയോജനം ബ്രഹ്മവന മെന്നായതമായ് ശതയോജനംതന്നെ വിസ്തീൎണ്ണമായ വനം * പല ദീൎഘികാരമ്യം പക്ഷിസന്നാദരമ്യം പലതാം പശുകുലം നിറഞ്ഞുണ്ട തിൽ പിന്നെ * നീളവേ നിന്നീടുന്ന ശാഖികൾതന്റെ പുഷ്പപാ ളിയിലളിവൃന്ദം പാറന്നു നിറയുന്നു * സ്വാദുപാനീയം നല്ല ഫല ങ്ങൾ മൂലങ്ങളും മേദുരമായിച്ചേൎന്നു വീശുന്ന സുഗന്ധവും * വ്യാ പിച്ചു വരുന്നോരു മന്ദമാരുതനോടും കോപിച്ചീടാത്ത ഭാനുകിരണ ദ്യുതിയോടും * ചന്ദ്രരശ്മികൾ കൂടിച്ചേൎന്നങ്ങു വിളങ്ങുന്നിതിന്ദ്രാദി ദേവന്മാൎക്കു സന്തോഷം വളൎത്തുന്നു * സ്വൎണ്ണനിൎമ്മിതമായ പുരമു ണ്ടതിന്നുമദ്ധ്യേ വൎണ്ണമോ സൂൎയ്യതുല്യമൊമ്പതു മതിലുകൾ * എണ്ണ ത്തു ദ്വാരങ്ങളും ബലവാന്മാരങ്ങതിൽ മുമ്പരാസ്സേത്തുനിന്നു രക്ഷിക്കു ന്നവർ കോടി * ഖൾഗതോമരചാപശസ്ത്രഹസ്തന്മാരായി നിൽക്കു ന്നു സദാകാലം വീതനിദ്രരായുന്നെ * പുഷ്പസഞ്ചയകീൎണ്ണം പൂൎണ്ണ കുംഭങ്ങളാലും പുഷ്പമാലകൾകൊണ്ടും ശോഭിതം മനോഹരം * ഉജ്ജ്വ ലിച്ചീടും ദീപാവലിയാൽ ബഹുവിധമുജ്ജ്വലചിത്രഭിത്തികോടിക ളാലുംതഥാ * മുത്തുമാലകൾകൊണ്ടും ശോഭിക്കുന്നിതു പിന്നെ മുത്തു കൾ പതിച്ചുള്ള മേലാപ്പുകൊണ്ടുമേററം * ഉന്നതങ്ങളാം കൊടിമ രങ്ങളോടും പൊങ്ങി നിന്നിടും തോരണങ്ങളോടൊത്തു ശോഭിക്കു ന്നു * അപ്സരസ്സുകൾ ചെയ്യും ഗീതനൃത്തങ്ങൾകൊണ്ടുമപ്പുരമതി രമ്യം വാദ്യതാളങ്ങൾകൊണ്ടും * മൃദുമദ്ധ്യോഗ്രശബ്ദം ചേൎന്നുള്ള കാഹളങ്ങൾ മധുരധ്വനി വേദഘോഷവും സ്തുതിഘോഷം * ഇ

തിഹാസപുരാണാദികഥകൾ സൎവ്വജ്ഞരാം മതിമാന്മാരായുള്ളോർ
ഘോഷിക്കും നിനാദവും * ഇത്തരമുള്ള ഗുണമൊക്കയും ചേൎന്നുള്ളോ
രു പത്തനത്തിന്നു ചുറ്റും കിടങ്ങുണ്ടതിൽ ജലം * നിൽക്കുന്നു സ
മ്പൂൎണ്ണമായ് സജ്ജനചിത്തംപോലെ തക്കത്തിൽ പടവുകളുണ്ടതി
ന്നെല്ലാടവും * ആന തേർ കുതിരകളസംഖ്യമുണ്ടങ്ങതിലൂനം കൂടാ
തെ പല ശസ്ത്രാസ്ത്രപാണികളായ് * ഹീനത വരാതേററം ശക്തരാം
ഭടന്മാരും മാനമോടെല്ലാടവും രക്ഷിക്കുന്നിതു സദാ * ഇങ്ങിനെയു
യുള്ള പുരമുണ്ടതിൽ സുകൃതികൾ തിങ്ങിന മോദത്തോടെ ചെല്ലു
ന്നു പാപികളോ * ചെല്ലുമാറില്ല പിന്നെ ശുദ്ധമായന്തൎഭാഗേ ന
ല്ലൊരു മണ്ഡപമുണ്ടായിരം കാലുള്ളതായ് * സൎവ്വലക്ഷണപൂൎണ്ണമ
ലങ്കാരങ്ങളോടും സൎവ്വകല്പകവൃക്ഷസംവൃതമായും നല്ല * മുദ്രതോരണ
പങ്ക്തി ചേൎന്നുള്ള സ്ഥലത്തിങ്കൽ മുദ്രതല്പങ്ങളുണ്ടു രത്നമണ്ഡപത്തി
ലായ് * നാലു ദിക്കിലും സിംഹമുഖമാം മഞ്ചത്തിന്മേൽ ലീല വൂ
ണ്ടളികളും സൎവ്വതോ വിലസുന്നു * അങ്ങിനെയുള്ള രത്നമണ്ഡ
പംതന്നിൽ ബ്രഹ്മാ തിങ്ങിന മോദമോടും വൎണ്ണവിഗ്രഹയായ * വാ
ണിയാം ദേവിയോടും സൎവ്വശബ്ദാൎത്ഥഭൃതൻ വാണീടുന്നിതു ചെന്നു
കണ്ടിതു സുരന്മാരും * പല രത്നങ്ങളോടുമുജ്ജ്വലിച്ചീടുന്നോരു പ
ലതാം പ്രകാശങ്ങളുദിക്കും കിരീടവും * രത്നകുണ്ഡലങ്ങളും പ്രസ
ന്നവദനവും രത്നനിൎമ്മിതഹാരഭൂഷണങ്ങളും പിന്നെ * ഉത്തമര
ത്നങ്ങളാൽ ശോഭിക്കും തോൾവളകൾ ചിത്രമാം വൎണ്ണമുള്ള കങ്കണം
മോതിരങ്ങൾ * ഉത്തരീയവും പിന്നെ ശുഭ്രമാം പൂണുലോടുമുത്തമ
രത്നം പൂണ്ടോരുദരബന്ധത്തോടും ചന്ദനമകിലും നൽ കൎപ്പൂരമെ
ന്നിതെല്ലാം മന്ദത വന്നീടാതേയണിഞ്ഞ ശരീരവും * എന്ന
ല്ലസുഗന്ധമാൎന്നുള്ള നൽ കുസുമങ്ങളൊന്നിച്ചു രചിച്ചുള്ള മാലയാ
ലലംകൃതം * ശുഭ്രവസ്ത്രത്തെപ്പരിധാനവും ചെയ്തുകൊണ്ടു സപ്രഭമു
രുകീട്ടും സുവൎണ്ണത്തിൻ നിറത്തോടും * നിത്യമായ് പ്രകാശിക്കും ത
ന്നുടെ കാന്തികൊണ്ടു സത്യമായ് സകലവും തത്ത്വമായ് ശോഭിക്കു
ന്നു * സുരന്മാരസുരരും മുനിമാരെല്ലാവരും നിരന്നു നിന്നുകൊണ്ടു
വന്ദിക്കും പദാബ്ജവും * ഇങ്ങിനെയുള്ള ചിഹ്നമൊക്കയും ചേൎന്നു
ള്ളോരു മംഗലമൂൎത്തിയായ ദേവനെക്കണ്ടു വാനോർ * സൎവ്വകൎത്താ
വായ് സൎവ്വസാക്ഷിയായ് പ്രകൃതിക്കും സൎവ്വദാ നിയന്താവായിരി
ക്കും പുരുഷനെ * കണ്ടോരു സന്തോഷത്താൽ പ്രസന്നമുഖന്മാ

രായ് കുണ്ഠിതമെല്ലാം വിട്ടു കണ്ണുകൾ തെളിഞ്ഞിതു * ഉണ്ടായരോ
മാഞ്ചത്താൽ വിവശന്മാരായിട്ടു തൊണ്ടയും വിറച്ചുള്ള ഗൽഗദസ്വ
രത്തോടും * കണ്ടുകിട്ടിയ പൂൎണ്ണസുഖമാം സമുദ്രത്തിലാണ്ടതുനേരം
വിട്ടു മലിനാവരണവും * അന്ധകാരങ്ങൾ നീങ്ങിനമിച്ചു ധരണി
യിൽ ബന്ധവും വിട്ടു കൂപ്പിത്തൊഴുതു വിനീതരായ് * സൎവ്വലോകൎക്കും
പിതാമഹനായീശ്വരനായ് സൎവ്വമാം കൎമ്മത്തിന്നും ഫലത്തെത്തരു
ന്നോരു * സൎവ്വശനായിടുന്ന വിധിയെസ്തുതിചെയ്താർ സൎവ്വനിൎജ്ജ
രന്മാരും മൃദുപദ്യങ്ങളാലെ * ബ്രഹ്മവിജ്ഞാനമാകും പാലാഴി നി
ൎമ്മിച്ചോരു ബ്രഹ്മരൂപനാം തിരുമേനിക്കു നമസ്കാരം * ബ്രഹ്മമാം ഭ
വത്തരത്വം ചിന്തിക്കും ജനങ്ങൾക്കായ് ബ്രഹ്മജ്ഞാനത്തെ നൽകും
സൽഗുരോ! നമസ്കാരം * കഷ്ടസംസാരമാകും സാഗരത്തിങ്കൽ മു
ങ്ങി ക്ലിഷ്ടന്മാരായവൎക്കു കരയെക്കാട്ടുവോനേ! * സാക്ഷിയായ് സൎവ്വ
ഭൂതവൃന്ദത്തെസ്സദാ കാക്കും സാക്ഷ്യസംബന്ധമില്ലാത്തങ്ങേയ്ക്കു നമ
സ്കാരം * സൎവ്വധാതാവും സൎവ്വവിധാതാവായും നിന്നു സൎവ്വദ്വന്ദ്വങ്ങ
ൾ നീക്കും ഭഗവൻ നമസ്കാരം * സൎവ്വാവസ്ഥകളിലും സൎവ്വരെക്കാ
ത്തു നിൽക്കും സൎവ്വസാക്ഷിയാം ദേവദേവനു നമസ്കാരം * മായാസം
സ്പൎശമൊന്നുമില്ലാത്ത പരനാകും മായാസാക്ഷിയാം ദേവദേവനു ന
മസ്കാരം * ആത്മജ്ഞാനത്തിനായിച്ചിന്തിക്കും ശരീരികൾക്കാത്മരൂ
പനാം ദേവദേവനു നമസ്കാരം * പത്മനാഭനാം ദേവൻതന്നുടെ
പുത്രനായിപ്പത്മപുഷ്പാഭ്യൎച്ചനപ്രിയനായ് പവിത്രനായ് * പത്മഹ
സ്തനായ് സുരജ്യേഷ്ഠനായ് പൂജ്യനുമായ് പത്മബന്ധുവാം ദേവൻമു
മ്പായ ദേവന്മാൎക്കും * മൎത്ത്യൎക്കുമസുരൎക്കും പ്രീതിയോടെല്ലാനേരം തൃ
പ്തിയെക്കൊടുക്കുന്ന ദേവനു നമസ്കാരം * വിശ്വസൃഷ്ടിയെച്ചെയ്തു
വിശ്വത്തെ നയിക്കുന്ന വിശ്വരൂപനായ് വേദവേദാന്തവേദ്യനുമാ
യ് * വിധിയായ് വിധിഹീനനായിട്ടു വിളങ്ങുന്ന വിധികൎത്താവാം ദേ
വ! സതതം നമസ്കാരം * നിൎമ്മലജ്ഞാനരൂപനായിട്ടു വിധിപോലെ
കൎമ്മനിഷ്ഠയിൽ വാഴും ജനങ്ങൾക്കകക്കാമ്പിൽ * നിൎമ്മലവിദ്യ നൽ
കി ഭ്രമത്തെക്കളയുന്ന നിൎമ്മലമൂൎത്തിയായ ദേവനു നമസ്കാരം * ബു
ദ്ധിയിൽ വിഷാദിക്കും ജനത്തിൻവിഷാദമാമബ്ധിയെശ്ശോഷിപ്പി
ക്കും ദേവനു നമസ്കാരം * സ്വൎണ്ണദാനമാം പുണ്യംകൊണ്ടിങ്ങു ലഭ്യ
നാകും സ്വൎണ്ണഗൎഭനാം ദേവദേവനു നമസ്കാരം * സ്വൎണ്ണ

ത്തിൽ പ്രീതിയേററമുള്ളോരു ലോകേശ്വര! സ്വൎണ്ണപൎവ്വതശൃംഗേ വ
സിക്കും സ്വൎണ്ണമൂൎത്തേ! * ഉത്തരോത്തരം ശതഗുണിതാനന്ദനായോ
രുത്തമമായ ശൈവജ്ഞാനദേശിക! സ്വാമിൻ * ശാന്തനായ് ശമാ
ദിയോടൊത്തുള്ള ശരീരികൾ ശാന്തമാം ജ്ഞാനത്തേയും നൽകുന്ന ഗു
രുമൂൎത്തേ! * ശങ്കരഭക്തന്മാൎക്കു ശങ്കരനല്ലോ ഭവാൻ ശങ്കരജ്ഞാനഹീ
നന്മാൎക്കേറാം ശത്രുവത്രെ * സ്വയമായ് പ്രകാശിക്കും ബ്രഹ്മജ്ഞാന
ത്തെ നൽകും സ്വയമായുത്ഭവിച്ച ഭഗവന്നമസ്കാരം * ബ്രഹ്മരൂപ
നായ് സ്വതന്ത്രാത്മാവായ് പരാത്മാവായ് ബ്രഹ്മാഖ്യനായ ദേവദേ
വനു നമസ്കാരം * ദുഷ്ടൎക്കു ദുഃഖദനായന്യൎക്കു സുഖദനായ് ശിഷ്ടൎക്കു
വന്ദ്യനായി വൎദ്ധനത്തെച്ചെയ്യും * നാന്മുഖനായ ദേവ! പ്രജകൾ
ക്കെല്ലാം നാഥ! സൌമ്യരാം വിരക്തൎക്കു ജ്ഞാനദ! പിതാമഹ! *
സ്വപ്രകാശമാം ജ്ഞാനമൊന്നിനാൽ ജ്ഞാതവ്യനാം ചിൽപുമാനാ
യ പരിപൂൎണ്ണ! തേ നമസ്കാരം * ലോകത്തെസൃഷ്ടിചെയ്തു രക്ഷിച്ചു സം
ഹരിച്ചു ലോകഹീനമാം ജ്ഞാനജ്യോതിസ്സായ് വിളങ്ങീടും * ലോകസാ
ക്ഷിയായ് സൎവ്വലോകൈകനാഥനായിപ്പാകശാസനൻമുമ്പായേവ
ൎക്കും സ്തുത്യനായി * സ്തുതിഹീനനായ് സ്തോത്രരൂപനായ് സ്തുതി
കൎത്തൃമതിമാന്മാൎക്കു സൌഖ്യപ്രദനാം ഭഗവാനേ! * മതിയിൽ
കനിവോടു ഞങ്ങളിൽ കാരുണ്യമിന്നതിയായുണ്ടാകുവാൻ പി
ന്നെയും നമസ്കാരം * ഇങ്ങിനെ ബ്രഹ്മാവിനെസ്തുതിച്ചു സുരന്മാരും
തിങ്ങിനഭക്തിയോടും ചോദിച്ചു വേദാൎത്ഥത്തെ * ബ്രഹ്മദേവനുമ
വൎക്കരുളിച്ചെയ്തു സാക്ഷാൽ ബ്രഹ്മമാം വേദാൎത്ഥത്തെ ഗംഭീരവാക്യ
ത്താലെ *

ഒന്നാമദ്ധ്യായം കഴിഞ്ഞു.

## ൨-ാമദ്ധ്യായം.

ഋഗ്വേദശാഖയിലെ ഐതരേയോപ

നിഷത്തിന്റെ സാരം.

ചൊല്ലുവാനെളുതല്ല വേദാൎത്ഥം സുരന്മാരേ! വല്ലൊരു ജ്ഞാ
നിയില്ലുമൊരുജീവനാൽപോലും * എങ്കിലും ഭക്തന്മാരാം നി

ങ്ങൾക്കു ഹിതത്തിനായ് ശങ്കകൾ തീരുംവണ്ണം ചൊല്ലുവൻകേട്ടു
കൊൾവിൻ * ആത്മാവെന്നുള്ള നാമമുള്ളവൻ ശിവനേകൻ
സ്വാത്മഭിന്നമാം രണ്ടെന്നില്ലാത്ത ശുദ്ധനല്ലോ * അങ്ങിനെ
യായിരുന്നിതിക്കണ്ട ലോകമെല്ലാമിങ്ങിനെയുളവാകും മുമ്പിലാ
ത്മാവുമൊന്നേ * അന്യമായൊരു വസ്തുപോലുമില്ലപ്പോൾ പി
ന്നെ ജന്യമായുള്ള ജീവകർമ്മത്തിൻ സംസ്കാരവും * പൂർവകല്പ
ത്തിലൊന്നായ് ലയിച്ചു കിടക്കുന്ന സർവരാം ജീവങ്ങൾക്കും കാല
പാകത്തിനാലെ * ഉണർന്നു വരുന്നോരു കർമ്മത്തിൻ സംസ്കാര
ത്താലുണരും ശക്തിതൻെറ ശുദ്ധമാം സത്വാംശത്തിൽ * കല
ന്നു ബിംബിച്ചുള്ള തന്നുടെ ചൈതന്യവും കലന്നു വീക്ഷിച്ച
പ്പോൾ തങ്കലായ് കണ്ട ലോകം * സൃഷ്ടിചെയ്യേണമെന്നുറച്ചു
യുണ്ടായി ലോകം പുഷ്ടിയോടെല്ലാം തൻെറ ശക്തിയെക്കൊണ്ടു
നാഥൻ * പൂർവകല്പത്തിലുണ്ടായിരിക്കും ക്രമംപോലെ സർവ്വം
സൃഷ്ടിച്ചിതു ശങ്കരൻ സുരന്മാരേ! * ആവിധമിരിക്കുന്ന ഹരനേ
വിഷ്ണുവെന്നുമാവിധം ബ്രഹ്മാവെന്നുമിന്ദ്രാദിസുരരെന്നും * മായ
യാം പ്രധാനമാം ഗുണമാമെന്നും ചിലർ മായുന്ന ജഡംതന്നെ സ്വ
തന്ത്രമെന്നും ചിലർ * പരമാണുക്കളെന്നും ശബ്ദമാണെന്നും ചി
ലർ പെരുതാം മോഹംകൊണ്ടു ചൊല്ലുന്നു പിന്നെച്ചിലർ * ക്ഷ
ണത്തിൽ പ്രദ്ധ്വംസിയാം വിജ്ഞാനമെന്നും പിന്നെക്കണക്കില്ലവ
രുടെ ഭ്രാന്തികൾ സുരന്മാരേ! * ശൂന്യവാദികൾ ചിലർ ചൊല്ലാവ
തല്ലാത്തൊരു ശൂന്യതുല്യമാണെന്നും മതിമോഹത്തിനാലെ * ഇക്കാ
ണും പൃഥിവ്യാദിഭൂതങ്ങളെന്നും ചിലർ തർക്കിക്കുന്നിതു സർവ്വം സ്വ
ഭാവംതന്നെയെന്നും * തർക്കങ്ങളിവയെല്ലാം കഴിയുന്നേടത്തോളം
യുക്തിയും ചൊല്ലും പിന്നെയൊക്കെയും വിപരീതം * ശ്രുതികൾ സ്മൃ
തികളും ചൊല്ലുന്നോരർത്ഥത്തിനു പ്രതികൂലമാം വാദം സമസ്തം ഫ
ലശൂന്യം * അധികം പാപമുള്ളോരങ്ങിനെ വാദങ്ങളിലധികം രു
ചിക്കുന്നു സംസാരവശന്മാരായ് * അവരിൽ കാലംകൊണ്ടു പാകം
വന്നകതാരിലെവനു പവിത്രയാം ശ്രദ്ധയുണ്ടെന്നാലവൻ * കഴി
ഞ്ഞ ജന്മങ്ങളിൽ ചെയ്യോരു പുണ്യംകൊണ്ടും കിഴിഞ്ഞുപോകാ
ത്തൊരു ദേവാദിപ്രീതികൊണ്ടും * ശുചിയാം കാലംകൊണ്ടും സോ
പാനക്രമമായി ശുചിയാം വേദത്തിൻെറ മാർഗ്ഗമാമിതിനേയും * മ
തിമാൻ ലഭിക്കുന്നു പൂർവ്വസംസ്കാരം തന്നാലതിയായ് ബലാബലം

ചിന്തിച്ചു വിവശനായ് * മതിയിൽ തെളിവു വരുന്നതുമന്നേരം തന്നെ ശ്രുതിമാൎഗ്ഗത്തെക്കൊണ്ടു കൈവല്യം പ്രാപിച്ചീടും * ശ്രുതിമാൎഗ്ഗത്തെ വിട്ടു മററൊരു മാൎഗ്ഗത്തെക്കൊണ്ടതിലേ ഗമിക്കുന്ന മാനുഷൻതന്റെ കയ്യിൽ * അധികം മധുരമാം പായസമുള്ളതിനെ മതിയില്ലാതെ വിട്ടു പുറംകൈ നക്കുന്നവൻ * വേദം കൂടാതെ മുക്തി മററൊരു വഴിയുണ്ടെങ്കിൽ വാദമില്ലന്ധകാരംകൊണ്ടെല്ലാം കാണായ്വരും * അതുകൊണ്ടനാദിയാം വേദത്തിൽ ചൊല്ലുന്നൎത്ഥമതുതാൻ സത്യമെന്നു ഞാൻ ചൊല്ലുന്നതും സത്യം * മററൊരു വഴികൊണ്ടു ബോധിക്കുമൎത്ഥമൊന്നും തെററു കൂടാതെ നല്ല പരമാൎത്ഥവുമല്ല * പരമാൎത്ഥത്തെ രണ്ടു വിധമെന്നറിയേണം പരമശിവൻ തന്നേ മുഖ്യമാം പരമാൎത്ഥം * അപരം കല്പിതമായുണ്ടൊരു പരമാൎത്ഥം വിപരീതമാം മായാകല്പിതം ജഗദ്രൂപം * വ്യാവഹാരികസത്യമെന്നതും ചൊല്ലീടുന്നു വ്യാവഹാരികമൊന്നും പാരമാൎത്ഥികമല്ല* വ്യവഹാരത്തിൽ പിന്നെ പ്രാതിഭാസികസത്യം വ്യവഹാരാഖ്യംമാത്രം രജതം ശുക്തിയിങ്കൽ * അതിനാലസത്യമാം വ്യാവഹാരികമെല്ലാമതിലും പരമാൎത്ഥസത്യത്വംതന്നെ സത്യം * വേദം വിട്ടൊരു മാൎഗ്ഗമിങ്ങിനെ ചൊല്ലുന്നീല വേദമേ പരമാൎത്ഥസത്യത്തിൻപ്രമാണവും * സ്വപ്നത്തിൽ കാണുംപോലെ കാണുന്നോരൎത്ഥമെല്ലാം സത്യമായ്കരുതുന്നു മററുള്ള മാൎഗ്ഗമെല്ലാം * ജാഗ്രൽകാലത്തിലുണ്ടാം വസ്തുക്കൾക്കുപമിച്ചു ജാഗ്രതയോടു കാട്ടുന്നൎത്ഥങ്ങൾ വേദാന്തികളും * മാൎഗ്ഗമാണെന്ന ബോധമുണ്ടതുകൊണ്ടും വേദമാൎഗ്ഗമാം സച്ചിൽഫലനമെങ്ങിനെയറിഞ്ഞീടാം * അതിനാലോരോതരം മാൎഗ്ഗത്തിന്നോരോ ദൃഷ്ടിമതിയാൽ സത്യമെന്നു പല മാൎഗ്ഗവും തോന്നും * ഇതിലും മേലേ സമ്യഗ്ദൃഷ്ടിയിലവരെല്ലാം മതിയിൽ ഭ്രാന്തിമൂലം ചൊല്ലുന്നിതെന്നും വരും * സത്യമാം ചൈതന്യത്തെപ്പാൎത്തുകാണുന്നനേരം മിഥ്യയായ് വന്നുകൂടും വ്യോമാദിഭൂതങ്ങളും * ഭൂതങ്ങൾ സത്യമാകും തൽകാൎയ്യം നോക്കുന്നേരം ഭൌതികമായ കാൎയ്യം സത്യമല്ലോൎത്തുകൊൾവിൻ * മണ്ണുകൊണ്ടുള്ള പാത്രം സത്യമല്ല സത്യമാം മണ്ണല്ലോ സത്യമായിട്ടുള്ളതു പാൎത്താലതിൽ * ഭൂതകാൎയ്യമാം ശുക്തി സത്യമാണെന്നാകിലും ഭൂതവസ്തുവായ് ശുക്തിരജതം സത്യമല്ല * ഇങ്ങിനെ കാരണത്തിൽ സത്യത്വമുണ്ടാകയാലങ്ങിനെതന്നെ കാൎയ്യമായതിൽ തോന്നീടുന്നു * സ്വപ്നത്തെ

വിചാരിച്ചാൽ ജാഗരമാകും സത്യം സ്വപ്നത്തിൽ കണ്ടതെല്ലാം
മിഥ്യയാണെന്നാകിലും * ജാഗരം സത്യമെന്നു സാധിപ്പാൻ ദൃഷ്ടാ
ന്തമാം ജാഗരത്തിങ്കൽ തോന്നും മാൎഗ്ഗങ്ങളതുപോലെ * സത്യ
ചിൽഘനമാകും വേദാൎത്ഥസ്വരൂപമേ സത്യമെന്നനുഭവം വരു
വാൻ ദൃഷ്ടാന്തമാം * ഭ്രാന്തന്മാരുടെ മതമായുള്ള മാൎഗ്ഗങ്ങളും ഭ്രാ
ന്തിഹീനമാം സത്യം തെളിവാൻ ദൃഷ്ടാന്തമാം * ആയതുകൊണ്ടു
വേദം വെടിഞ്ഞ മാൎഗ്ഗങ്ങളും മായമല്ലപേക്ഷിക്കയെന്നതുവേണ്ടതാ
നും * വേദാൎത്ഥനിഷ്ഠനായാൽ പിന്നെമറെറാരുമാൎഗ്ഗമാദരിച്ചൊരി
കലും സ്വീകരിക്കയും വേണ്ട * വേദാൎത്ഥമറിഞ്ഞവൻ മറെറാരു
വഴി തൊട്ടാൽ വേദിച്ചീടേണം പ്രായശ്ചിത്തിയാമവനെന്നും *
അങ്ങിനെയുള്ളവരോടൊരു പന്തിയിൽ കൂടിയെങ്ങുമേ സഹഭു
ക്തി ചെയ്യുവൻ ചാന്ദ്രായണം * ആചരിക്കേണമെന്നല്ലിജ്യാദാ
നാദികൎമ്മമാചരിക്കരുതവർ കൂടിയങ്ങൊരുകൃത്യം * ഈവിധമറി
യാതെ ചെയ്യുവൻ ചാന്ദ്രായണമാവിധം തന്നെ മൂന്നുവട്ടമായ്
ചെയ്യീടേണം * വേദാൎത്ഥനിഷ്ഠൻ ധൎമ്മാധൎമ്മങ്ങൾക്കുള്ള ഫലം
ചേതസി ഗ്രഹിക്കുതെന്നുമാത്രമേയല്ല * മോഹത്താലറിയാതെ
യൊരുനേരത്തിൽപോലും മോഹിതന്മാരോടുള്ള സംബന്ധം നല്ല
തല്ല * മാഹാത്മ്യമുള്ള ദിവ്യശ്രേയസ്സു വേണമെങ്കിൽ മോഹത്തെ
ക്കൈവെടിഞ്ഞു വൈദികനായീടേണം * വേദത്തിൽ ചൊല്ലാ
ത്തൊരു മാൎഗ്ഗത്തിൽ സംസ്കൃതന്മാർ വേദബാഹ്യരാമവർകൂട്ടമേ പാ
ഷണ്ഡമാം * അവരായ് സഹവാസം ചെയ്യുന്ന ജനങ്ങളും വിവ
ദിച്ചീടും കൂട്ടമൊക്കയും പാഷണ്ഡമാം * കലിയിൽ പാഷണ്ഡരാ
മധികജനങ്ങളും മലിനമനസ്സരായ് വേദവൎജ്ജിതരായും * ശി
വനെപ്പൂജിക്കയില്ലാരണമന്ത്രംകൊണ്ടു സ്തവനംചെയ്യെന്നതും നാ
സ്തിയാം ക്രമത്താലെ * വേദസിദ്ധനായ് ചന്ദ്രകലയെധരിക്കു
ന്ന വേദവേദ്യനാം സാംബമൂൎത്തിയെപ്പൂജിക്കില്ല * പാഷണ്ഡ
ന്മാരാമവർ മൂഢരായ്തീൎന്നു വേദദൂഷകന്മാരായ് ഭസ്മധാരണം
ചെയ്കയില്ല * രുദ്രാക്ഷം ധരിക്കയില്ലാഗമം ചൊല്ലുംവണ്ണം ഭ
ദ്രമായുള്ളതിങ്കൽ ഭക്തിയുമില്ലാതാകും * നിത്യമായ് ശിവലിം
ഗം പൂജിക്കയില്ല തന്റെ നിത്യമാം കൎമ്മം ദേവകാൎയ്യവും പിതൃ
കാൎയ്യം * ഇത്തരമുള്ളതൊന്നും ചെയ്കയില്ലതുമല്ല ശുദ്ധമാമൌ
പാസനം പഞ്ചയജ്ഞവും തഥാ * അതിഥിക്കുള്ള പൂജാ വൈ

ശ്വദേവവും പിന്നെ മതികേടുള്ള പാഷണ്ഡികളാമവൎക്കില്ല * വേദമാൎഗ്ഗത്തെ വിട്ടു കേവലം താന്ത്രികമായ് പാദപൂജയെച്ചെയ്യും വിഷ്ണുദേവനുമാത്രം * നിന്ദിക്കും ശങ്കരനെ മോഹത്താൽ പാഷണ്ഡികളൊന്നിച്ചു തമ്മിൽതമ്മിലീശ്വരനിന്ദ ചെയ്യും * ബ്രഹ്മാവും കേശവനും രുദ്രനും ഭേദമുണ്ടെന്നമ്മഹാദേവൻതന്റെ മായയാൽ മോഹിച്ചവർ * ഏകമായ് കാണുന്നോരുമറിയുന്നോരുമല്ല പാകമില്ലകതാരിലായവർ പാഷണ്ഡരാം * അഭ്യംഗമില്ലാതെയും കാൽ കഴുകിക്കാതേയുമപ്പോലെ ദക്ഷിണയും കൂടാതെ ശ്രാദ്ധകൎമ്മം * അഗ്നി കൂടാതെതന്നെ ചെയ്തീടും പാഷണ്ഡികൾ നഗ്നന്മാരവരുടെ കൂട്ടക്കാരെന്നേ വേണ്ടു * ശുദ്ധമാമേകാദശിയഷ്ടമീ ചതുൎദ്ദശിയിത്തരം തിഥികളിലുപവാസവുമില്ല * ശ്രീരുദ്രം ചമകവും പൌരുഷസൂക്തമെന്നും സാരമാം മന്ത്രപൂൎവ്വം ശിവലിംഗാഭിഷേകം * പാഷണ്ഡരായ ജനം ചെയ്കയില്ലവർ ശിവൻ വാഴുന്ന മഹാക്ഷേത്രം ഭക്തിയോടീക്ഷിക്കില്ല * ദക്ഷിണകൈലാസവും ശ്രദ്ധയാ കാണില്ലവർ ദക്ഷിണഭാവം മാത്രമുണ്ടവൎക്കതിമാത്രം * ഭുക്തിമുക്തികൾ നൽകും ശ്രീവ്യാഘ്രപുരത്തിങ്കൽ ഭക്തിയോടേകാഗ്രമായ് വത്സരം ഭജിക്കില്ല * പിന്നെയുമുള്ള ശൈവസ്ഥാനങ്ങളേതെങ്കിലും ചെന്നുടൻ കാണ്കയില്ല ഭജനംചെയ്കയില്ല * നിത്യമായ് മഹാവാക്യമൎത്ഥനിൎണ്ണയത്തോടും ശുദ്ധമായാചാൎയ്യങ്കൽനിന്നവർ ശ്രവിക്കില്ല * പരമഹംസാഖ്യമാകും സന്ന്യാസം സ്വീകരിക്കില്ലുരുമോഹത്താൽ ദ്വേഷം ചെയ്തീടും സന്ന്യാസിയെ * അന്യമായുള്ള വേദകൎമ്മവും ചെയ്യില്ലവർ പിന്നെയും സ്മാൎത്തകൎമ്മമായതുമവൎക്കില്ല * നെററിയിലൂൎദ്ധ്വപുണ്ഡ്രം വൎത്തുളമൎദ്ധചന്ദ്രം മുറമില്ലവൎക്കേതും ശുദ്ധിയില്ലൊട്ടുമോൎത്താൽ * ശംഖുചക്രങ്ങൾ ഗദാവജ്രങ്ങളിത്യാദിയാമങ്കങ്ങൾ ശരീരത്തിലായവർ ധരിച്ചീടും * പേരുകൾ തൻ ദേഹത്തിലെഴുതും പച്ചകുത്തുമോരോരോ തരത്തിലായങ്കങ്ങൾ ധരിച്ചീടും * ആകാരമാത്രംകൊണ്ടു മനുഷ്യൻ പിന്നെയെല്ലാമാകാത്ത ചിഹ്നങ്ങളാമവൎക്കുള്ളതെല്ലാം * എന്തിനു വളരെ ഞാൻ ചൊല്ലുന്നു ദേവന്മാരേ! സന്തതം വേദമാൎഗ്ഗം ഭേദിപ്പാനുള്ള കൎമ്മം * ശ്രദ്ധയാ ചെയ്തീടുവാൻ സാമൎത്ഥ്യം പാഷണ്ഡൎക്കാം ബുദ്ധിയില്ലവൎക്കെന്നേ ചൊല്ലാവൂ നിരൂപിച്ചാൽ * ധീരന്മാരായുള്ളവർ ശിഷ്ടരായ് മഹേശന്റെ പാരമില്ലാതെയുള്ള കാരുണ്യം ലഭി

ച്ചവർ * വേദോക്തമായവണ്ണം ചെയ്യീടും സകലവും വാദരുമില്ല ഭുക്തിമുക്തികൾ കൈവന്നീടും *

രണ്ടാമദ്ധ്യായം കഴിഞ്ഞു.

## ൩-ാമദ്ധ്യായം.

സൎവ്വത്തിന്നാത്മാവായിശ്ശങ്കരനെന്നു പേരായ് സൎവ്വസാക്ഷിയായ്ത്തന്നെ സ്ഥിതനാം മഹാദേവൻ * സാക്ഷിതാൻ കൂടാതെകണ്ടെങ്ങിനെ ശോഭിക്കുന്നു സാക്ഷ്യമാമീലോകവും ചിന്തിപ്പിൻ സുരന്മാരേ! * ഇക്കാണും ചരാചരസഞ്ചയം സ്വതേതന്നെ ചൊൽകൊണ്ടു ശോഭിക്കുമാറില്ലല്ലോ നിരൂപിച്ചാൽ * ജഡമാണെന്നാകിലും ചൈതന്യഭാനംകൊണ്ടു ജഡമാകാതെ ലോകമൊക്കയും ശോഭിക്കുന്നു * ഉണ്ടെന്നുതോന്നും ഭാനം വിജ്ഞാനംതന്നിൽ നിന്നിട്ടുണ്ടായതെന്നു ചിലർ ചൊല്ലുന്നതയുക്തമാം * ഉണ്ടായതെല്ലാം ജഡമെന്നുണ്ടു വിനിൎണ്ണയമുണ്ടായതല്ല ഭാനം ചൈതന്യമായതല്ലോ * വിജ്ഞാനം ഭാനത്തിനു കാരണമാകുന്നില്ല വിജ്ഞാനം ഭാനമായിത്തീരുകയെന്നുമില്ല * വിക്രിയയില്ല തെല്ലും ജ്ഞാനത്തിലറിയേണം വിക്രിയയെന്നാൽ ക്ഷീരം തൈരാകുംകണക്കല്ലൊ * ജ്ഞാനംകൊണ്ടുണ്ടായതാണെന്നുള്ള പക്ഷത്തിലുമൂനമുണ്ടവരുടെ വാക്കിനു വിബുധരേ! * ജ്ഞാനമെന്നതു ഗുണമെന്നവർ ചൊല്ലും പിന്നേ ഭാനമാം ദ്രവ്യമൊരു ഗുണംകൊണ്ടുണ്ടാകുമോ * ശോഭിക്കും ഭാനദ്രവ്യമായതിന്നംഗമായി ക്ഷോഭിക്കാ വിജ്ഞാനമൊന്നെങ്ങിനെയാരംഭിക്കും * അസത്താം ഭാനത്തിനുമാരംഭമാകുന്നതല്ല സത്താം വന്ധ്യാപുത്രന്നംഗമാകുമോ ജ്ഞാനം * പൂൎവ്വമില്ലെന്നതായ ഭാനത്തിന്നാരംഭമായ് പൂൎവ്വമുള്ളതാം ജ്ഞാനമെന്നുള്ള പക്ഷത്തിലും * അസത്തായുള്ളതിന്നു പൂൎവ്വാദിവിശേഷമില്ല സത്യത്തിനു പിന്നെ വെറുതേ വിശേഷണം * ആകയാൽ ഭാനവസ്തു മറ്റൊന്നിൽനിന്നു ജന്യമാകുവാൻ പാടില്ലെന്നു ചൊന്നതിൻ താല്പൎയ്യാൎത്ഥം * ജ്ഞാനവും ജന്യമല്ല വിബുധന്മാരേ! കേൾപ്പിൻ ജ്ഞാനത്തിൽ ജന്യത്വമോ ഭ്രാന്തിയാൽ തോന്നുന്നതാം * ഭാനവും ജന്യമല്ല നിത്യമാണല്ലോ ഭാനം ഭാനവും ജ്ഞാനവുമെന്നിങ്ങിനെ വേ

റെയില്ല * നിത്യമാം ജഗത്തിൻെറ ഭാസകമായ ഭാനം സത്യമായ് സൎവ്വാത്മാവായുള്ളോരു സാക്ഷിയല്ലൊ* അങ്ങിനെയുള്ളതിങ്കലജ്ഞാനം സ്വകല്പിതമിങ്ങിനെ സംബന്ധിച്ചു ജഗത്തായ് ശോഭിക്കുന്നു * അജ്ഞാനജന്യമാകും ചിത്തവും രാഗദ്വേഷസംജ്ഞങ്ങളായവയും ജ്ഞാനസംസ്പൎശംകൊണ്ടെ * വ്യക്തമായ് ശോഭിക്കുന്നു ശോഭയില്ലല്ലോ സ്വതേ വ്യക്തമാകുന്നതെല്ലാം ജ്ഞാനത്താലെന്നറിവിൻ * പ്രാണനും കരണങ്ങൾ ദേഹവും ചിത്തവൃത്തി ജ്ഞാനത്തോടുള്ള ബന്ധംകൊണ്ടല്ലോ ശോഭിക്കുന്നു * എങ്ങിനെയന്തൎഭാഗം ജ്ഞാനമായ് ശോഭിക്കുന്നിതങ്ങിനെതന്നേ ബഹിൎഭാഗവും ശോഭിക്കുന്നു * അനുമാനാദിവൃത്തിജ്ഞാനഭേദങ്ങളിലുമനുകൂലമായുള്ള ചൈതന്യപ്രകാശത്താൽ * സൎവ്വാൎത്ഥങ്ങളും നല്ല വെളിവായ് ശോഭിക്കുന്നു. സൎവ്വാൎത്ഥപ്രകാശകനായതു ശങ്കരൻതാൻ * അതിനാലെല്ലാവരും ചൈതന്യംകൊണ്ടുതന്നേ സതതം രൂപങ്ങളെക്കാണുന്നു, ശബ്ദങ്ങളെ * ശ്രവണം ചെയ്തീടുന്നു, ഗന്ധങ്ങളറിയുന്നു വിവരിച്ചുള്ള വാക്കും ചൊല്ലുന്നു രുചിക്കുന്നു * ശങ്കരനാമമായ വിജ്ഞാനസ്വരൂപത്തെശ്ശങ്കതീൎന്നറിവാനായ് ചൊല്ലുന്നു ശബ്ദഭേദം * ഹൃദയം മനസ്സെന്നും സംജ്ഞാനമെന്നും പിന്നെപ്പതറാതുള്ളോരാജ്ഞാശക്തിയാണെന്നും ചിലർ * വിജ്ഞാനം പ്രജ്ഞാനവും മേധയും ദൃഷ്ടിയെന്നും പ്രാജ്ഞരാം ബുധന്മാരും ചൊല്ലുന്നു വിബുധരേ!* ധൃതിയും മതിയെന്നും പ്രജ്ഞയും മനീഷയുമതിയാം ജൂതിയെന്നും സ്മൃതിയും സങ്കല്പവും * ക്രതുവും കാമനെന്നും വശമാണെന്നും ചില മതിമാന്മാരായുള്ള വിദ്വാന്മാർ ചൊല്ലീടുന്നു * പ്രജ്ഞാനസ്വരൂപനാം ശിവനെബ്ബുദ്ധിയിങ്കലജ്ഞാനം തീൎത്തറിവാനിങ്ങിനെ ചൊല്ലുന്നതും * ബ്രഹ്മാവായതുമിന്ദ്രനായതും പ്രജകൾക്ക സമ്മതനായുള്ളോരു പതിയും പ്രജകളും * ദേവന്മാർ ഭൂവനവും ഭൂതങ്ങളശേഷവുമാവിധമണ്ഡജാദി ഭേദങ്ങളായുള്ളതും * അശ്വങ്ങൾ പശുക്കളും മൎത്ത്യന്മാർ ഗജങ്ങളും വിശ്വമാം ചരാചരമൊക്കയും കിഞ്ചിച്ശേഷം * അല്പമെങ്കിലുമുണ്ടെന്നുള്ളതു സമസ്തവും ചിൽപ്പുമാനായ ശംഭു താൻതന്നേ സുരന്മാരേ! * പരമപ്രതിഷ്ഠയായചില പ്രാണികൾക്കും പരമേശ്വരനായ ശംഭുതൻ പ്രജ്ഞയല്ലോ * പ്രജ്ഞാനമാകും ബ്രഹ്മമെന്നതുതന്നെ തൻെറ പ്രജ്ഞയിൽ ശിവൻ രുദ്രനിങ്ങിനെ സംജ്ഞാഭേദം * ഇങ്ങിനെയുള്ള രൂപമറിഞ്ഞീടുന്ന മൎത്ത്യനങ്ങിനേയമൃതനായ് ഭവിക്കും സുര

ന്മാരേ! * യാഗാദികൎമ്മംകൊണ്ടും പുത്രസന്തതികൊണ്ടും യോഗമാ
യ്ഭവിക്കുന്ന വല്ല സാധനംകൊണ്ടും * സാദ്ധ്യമല്ലമൃതത്വംജ്ഞാന
മാമൊന്നുകൊണ്ടേ സാദ്ധ്യമാവുകയുള്ളു കൈവല്യമെന്നപദം * ബ്ര
ഹ്മാത്മജ്ഞാനമുണ്ടാമപ്പോഴേ ബ്രഹ്മത്തിങ്കൽ കന്മഷഹീനനായി
ട്ടൊന്നായിത്തീൎന്നീടുന്നു * ഇതിനുംസംശയമില്ലെന്നു മൂന്നുരു ചൊ
ല്ലാം മതിയിൽതെളിവുള്ളോരമൎത്ത്യന്മാരേ! കേൾപ്പിൻ *

### യജുൎവ്വേദശാഖയിലെ തൈത്തിരീയോ പനിഷത്തിന്റെ സാരം.

സത്യമായ്ജ്ഞാനമായി സുഖമായഭിന്നമായ് നിത്യമായുള്ള
വസ്തു ബ്രഹ്മമെന്നറിയേണം * മായയാമജ്ഞാനമാം ഗുഹയാമേ
വം ചൊല്ലുമായാസമുള്ളതായ സംസാരത്തിനു നാമം * ഏവ
മുള്ളോരു ഗുഹയ്ക്കുള്ളിലങ്ങൊളിഞ്ഞുള്ള കേവലബ്രഹ്മന്തന്നേ പര
മവ്യോമത്തിലായ് * കാണുന്ന പുമാൻ സൎവ്വകാമവും ലഭിച്ചീടും
വീണപേക്ഷിച്ചു ധൎമ്മാദികളെക്കൊണ്ടു വേണ്ട * വിദിത ബ്രഹ്മ
രൂപനായവൻ ജീവന്മുക്തൻ ശ്രുതി ചൊല്ലുന്നു നിസ്സംശയമായ
റിയേണം * പ്രത്യഗാത്മാവാം ബ്രഹ്മരൂപത്തെയാച്ഛാദിക്കും പ്ര
ത്യഗജ്ഞാനത്തിന്നുമന്തഃകരണത്തിന്നും * നിത്യവും സുഷുപ്തി
ക്കു നിലയായുള്ള മായാശക്തിക്കും സാക്ഷിയാകുമേകമാം ബ്രഹ്മ
ത്തെത്താൻ * കണ്ടറിയുന്നോൻ ബ്രഹ്മജ്ഞാനികൾക്കാദ്യൻത
ന്നേ കണ്ടുകൊണ്ടീടാൻ വേദമാതാവിൻ കൃപ വേണം * ബ്രഹ്മ
രൂപത്തിൽ കലൎന്നിരിക്കും മായയ്ക്കുള്ളിൽ ബ്രഹ്മരൂപമേ പഞ്ചീക
രിക്കാത്താകാശമായ് * രജ്ജുവിൽ സൎപ്പംപോലെ ബ്രഹ്മത്തി
ലാകാശമായ് സജ്ജിതസ്സ്വശ്ദ്വാരാ വായുവും വായുവിങ്കൽ * അ
ഗ്നിയുമതിൽനിന്നു ജലവും ജലത്തിൽനിന്നുൽഗമിച്ചിതു ഭൂമിയി
ങ്ങിനെ സൂക്ഷ്മഭൂതം * ഭൂതങ്ങളെല്ലാം പഞ്ചീകൃതമായ് സ്ഥൂലമാ
യും ഭൂതേശൻനിയോഗത്താലുണ്ടായിവന്നു പിന്നേ * അങ്ങിനെ
യുള്ള ശിവൻതന്നുടെ നിയോഗത്താലിങ്ങിനെ ബ്രഹ്മാണ്ഡമായ്
ഭുവനങ്ങളുമായി * സൃഷ്ടിചെയ്യുതു ഞാനുമിക്കാണും ബ്രഹ്മാണ്ഡ
ത്തിൽപെട്ടതായുള്ളിലുള്ളതെല്ലാം ഞാൻ സൃഷ്ടിച്ചതാം * ദേവ
ന്മാർ മനുഷ്യരും പശുക്കൾമുതലായ ജീവങ്ങൾക്കുള്ള കൎമ്മഭേദ
ത്താൽ സൃഷ്ടിഭേദം * അസ്ഥിസ്നായ്വാദികൊണ്ടു നിൎമ്മിച്ച ശരീ
രത്തിൽ സുസ്ഥിതനാകും പ്രാണമയനെന്നാന്തരൻതാൻ * ആത്മാ

വുണ്ടതിനുള്ളിലതിലും സൂക്ഷ്മമായിട്ടാത്മാവാം മനോമയമതിലും സൂക്ഷ്മരൂപം * ആത്മാവായിരിക്കുന്നു വിജ്ഞാനമയനെന്നുമാത്മാവായതിനുള്ളിലാനന്ദമയമെന്നും * പൂൎണ്ണമാമന്നമയം പ്രാണനാൽ പ്രാണമയം പൂൎണ്ണമാകുന്നു മനോമയത്താൽ മനോമയം * വിജ്ഞാനമയ പൂൎണ്ണം വിജ്ഞാനമയം പിന്നേ നിൎജ്ജരന്മാരേ! പൂൎണ്ണമാകുന്നിതാനന്ദത്താൽ * ആനന്ദമായപൂൎണ്ണം സാക്ഷിയാം ബ്രഹ്മത്തിങ്കലാനന്ത്യമവിടെയാമതിന്നും മേലെയില്ല * അതിനെ ബ്രഹ്മപുച്ഛമെന്നു ചൊല്ലുന്നു വേദം സതതം രസമാകുമാനന്ദമനുഭവം * ഇതരപ്രമാണത്താലാവതല്ലോരിക്കലും മതമായ് രസമെന്നാലാനന്ദം ലഭിച്ചീടാം * ജ്ഞാനമാം രസത്തിനെയാസ്വാദിച്ചുള്ള ജീവനാനന്ദിയായിത്തീരുമല്ലാതാനന്ദമില്ല * ആനന്ദമാകുമാത്മാവില്ലെന്നാലൊരുവനും ജ്ഞാനവും ജീവിതവും ചേഷ്ടയുമൊന്നുമില്ല * ആയതുകൊണ്ടു സൎവ്വപ്രാണികൾക്കും ചിത്തപ്രിയമായുള്ള രസരൂപനായതു ഹരൻതന്നെ * ദുഃഖിക്കും ജീവങ്ങളെ സ്വാനന്ദലേശംകൊണ്ടു ദുഃഖത്തെക്കളഞ്ഞുള്ളിലാനന്ദമുണ്ടാക്കുന്നു * ഇത്രയും കൃപകൊണ്ടു ചെയ്യുന്ന ശങ്കരങ്കലുത്തമഭക്തികൊണ്ടു നിൎഭേദമേകം തത്ത്വം * സിദ്ധിക്കുംനേരംതന്നെ നിൎഭയം ഭവിച്ചീടുമത്യന്തം കല്യാണമാം പരമാമൃതരൂപം * പരമാം ബ്രഹ്മപദം പ്രാപിക്കും സ്വാത്മരൂപം പരനെന്നുള്ള ഭേദം തോന്നുമ്പോൾ ഭയമുണ്ടാം * അറിയാതിരിക്കയാലാത്മഭൂതമാം ബ്രഹ്മമറിയാത്തവർപോലെ മൌനമാൎന്നിരിക്കുന്നു * പരമാം സമ്യഗ്ജ്ഞാനനിഷ്ഠന്മാരായവൎക്കുപരമം പദമെന്ന കേവലമായ പദം* സ്വാത്മാവായ് പ്രകാശിക്കുമെന്നതും ശങ്കരന്റെ സ്വാതന്ത്ര്യമാം കൃപകൊണ്ടുതന്നെയെന്നറിയേണം * വേദങ്ങൾ വേദാംഗങ്ങളൊക്കെയും പഠിച്ചാലും വാദത്തേവെടിഞ്ഞിട്ടു മനനംചെയ്യാത്തവൻ * അഭയം പ്രാപിക്കയില്ലവനു ഭയമുണ്ടാമഭയഭ്രാന്തി പോകാ മനനം ചെയ്യീടാഞ്ഞാൽ * അഭയസ്വരൂപനാം ശങ്കരൻതങ്കൽനിന്നു സഭയന്മാരായല്ലോ സൎവ്വരും ചേഷ്ടിക്കുന്നു * പ്രഭുതൻഭയംകൊണ്ടു വായുതാൻ വീശീടുന്നു പ്രഭുതൻഭയംകൊണ്ടിങ്ങാദിത്യനുദിക്കുന്നു * പ്രഭുതൻഭയംകൊണ്ടു വഹ്നിയും ജ്വലിക്കുന്നു പ്രഭുതൻഭയംകൊണ്ടു മൃത്യു സംഹരിക്കുന്നു * വിഷ്ണുബ്രഹ്മാദിദേവസംഘവും മറകളെല്ലാരും കൃൽസ്നമാമാനന്ദത്തിന്നംശലേശത്താൽതന്നെ * പ്രത്യേകം താരതമ്യംപോലെയാനന്ദികളാം തത്തദ്ദേ

ശാസ്ത്രമെല്ലാം വെടിയും ശ്രോത്രിയനു * സിദ്ധിക്കും സ്വരൂപ
മാമാനന്ദം സ്വയംതന്നെ ശുദ്ധിയുള്ളോരു ചിത്തം പ്രാപിക്കും
ബ്രഹ്മാനന്ദം * അങ്ങിനെയുള്ള ശിവൻതന്നെയാണാദിത്യനി
ലിങ്ങിനെയുള്ള ജീവസംഘത്തിൻ ചിത്തത്തിലും * സാക്ഷിയായി
സ്വയം സിദ്ധനായല്ലോ വസിക്കുന്നു സാക്ഷ്യമാം ദേഹാദിയെമാ
യാന്തം വിവേകത്താൽ * നീക്കി നോക്കുമ്പോൾ സർവ്വസാക്ഷി
യായി കാണുന്നോരു നീക്കമില്ലാത്ത തത്ത്വം കണ്ടവൻ കാണുന്ന
വൻ * രുദ്രനാരായണാദിയായിട്ടു സ്തംബംവരേ ചിദ്രസം കൊ
ണ്ടു ശോഭിച്ചിരിക്കും ജീവങ്ങളെ * നിദ്രയിൽക്കൂടിക്കാത്തങ്ങി
രിക്കും സാക്ഷിതന്നെ ഭദ്രമാം ഹൃദയത്തിൽ കണ്ടവൻ കാണുന്ന
വൻ * യാതൊരുത്തനു തൽപ്രമാണജ്ഞാനംകൊണ്ടു ചേതസി
വിവേകമാം വിജ്ഞാനമുണ്ടാകുന്നു * ആയവനന്നാദിയാം പഞ്ച
കോശത്തെക്കടന്നായതമായ ശംഭുകൃപയാലൊന്നിനാലെ * സ്വാ
ത്മരൂപത്തെച്ചോദിയാതറിയും നിസ്സംശയമാത്മജ്ഞാനത്തിനല്ലോ സ
കലപ്രമാണവും * സർവ്വാർത്ഥപ്രകാശകമായുള്ള വേദത്തിങ്കൽ സ
ർവ്വഥാ ചൊല്ലുന്നോരു സാരാർത്ഥവാക്യങ്ങളും * ആത്മവസ്തുവെ
ച്ചൊൽവാനരുതാഞ്ഞാവസ്തുവിലാത്മശക്തിയാലെത്താതിവിടെ
ത്തന്നെ നിൽപ്പൂ * ശിവനാമാത്മാവിങ്കലില്ലൊരു വിശേഷവും
ദിവിജന്മാരേ! ശബ്ദമെങ്ങിനേ പ്രവർത്തിക്കും * സവിശേഷാ
ർത്ഥത്തിങ്കലുള്ളോരു വിശേഷത്തെയവലംബിച്ചുകൊണ്ടു പ്രവർത്തി
ക്കുന്നു ശബ്ദം * നിർവ്വിശേഷാർത്ഥമായ ശിവനെച്ചൊല്ലീടുവാൻ
സർവ്വശബ്ദങ്ങൾകൊണ്ടും ശക്യമല്ലറിഞ്ഞാലും * സർവ്വവും ഗ്രഹി
ക്കുന്ന സൂക്ഷ്മമാം മനസ്സിനും ശർവ്വങ്കലെത്തിടുവാൻ ശക്യമല്ലൊരി
ക്കലും * സർവ്വമാം ജ്ഞാനകർമ്മേന്ദ്രിയങ്ങളെന്നവയും സർവ്വജ്ഞ
നാകും ദേവൻതങ്കലെത്താതെതന്നെ * ദൂരത്തുതന്നെ നിരപ്പൂ
വിബുധന്മാരേ! കേൾപ്പിൻ നേരായ സച്ചിൽഘനവസ്തുവാം പര
ബ്രഹ്മം * ആനന്ദമദ്വന്ദ്വമാം നിർഗ്ഗുണമാകുമാത്മാഞ്ഞാനിതെ
ന്നറിഞ്ഞോർക്കു ഭയമില്ലൊരിക്കലും * സൽഗുരു ചൊല്ലും വാ
ക്യംകൊണ്ടേവമറിഞ്ഞവൻ ദുഃഖിക്കയില്ല ധർമ്മാധർമ്മകർമ്മങ്ങൾ
കൊണ്ടും * ദുഃഖിക്കുന്നതും ദുഃഖമെന്നതും സുഖമെന്നുമൊക്കെ
യും പ്രത്യഗാത്മാവെന്നൊരു ദൃഷ്ടികൊണ്ടു * കർത്താവും കരണ
വും കാര്യവും കർമ്മം ഹേതുകർത്താവും സർവ്വമാത്മാവായിത്തന്നെ
ശോഭിച്ചീടും * ശങ്കരപ്രസാദത്താലെന്തെല്ലാം സാധിച്ചീടാം ശ

ക്കയില്ലല്ലോ സവ്വം സാദ്ധ്യമെന്നറിയേണം * പ്രമാണം പ്രമിതി
യും പ്രമേയം പ്രമാതാവുമമേയസ്വരൂപമാം സവ്വവുമാത്മാവേക
ൻ * നിയോജ്യം നിയോക്താവുമതിനു നിയോഗവും നിയോഗം
ചെയ്യീടുവാനുള്ള സാധനങ്ങളും * ഭോഗവും ഭോജയിതാ ഭോ
ക്താവും ഭോജ്യങ്ങളും ഭോഗത്തിനുള്ളോരുപകരണങ്ങളുമെല്ലാം *
ഗ്രാഹകം ഗ്രഹണവും ഗ്രാഹ്യവും സവ്വാത്ഥത്തിൻ ഗ്രാഹകമാകും
സവ്വം സ്വാത്മാവെന്നൊരു ജ്ഞാനം * ജ്ഞാനവുമജ്ഞാനവും
സംശയജ്ഞാനം ഭ്രാന്തിജ്ഞാനവുമെന്നിതെല്ലാം ശങ്കരപ്രസാദ
ത്താൽ * ആനന്ദരൂപമാകുമാത്മാവായ് പ്രകാശിക്കുമാനന്ദ
പ്രസാദത്താലല്ലയോ സിദ്ധിക്കുന്നു * ഘടവും പടം കുഡ്യമി
ത്യാദിജ്ഞാനങ്ങളും ഖടവും പടം കുഡ്യം കുസൂലം പാത്രങ്ങ
ളും * പാതാളം സത്യലോകമിത്യാദിലോകം മഹൽഭൂതമാം ബ്ര
ഹ്മാണ്ഡവുമതിലുള്ളണ്ഡരാശി * വ്രാതവും സമുദ്രവും നദികൾ
നദങ്ങളും സ്രോതസ്സും തടാകവുമല്പമാം ജലാശയം * മേരുമന്ദ
രപൂവ്വപവ്വതങ്ങളുമെല്ലാമാരണ്യഭേദങ്ങളുമരണ്യപ്രദേശവും * വൃക്ഷ
ങ്ങൾ വിവിധങ്ങൾ തൃണങ്ങൾ ഗുൽമങ്ങളും പക്ഷികൾ പലജാതി
പതംഗം പുഴുക്കളും * ആകാശാദികളായ ഭൂതങ്ങൾ ശബ്ദാദികളാ
കിയതന്മാത്രങ്ങൾ സവ്വഭൌതികങ്ങളും * പശുക്കൾ മൃഗങ്ങളും
പന്നഗങ്ങളും പാപവശത്തിൽപ്പെട്ടതായുള്ളസംഖ്യം ജന്തുക്കളും *
മത്ത്യരും ഗജങ്ങളുമശ്വങ്ങളൊട്ടകങ്ങളത്യന്തം ക്രൂരങ്ങളാം മററു
ള്ള മൃഗങ്ങളും * യക്ഷരും ഗന്ധവ്വരും സിദ്ധകിന്നരന്മാരും രാ
ക്ഷസർ ദേവന്മാരും കമ്മദേവതമുള്ളോർ * ദേവരാജനും പി
ന്നെ വിരാട്ടും സ്വരാട്ടെന്നുമീവകഭേദങ്ങളും ഞാനുമെൻ വിഭൂതി
യും * മതുഭക്തന്മാരും വിഷ്ണു വിഷ്ണുവിൻവിഭൂതിയും തതുഭക്തന്മാ
രും രുദ്രൻ രുദ്രന്റെ വിഭൂതിയും * രുദ്രഭക്തരുമീശൻ തന്നു
ടെ വിഭൂതിയും ഭദ്രതയുള്ള ഭക്തന്മാരുമങ്ങിനെതന്നെ * ശിവ
നാം സദാശിവൻതന്നുടെ വിഭൂതിയുള്ളവരും തതുഭക്തരും ദിക്കു
കൾ വിദിക്കുകൾ * മേഘങ്ങൾ നക്ഷത്രങ്ങളിത്യാദി സമസ്തവും
മോഘമാകാതെ കേട്ടുകൊള്ളുവിൻ സുരന്മാരേ * വാസുദേവനും
സങ്കഷ്ണനും പ്രദ്യുമ്നനുമാസുരന്മാരാലനിരുദ്ധനാമനിരുദ്ധൻ *
മത്സ്യവും വരാഹവും കൂമ്മവും നൃസിംഹവും ചിൽസുഖസ്വരൂ
പനാം വാമനമൂത്തിതാനും * തതുഭക്തന്മാരും പിന്നെ വണ്ണ
ങ്ങളാശ്രമങ്ങളുൽഭൂതമായിട്ടുള്ള പലതാം സങ്കരങ്ങൾ * അ

നിഷിദ്ധം നിഷിദ്ധം വിധിയും നിഷേധവുമനിത്യം നിത്യവുമെ.
ന്നൊക്കയും ശങ്കരൻെറ * പരമപ്രസാദമിങ്ങുണ്ടാകിലഖിലവും
പരമബ്രഹ്മമാകുമാത്മാവായ് പ്രകാശിക്കും * അതുപോൽ ശ
രീരവുമിന്ദ്രിയം പ്രാണൻ മനോ മതിയുമഹംകാരം കാമക്രോധാ
ദിയെല്ലാം * മോദവും ശാന്ത്യാദിയും ജീവനും പരനുമായ് ഭേ
ദവും ഭേദകവും ജഡത്തിൻശക്തികളും * ചൈതന്യശക്തികളും
തച്ഛക്തിഭേദങ്ങളും കൈതവംകൂടാതുള്ളോരത്ഥവുമില്ലാത്തതും * സ
വ്വവുമാത്മാവായിക്കണ്ടീടും ശംഭുതൻെറ ദിവ്യമാം പ്രസാദത്താലിി
ക്ഷണംകൊണ്ടുതന്നെ * ആത്മാവെന്നുള്ള വസ്തു സന്തതം സക
ലാത്ഥമാത്മീയതേജസ്സുകൊണ്ടൊക്കയും ശോഭിപ്പിക്കും * ആ
യൊരുവസ്തുതന്നെ ത്വമഹംശബ്ദങ്ങൾകൊണ്ടായൊരു വ്യവഹാ
രം മാത്രമിശ്ശരീരികൾ * അറിയുന്നിതു ചൊറമത്ഥത്തെ്ലറിയു
ന്നില്ലറിയുന്നോരുമില്ല ഭേദമില്ലായ്കമൂലം * ഈവണ്ണമദ്വൈതമാ
മത്മാനമറിയുന്നോനിവണ്ണം ഗാനംചെയ്യുങ്ങിരിക്കും യഥാസു
ഖം * ഈശ്വരൻ സ്വഭാവത്താൽ ചെയ്യീട്ടുന്നോരു നൃത്തം വി
ശ്വരക്ഷണമായി ഭവിക്കുന്നതുപോലെ * ആത്മജ്ഞനായുള്ളോരു
വിദ്വാൻെറ ഗാനമോത്താലാത്മജ്ഞാനദം ലോകക്കെല്ലാക്കുമുപ
കാരം * ഭൂതങ്ങൾക്കെല്ലാമാദിഗുരുവാമീശ്വരൻെറ ഗീതിയെങ്ങി
നെ ലോകഹിതത്തെച്ചെയ്യീട്ടുന്നു * അങ്ങിനെതന്നെയാകും വി
ദ്വാൻെറ ഗീതികളുമങ്ങൊരു ഫലം കാംക്ഷിക്കുന്നവനല്ലെന്നാ
ലും * തിങ്ങീടും സംസാരത്തിൽ വലയും ജനങ്ങൾക്കുമങ്ങൊരു
സുഖം നൽകും മുഖ്യമാമുപകാരം * കേവലം ലൌകികമായ് ഗാ
നവും ശങ്കരൻെറ പാവനപ്രസാദത്തിനുള്ളൊരു വഴിയാകും *
വൈദികമായ ഗാനംകൊണ്ടുടെങ്ങു മഹേശനെക്കൈതവമററ ഭ
ക്ത്യാ സ്തുതിക്കും ജനങ്ങൾക്കോ * ഉത്തമപ്രസാദമിങ്ങുണ്ടാകുമെ
ന്നും സുരസത്തമന്മാരേ! വേറേ ചൊല്ലേണമെന്നില്ലല്ലൊ * ആ
കയാൽ ഗാനംകൊണ്ടു ശങ്കരൻതന്നെ ഭക്ത്യാ ശോകമോഹങ്ങ
ൾ നീക്കി സ്തുതിച്ചീടുക നിത്യം * വ്യാഖ്യാനഗാനത്തിങ്കലശക്തൻ
ലോകത്തിലെ വാക്യങ്ങൾകൊണ്ടെങ്കിലും മടികൂടാതെ നിത്യം *
സ്തോത്രഗീതിയെച്ചെയ്യീടേണമായതുകൊണ്ടു പാത്രമാം ശിവൻ
തൻെറ കാരുണ്യത്തിനു നൂനം * സുതരാം ഗീതിജ്ഞാനം ശങ്കര
പ്രാപ്തിഹേതു മതിമാന്മാരേ! യോഗം കൊണ്ടല്ലോശിവൈക്യവും *
ഗീതിജ്ഞൻ യോഗംകൊണ്ടു ശിവനെ പ്രാപിക്കുവാൻ പ്രാതിക്കു

ല്യമാം ബന്ധമനേകം ബാധിക്കയാൽ * ആവതല്ലെന്നകന്നുനിന്നാലും കാലംകൊണ്ടു ദേവദേവൻെറ ഭൃത്യന്മാരിലങ്ങൊരുവനാം * കേവലം ലൌകികമാം ഗ്രാമ്യഗീതികൾ വൃഥാ നാവടങ്ങാതെ മോഹാൽ ചെയ്യുന്ന ദ്വിജന്മാൎക്കു * പ്രായശ്ചിത്തങ്ങൾ വേണമെന്നതും പറഞ്ഞീടാം മായമററുള്ള യോഗം വൈദികമായതല്ലൊ * എന്നതുകൊണ്ടു സൎവ്വസംസാരം നിവൎത്തിപ്പാനുന്നതപ്രമാണമാംശ്രുതിയും യുക്തികളും * എന്നുള്ള മാൎഗ്ഗംകൊണ്ടു ശിവനെക്കണ്ടുകൊണ്ടു പിന്നെയുമനുദിനം ശിവനെദ്ധ്യാനംചെയ്യും * മന്നിലിങ്ങിനെ സുഖം സഞ്ചരിക്കുന്നവനു ധന്യനെന്നൊരു നാമം ചൊല്ലുന്നു ബുധജനം * ഇങ്ങിനെയുപനിഷത്സാരമാമുപദേശം നിങ്ങൾക്കു ചെയ്തു സൎവ്വദുഃഖത്തെക്കളവാനായ് * തിങ്ങിന കഷ്ടചിത്തന്മാൎക്കിതുചൊല്ലിക്കൂടാ ഗംഗയെദ്ധരിച്ചവൻ ഭക്തൎക്കു ചൊല്ലേണ്ടതാം *

മൂന്നാമദ്ധ്യായം കഴിഞ്ഞു.

## ൪-ാമദ്ധ്യായം.

സാമവേദശാഖയിലെ തലവകാരോപ
നിഷത്തിൻെറ സാരം.

സാക്ഷിയായ് സൎവ്വത്തിനും സൎവ്വദാ വിളങ്ങുന്ന സാക്ഷാൽസംസാരമോക്ഷപ്രദനാം മഹാദേവൻ * പ്രേരണം ചെയ്കകൊണ്ടു മനസ്സും പതിവായി പ്രേരണം ചെയ്തീടുന്നു കരണങ്ങളെയെല്ലാം * പ്രേരണംകൊണ്ടുതന്നെ പ്രാണനും ചേഷ്ടിക്കുന്നിതീരിണം ചെയ്തീടുന്നു വാക്കുമങ്ങിനെതന്നെ * നേത്രവും ശ്രോത്രം ജിഹ്വാ ഘ്രാണവും ത്വക്കിതെല്ലാം പാത്രമായ് പ്രേരണത്തിന്നാകയാൽ പ്രത്യേകമായ് * രൂപശബ്ദാദിയാകും വിഷയം ഗ്രഹിക്കുന്നു താപമില്ലിതുകൊണ്ടു സാക്ഷിയാം സ്വഭാവത്താൽ * കരണപ്രവൎത്തകനാകുന്നുവെന്നുള്ളതും കരണജ്ഞാനഭേദമായയാ കല്പിച്ചതാം * കരണങ്ങൾക്കു സ്വതാ സ്വഭാവമുള്ളതല്ല തരുണഹുതാശനൻ ലോഹത്തിലാ

കുംപോലേ * കരുണാകരനായ സാക്ഷിയാം ശംഭുതൻെറ കിരണ
സ്ഫൂർത്തിയാകും സത്തയാണെല്ലാററിലും * തങ്കലദ്ധ്യസ്തമാകും ശ്രോ
ത്രത്തെ പ്രവേശിച്ചു ശങ്കരൻശ്രോത്രത്വമാം സ്വഭാവം കൊടുക്കു
ന്നു * തങ്കലദ്ധ്യാസ്തമാകും മനസ്സിൽ പ്രവേശിച്ചു ശങ്കരൻ മനസ്ത്വ
മാം സ്വഭാവം കൊടുക്കുന്നു * വാക്കിന്നു വാക്ത്വമാകും സ്വഭാവം
പിന്നെ നേത്രം വാക്കിലോ നേത്രത്വവും പ്രാണനു പ്രാണത്വവും*
മാറമിക്കരണങ്ങളദ്ധ്യസ്തമായിത്തങ്കൽ പററിയുള്ളവയ്ക്കെല്ലാം തത്ഭാ
വം കൊടുക്കുന്നു * അങ്ങിനെയിരിക്കുന്ന ശിവങ്കൽ ശ്രോത്രം നേ
ത്രമിങ്ങിനെയുള്ളവയും മനസ്സും മററമെല്ലാം * എത്തുന്നില്ലതുകൊ
ണ്ടു ശിവനെന്നുള്ള വസ്തുവെത്തുന്നതല്ല തെല്ലും ഗോചരമായതല്ല *
അറിയപ്പെട്ടതുമല്ലറിയപ്പെടാത്തതല്ലറിയാ മനസ്സേതും സ്വയമാം
പ്രകാശത്തെ * നേത്രവും ശ്രോത്രം വാക്കും പ്രാണനുമെന്നിതെല്ലാ
മെത്രയും ദൂരത്താകുമെങ്ങിനെ വിഷയമാം * യാതൊരു ചൈത
ന്യത്താലഖിലം ഗോചരമാമാദിത്യൻതനിക്കെല്ലാം ദൃശ്യമാകുന്ന
പോലെ * ആയതുതന്നേ പരബ്രഹ്മമെന്നറിയേണമായതവിചാര
ത്താലെത്തീടും സനാതനം * ധീരന്മാരേവം തക്കപ്രമാണംകൊ
ണ്ടും ഗുരുഗീരുകൾകൊണ്ടും പിന്നെ സ്വാനുഭൂതിയെക്കൊണ്ടും *
അമൃതന്മാരായിടും ശങ്കരകാരുണ്യത്താലമൃതാശികളായ സുരരേ! സ
ത്യമേവം * ജ്ഞാതമായെന്നു തോന്നുന്നുണ്ടെങ്കിൽ ബ്രഹ്മരൂപം
ജ്ഞാതമല്ലല്ലോ സാക്ഷിയെങ്ങിനേ വേദ്യമാകും * ജ്ഞാതമായെന്നു
കൎമ്മമാകായ്കതന്നെ താനും ജ്ഞാതാവാകാതെതന്നേ ജ്ഞാതമാം ബ്ര
ഹ്മതത്വം * അറിയുന്നെന്നാലവനറിഞ്ഞീലറിയാത്തതാനറിയു
ന്നെന്നും വരാമറിഞ്ഞീലെന്നും വരാം* അറിയാമെന്നു ചൊന്നാ
ലറിഞ്ഞിട്ടില്ലവനറിവാനരുതെന്നു മറിഞ്ഞാലറിഞ്ഞീടാം * ബ്ര
ഹ്മജ്ഞാനത്തിങ്കലും ഘടജ്ഞാനത്തിങ്കലും നിൎമ്മിതഭ്രാന്തിജ്ഞാനത്തി
ങ്കലുമാസ്തികരേ! * കൎമ്മവുമാകുന്നില്ല കൎത്താവുമാകുന്നില്ല നിൎമ്മലം
ബ്രഹ്മമെന്നാൽ കേവലമായതല്ലോ * കൎത്താവാകാതെയുള്ള ബ്രഹ്മ
ത്തെയാരെങ്കിലും കൎത്താവായറിയുന്നുവെങ്കിലങ്ങറിഞ്ഞീല * കൎമ്മ
മാകാതെയുള്ള ബ്രഹ്മത്തെയാരെങ്കിലും കൎമ്മമായറിയുന്നുവെങ്കിലുമ
റിഞ്ഞീല* കൎത്താവിൻ വിഷയമാം കൎമ്മമാകാതെതന്നേ പ്രത്യക്ചൈ
തന്യമായോരാത്മതത്വത്തെ സ്വയം* യുക്തിയും പ്രമാണവുംകൂ

ടാതെ കാണുന്നവൻ സത്യമായ് കണ്ടവനെന്നറിവിൻ സുരന്മാരേ!*
സത്യത്തെയറിവാനായ് പ്രമാണം വേറെയില്ല യുക്തിയും വേണ്ട പി
ന്നെ ശ്രുതിയും വേണ്ടാതാകും * ദൃശ്യമായറിയുമ്പോൾ സാക്ഷിയാമ
റിയുന്നോൻ ദൃശ്യത്തിൽനിന്നു വേറായല്ലയോ നിന്നീടുന്നു *ദൃശ്യമാം
ബ്രഹ്മമെങ്കിൽ ബ്രഹ്മാത്മജ്ഞാനം പിന്നെ ദൃശ്യമാം ഘടാദിയെ
പ്പോലെയാമെന്നായീടും * വേദ്യമാകാതെയുള്ള ബ്രഹ്മത്തെ വിദ്യ
കൊണ്ടു വേദ്യമാക്കീടാമെങ്കിലതിന്റെ വേത്താവിനു * വേദ്യവസ്തു
വിൽനിന്നു ഭേദമാം വിശേഷത്താൽ സാദ്ധ്യമല്ലെന്നുവരും നിർവ്വി
ശേഷാത്മജ്ഞാനം * വിദ്യയ്ക്കാശ്രയമായോ വിഷയംതന്നെയായോ
വിദ്വാനുമതമല്ല ഭേദസംകല്പമൊന്നും * ബ്രഹ്മസംബന്ധമില്ല വി
ദ്യയ്ക്കെന്നാകിൽ പിന്നെ ബ്രഹ്മാത്മജ്ഞാനം വിദ്വാനെങ്ങിനെ ല
ഭിക്കുന്നു * ഇങ്ങിനെ ബഹുവിധം ദുശ്ശടവാദങ്ങളിൽ മുങ്ങിയ ജ
നങ്ങൾക്കതെല്ലുമേ ബോധമില്ല * വിദ്യകൊണ്ടുള്ള ഫലം പിന്നെ
യെന്തെന്നാൽ ബ്രഹ്മണ്യദ്ധ്യസ്തമാകും മായാവരണം നീക്കുന്ന
താം * വിദ്യയുമവിദ്യയും മായയാണാത്മാവിനില്ലദ്വയനാകുമാത്മാ
വധികാരിയുമല്ല * പരമജ്യോതിസ്സാത്മാമായയോതമസ്സാകുമൊരു മാ
ർഗ്ഗവുമില്ല സംബന്ധമുണ്ടാകുവാൻ * അതിനാൽ പ്രമാണവും തക്ക
വുമെന്നിതെല്ലാം മതിയിൽ ഗ്രഹിച്ചിട്ടു സ്വാത്മാനുഭവംകൊണ്ടു *
മതിയായ് വിചാരിച്ചാൽ സ്വപ്രകാശത്താൽതന്നേ മതി വന്നീടുമ
പ്പോൾ മായയുമകന്നിടും * വ്യവഹാരദൃഷ്ടികൊണ്ടു വിദ്യയുമവിദ്യയു
മിവയില്ലല്ലോ തത്വദൃഷ്ടിയിൽ തത്വംമാത്രം * വ്യവഹാരികജ്ഞാ
നം സ്വപ്രാകാശത്തെക്കൂടാതവലംബിച്ചീടുവാനൊന്നുമില്ലാത്തമൂ
ലം * സത്താസ്വപ്രകാശമാകയാലദ്വൈതമാം വിത്തബ്രഹ്മംത
ന്നെ കേവലമെന്നു സിദ്ധം * അദ്വൈതമെന്നു ചൊല്ലിടുന്നതും
സ്വപ്രകാശമദ്വയമായി നിക്കമില്ലാതെയിരിക്കയാൽ * ആയതുകൊ
ണ്ടു മൌനംയുക്തമാമൊടുക്കത്തിലായാസമൊന്നുതന്നേ ഫലമാംവി
വാദത്തിൽ * പ്രത്യക്ഷം മുതലാകും പ്രമാണം ശ്രുതി യുക്തി നിത്യ
വും ഗുരുവിന്റെ സാരമുള്ളോരു വാക്കും * ചിത്തത്തിൽ വസിക്കു
ന്നശിവന്റെ പ്രസാദവുമുത്തമപൂർവ്വപുണ്യം കാലപാകവുമെല്ലാം *
ഒത്തുകൂടുന്നവനാ ശാങ്കരമായോരർത്ഥമിത്തരം പ്രകാശിക്കും ധാർമ്മി
കന്മാരേ! കേൾപ്പിൻ * അത്യന്തം മഹത്താകുമിത്തരമുള്ളോരർത്ഥം
ചിത്തത്തിലാക്കു നേരെ വെളിവാകുന്നുവെന്നാൽ * ഉത്തമന

വൎത്തനിക്കൊന്നുമേ കൃത്യമില്ല കൎത്തവ്യകൎമ്മം ജ്ഞാനമൊന്നുമേയി
ല്ലതെല്ലും * നിത്യമദ്വയഭാവം ചിന്തിച്ചങ്ങിരുന്നീടുമിത്തരം മഹ
ത്തായ വേദാൎത്ഥം തങ്കൽ സ്വയം * സത്യമായഭയമായ് സംശയ
ഹീനമായി പ്രത്യക്ഷമുള്ള ജീവൻ ജീവനല്ലവൻ നൂനം * ബ്രഹ്മവു
മല്ലതിങ്കലന്യവുമല്ല പിന്നെ ബ്രഹ്മാദിവൎണ്ണങ്ങളുമാശ്രമങ്ങളുമില്ല*
ധൎമ്മവുമധൎമ്മവും വിധിയും നിഷേധവും കൎമ്മവുമകൎമ്മവുമെന്നുള്ള
തവന്നില്ല * ഇങ്ങിനെ ചൊല്ലീടുന്ന മഹത്തായുള്ളോരൎത്ഥമങ്ങി
നെ ഗംഗാധരകൃപയാ ലഭിച്ചവൻ * ശങ്കരൻതന്നെയെന്നു നി
ശ്ചയിക്കുന്നു ഞാനും ശങ്കകൂടാത്തതായ മഹത്താമിയൎത്ഥത്തെ *ശം
ഭുതൻപ്രസാദത്താൽ സിദ്ധിച്ച പുരുഷനു സംഭവിച്ചീടുന്നോരു
വൈഭവം ചൊല്ലീടുവാൻ * ശക്തനല്ലഹമോൎത്താൽ വിഷ്ണുവും ശക്ത
നല്ല ശക്തനല്ലതുപോലെ രുദ്രനുമാസ്തികരേ! * ചൊല്ലുവാനില്ല ശ
ക്തി വേദങ്ങൾക്കേവമുള്ള നല്ലൊരുസിദ്ധൻതന്റെ വൈഭവമാ
സ്തികരേ! * ഇശ്ശരീരത്തിൽതന്നെ മുൻചൊന്ന വേദാൎത്ഥത്തെ നി
ശ്ചലമായറിഞ്ഞ പുരുഷൻ നിൎവ്വാണത്തെ * നിശ്ചയം പ്രാപിച്ചീടു
മദ്വയസാക്ഷാൽക്കാരം നിശ്ചയസത്യജ്ഞാനസുഖമാമമൃതാഖ്യം *
ഇശ്ശരീരത്തിൽതന്നെയറിയാതങ്ങു പോയാലശ്വാദിദേഹംപോലെ
വെറുതേ നഷ്ടമാകും * നഷ്ടമോ ചെറുതല്ല പരയായുള്ള ഗതി കി
ട്ടീടുള്ളതുംകൂടി കിട്ടാതായെന്നു വന്നാൽ * തൻദേഹത്തിലുമന്യദേ
ഹത്തിങ്കലുമൊരു സന്ദേഹം കൂടാതകണ്ടേകമാം ചൈതന്യത്തെ *
ചിന്തിച്ചുകണ്ടീടുന്ന ധീരന്മാരമൃതരാം ചിന്തയില്ലവൎക്കേതും പുനൎജ്ജ
ന്മവുമില്ല * ബദ്ധനെന്നതും മുക്തനെന്നതും മഹാവിദ്വാനിത്യാദി
ഭേദങ്ങളുമെന്നതും സ്വപ്നതുല്യം * സൎവ്വവുമാത്മാവായിട്ടേകമായ്
ശോഭിക്കുന്നു സ്വാത്മദൃഷ്ടികൊണ്ടു മുക്തനായുള്ള പുമാൻ * സൎവ്വ
ജീവങ്ങളേയും മുക്തരാണെന്നുതന്നേ സൎവ്വദാ കരുതീടും ചിലപ്പോൾ
പൂൎവ്വഭ്രാന്ത്യാ * സംസാരിയാണെന്നുള്ള ദശയിൽ മററുള്ളോരും
സംസരിക്കുന്നവെന്നു തോന്നീടും സ്വപ്നംപോലെ * മുക്തനാ
യവൻ തന്റെ പ്രാരബ്ധകൎമ്മത്തിന്റെ ശക്തിയങ്ങൊടുങ്ങുന്നവരെ
ക്കും ചിലനേരം * ജീവജഗൽഭേദം തോന്നീടും ചിലനേരം
ജീവത്വം വിട്ടു നിൽക്കുമപ്പോൾ തോന്നുകയില്ല * തോന്നുന്നതെല്ലാം
ബ്രഹ്മരൂപമായ് കാണുംപിന്നേ തോന്നിയതെല്ലാം മറന്നങ്ങിനെ
ചിലനേരം * ജീവനും ജഗത്തിനും ഭേദമില്ലേകം ബ്രഹ്മമീവിധം

കാണുന്നോരം സുഖദുഃഖാദിഭേദം * ആഭാസമാത്രമായിത്തോന്നീടും
സ്വപ്നംപോലെ സ്വാഭാവ്യമല്ലെന്നവൻ കണ്ടവനാകയാലെ* കാ
ണുന്നു ജഗദ്രൂപമെങ്കിലും പരമാത്മാ കാണുന്നതെല്ലാം ബ്രഹ്മ
വസ്തുവായറിയുന്നു * അന്യമായൊന്നുമില്ല വസ്തുവുമവസ്തുവുമന്യമാ
യ് ശിവങ്കൽനിന്നില്ലല്ലോ തത്വത്തിങ്കൽ * ബ്രഹ്മമായ് പ്രപഞ്ചമാ
യ് ജീവനായ് പലതായി ബ്രഹ്മമാമൊന്നുതന്നേ പ്രത്യക്ഷം ശോഭി
ക്കുന്നു * ഏതൊരു സ്വഭാവത്താൽ ശോഭിച്ചുകാണാകുന്നിതേതെ
ല്ലാമെന്നാലതു സൎവ്വമാത്മതത്വം * ഈവണ്ണം കണ്ടിരിക്കും ശി
വയോഗിക്കു പിന്നദ്ദേവനാം മഹാദേവനല്ലാത്ത വസ്തുവുണ്ടോ *
ത്യാജ്യമായൊന്നുമില്ല ഗ്രാഹ്യമായതുമില്ല പൂജ്യനാമവൻ വിദ്വാൻ
സുരസത്തമന്മാരേ! * ആത്മാവിന്നന്യമായി ഗ്രാഹ്യമോ ത്യാജ്യമോ
താൻ സ്വാത്മനി കരുതുമ്പോൾ പൂൎണ്ണത്വമില്ലെന്നാകും * പൂൎണ്ണ
ത്വമെന്നുള്ളതു ധൎമ്മമല്ലാത്മാവിങ്കൽ പൂൎണ്ണത്വം ധൎമ്മമാകിൽ ധൎമ്മി
ത്വം സംഭവിക്കും * ധൎമ്മാധൎമ്മിത്വമെല്ലാം വ്യവഹാരത്തിലല്ലോ
നിൎമ്മലമാകുമാത്മാ ധൎമ്മിയുമാകുന്നില്ല * ഭേദവുമഭേദവുമില്ലല്ലോ പ
രാത്മാവിൽ ഭേദാഭേദവുമില്ല ചിന്മാത്രം വിളങ്ങുന്നു * വസ്തുവുമവ
സ്തുവും ബ്രഹ്മമാണെങ്കിൽ പിന്നെ വസ്തുവൊന്നന്യമായിട്ടെങ്ങി
നെ ഗ്രഹിച്ചീടും * മായകൊണ്ടെല്ലാമുണ്ടെന്നിങ്ങിനെ ചിലർ
ചൊല്ലും മായയുമില്ല ശിവനല്ലാതെ വാസ്തവത്തിൽ*മായകൊണ്ടെ
ന്നാകിലുമന്യമുണ്ടെന്നുവന്നാൽ മായേശനാകും ശിവൻ പൂൎണ്ണന
ല്ലെന്നും വരും * പൂൎണ്ണത്വമൊരിക്കലും കുറഞ്ഞീടുന്നതല്ല പൂൎണ്ണ
മായ് വിചാരിച്ചാൽ സംശയം തീൎന്നിടുമേ * ഇങ്ങിനെയല്ലെന്നാ
കിൽ ശ്രുതിയും പ്രമാണമല്ലങ്ങിനെതന്നെ സൎവ്വപ്രമാണം നിരൎത്ഥ
കം * എന്നതുകൊണ്ടു സാക്ഷാദ്ദേവനാം മഹാദേവൻതന്നേ സംപൂ
ൎണ്ണവസ്തു പരമാനന്ദരൂപൻ * അന്യമില്ലിതുതന്നെ തൎക്കവും പ്രമാ
ണവും ചെന്നവസാനിക്കുന്ന നിലയെന്നറിയേണം * പ്രത്യക്ഷംമു
തലായ പ്രമാണംകൊണ്ടും പിന്നെ തത്വാൎത്ഥം കഥിക്കുന്ന വേദാന്ത
വാക്യംകൊണ്ടും * ഇത്തരമുള്ളൊരൎത്ഥം നിലയാമൊടുക്കത്തിൽ ത
ത്വജ്ഞന്മാരാം നിങ്ങൾ ചിന്തിച്ചുനോക്കീടുവിൻ * ശ്രുതിയും പുരാ
ണങ്ങൾ ഭാരതമിത്യാദിയാം ശ്രുതിമാൎഗ്ഗാനുകൂലമായുള്ള വിദ്യകളും *
ശൈവങ്ങളാഗമങ്ങൾ വൈഷ്ണവമാഗമവുമവ്വണ്ണംതന്നെ ഞാനും

ചൊല്ലിടേയാരാഗമവും * ബുദ്ധനിർമ്മിതങ്ങളാമാഗമങ്ങളും പിന്നെ ബുദ്ധമാമർഹന്തന്നാലാഗമമതുമേവം * യക്ഷഗന്ധർവ്വസിദ്ധ നിർമ്മിതമാകും ബഹുപക്ഷമായുള്ള സർവ്വാഗമവുമെല്ലാമൊന്നായ് * പക്ഷഭേദങ്ങൾകൂടാതുള്ളതാമർത്ഥംതന്നെപക്ഷമില്ലാത്തതാകുമദ്വൈതം പരമാർത്ഥം * സാക്ഷാലദ്വൈതമാകും തത്വാർത്ഥമറിവതന്നിക്ഷിതിയിങ്കലേതു മർത്ത്യന്നു കഴിഞ്ഞീടും * ദേവനാണെന്നാകിലും സാദ്ധ്യമല്ലതു സാക്ഷാദ്ദേവനാം ശിവൻതനിക്കാകിലേ കഴിവതു * പരമേശ്വരനായ ശിവനും ശിവയാകും പരമേശ്വരീ ദേവിതനിക്കുമൊരുപോലെ * പരമാദ്വൈതമായ വിജ്ഞാനം സ്വതസ്സിദ്ധം പരമുള്ളവർക്കവർ തരുന്നു പ്രസാദത്താൽ * പരമേശ്വരിയാകും ദേവിക്കും വിഷ്ണുവിന്നും സുരരേ! ബ്രഹ്മാവായോരിനിക്കും വിരാട്ടിന്നും * സ്വരാട്ടും സമ്രാട്ടെന്നുമിങ്ങിനെ ഭേദത്തോടും പൊരുതാം മാഹാത്മ്യമുള്ളവർക്കും ഭവാന്മാർക്കും * പരമാദ്വൈതജ്ഞാനം പരമകൃപാലുവാം പരമശിവൻതന്റെ പ്രസാദംകൊണ്ടുതന്നെ * യക്ഷരാക്ഷസന്മാർക്കും സിദ്ധഗന്ധർവ്വന്മാർക്കും പക്ഷമില്ലെല്ലാവർക്കുമദ്വൈതജ്ഞാനമെന്നാൽ * പരമപ്രസാദത്താലല്ലാതെ സിദ്ധിക്കയില്ലൊരുജീവന്നു പോലുംത്രിദശശ്രേഷ്ഠന്മാരേ! * മർത്ത്യന്മാർക്കെല്ലാവർക്കും പശ്വാദിജന്തുക്കൾക്കുമദ്വൈതജ്ഞാനമുണ്ടാം പരമൻ പ്രസാദിച്ചാൽ * ഈശന്റെ പ്രസാദമുണ്ടാകിലോ മനുഷ്യർക്കും കീടാദിജന്തുക്കൾക്കും സത്യത്തെയറിഞ്ഞീടാം * മാനവൻതാനോ ദേവൻതന്നെയോ കീടാദിയോ ദാനവൻതാനോ വേറേ ജീവങ്ങളായവരോ * ശൂലിയാം ദേവൻതന്റെ കാരുണ്യം ലഭിച്ചെന്നാൽ കാലമോ വൈകിടാതെ പ്രാപിക്കുമാത്മജ്ഞാനം * ഹരിയും ഞാനുമേവമന്യനും സുരന്മാരേ! പരമജ്ഞാനം നൽകാനാളല്ല വേറെയാരും * ഞങ്ങളസ്വതന്ത്രരാമങ്ങൊരുവന്നു നൽകാനിങ്ങോട്ടു വാങ്ങുവാനും സ്വാതന്ത്ര്യമില്ലയല്ലൊ * സത്യമാമിച്ചൊന്നതു സ്വതന്ത്രൻ ശിവൻതന്നെ സത്യമായ് സംസാരത്തിൻമോചകൻ ; ശിവൻതന്നെ * ഹരിയും ഞാനുമിന്നിസ്സംസാരിജനത്തിന്നു കരയേക്കാട്ടീടുന്നു ശിവന്റെ കാരുണ്യത്താൽ * കരുണാനിധിയായ ശിവന്റെ കൃപകൊണ്ടേ ഹരിയും ഞാനും പിന്നെ മററുള്ള ജീവങ്ങൾക്കു * പരമജ്ഞാനം നൽകീടുന്നതു ദർവ്വീന്യായം പരമശിവൻതന്റെ വൈഭവമേവമല്ലോ * ദേവദേവനാം രുദ്രൻത

ന്നുടെ സ്വരൂപവുമാവിധം വൈഭവവുമറിഞ്ഞുകൊണ്ടീടുവാൻ * ഏതൊരു മനുഷ്യനുമില്ലഹോ നിരൂപിച്ചാൽ ഭൂതേശൻ സ്വയം തന്നെയറിഞ്ഞിങ്ങിരിക്കുമോ * അറിയാതിരിക്കുമോ സംശയം തന്നേ നമുക്കറിവാനരുതേതുമീശന്റെ വൈഭവത്തെ * പണ്ടു ദൈവാസുരമായുണ്ടായയുദ്ധത്തിങ്ക ലണ്ടർകോൻമുമ്പായുള്ള ദേവന്മാരെല്ലാവരും * വിവശന്മാരായെന്നു കണ്ടപ്പോൾ ജഗദീശൻ ദിവിജന്മാരേ! ദേവന്മാർക്കേറ്റം ശക്തിയേകി * അന്നേരം പോരിലാണ്ടുവിജയംദേവന്മാരുമെന്നാലും ശിവൻതന്റെ മാഹാത്മ്യം ധരിക്കാതെ * തങ്ങൾതൻസാമർത്ഥ്യമെന്നുന്നതമോഹാന്ധരായ് തുംഗമാമഹങ്കാരം പൂണ്ടുതേ സുരന്മാരും * വിജയം ലഭിച്ചേവം ദേവന്മാരതുകാലം നിജരാജ്യത്തിലേറ്റം ഗർവ്വത്തോടിരിക്കുമ്പോൾ * വിശ്വത്തിന്നധിപനാം കരുണാനിധി രുദ്രൻ നിശ്ശേഷദേവന്മാർക്കും തന്നുടെ മാഹാത്മ്യത്തെ * വിശ്വാസം വരുംവണ്ണം ദർശിപ്പിച്ചവരുടെ നിശ്ശേഷഭ്രമം തീർപ്പാനവിടെക്കെഴുന്നള്ളി * യക്ഷരൂപനായ് സർവ്വദേവന്മാർക്കുകാലമക്ഷിഗോചരനായിദ്ദൂരത്തങ്ങിരിക്കുമ്പോൾ * വിസ്മയാലമർത്ത്യന്മാരെല്ലാരും കൂടിച്ചിന്തിച്ചസ്മയനാകും ശംഭു തന്നുടെ സമീപത്തിൽ * അഗ്നിയേ നിയോഗിച്ചാരാരെന്നങ്ങറിവാനായഗ്നിയും ചെന്നുദേവൻതന്നുടെ പുരോഭുവി * യക്ഷരൂപനാം ദേവൻ ചോദിച്ചു നീയാരെന്നു തൽക്ഷണമഗ്നി ചൊന്നാ‘നഗ്നിയാണഹ’’മെന്നും * യക്ഷനും ചോദിച്ചിതു നിന്നുടെ ശക്തിയെന്തെന്നക്ഷണമഗ്നി ചൊന്നാനെല്ലാം ഞാൻ ദഹിപ്പിക്കും * ഇത്തരം കേട്ടനേരം പുല്ലെടുത്തിട്ടുമുമ്പിലിതൃണം ദഹിപ്പിക്കയെന്നുര ചെയ്തു യക്ഷൻ * ദഹിപ്പാനൊരുമ്പെട്ട നേരത്തിലഗ്നിക്കതു ദഹിപ്പാനെളുതല്ലെന്നായതുകൊണ്ടു വേഗം * ഭ്രമിച്ചു ഭയത്തോടെ ലജ്ജയും പൂണ്ടു ചെന്നിട്ടുമർത്ത്യന്മാരോടേവം ചൊല്ലിനാൻ ഹുതാശനൻ * അവനാരെന്നുമവൻ വൈഭവമെന്തെന്നതും വിവരം ഗ്രഹിപ്പതിന്നെന്നാലിന്നസാദ്ധ്യമാം * നിങ്ങളിന്നതിയത്നം ചെയ്താലുമറിവാനായിങ്ങനെ കേട്ടനേരം വായുവേ നിയോഗിച്ചാർ * വായുവും മടങ്ങിനാൻ യക്ഷനോടഗ്നിയെപ്പോലായാസപ്പെട്ടു ചെന്നാൻ ദേവന്മാർ സവിധത്തിൽ * ഇന്ദ്രൻ താൻ സ്വയം ചെന്നാൻ ഗർവ്വത്തോടറിവാനായ് ചന്ദ്രശേഖരൻ മറഞ്ഞീടിനാൻ യക്ഷരൂപി * ഉദ്യോഗം വിഫലമായെന്നുള്ള വി

ഷാദമോടദ്യ ഞാനെന്തുചെയ്യാമെന്നുടൻ ചിന്തിച്ചുള്ളിൽ *
വിദ്യാത്രുപിണിയാകും ദേവിയെ ധ്യാനംചെയ്തു ഗദ്യപദ്യങ്ങൾ
കൊണ്ടു സ്തുതിച്ചു ഭക്തിയോടെ * ശിവയാം ശിവങ്കൽനിന്നഭി
ന്നാകൃപാതന്തു ശിവനും ശിവങ്കരിയായുള്ളപരാനന്ദാ * തന്നു
ടെ ഭക്തന്മാക്കു ഹിതത്തെച്ചെയ്യാനായിട്ടുന്നതകാരുണ്യത്താലുമ
യായ് വന്ന ദേവി * ശംഭുതൻമാഹാത്മ്യമിന്നന്യക്കു ദുജ്ഞേയമെ
ന്നവക്കുകാട്ടീടുവാനവിടെ പ്രത്യക്ഷയായ് * മോദിച്ചു പൂജിച്ചി
തു ദേവിയെദ്ദേവേന്ദ്രനും ചോദിച്ചു പൂവ്വമത്ര കണ്ടോരുയക്ഷരു
പൻ * ആരെന്നുമെവിടേക്കു പോയെന്നുമെന്നോടിപ്പോൾ കാ
രുണ്യമേറും ജഗന്മാതാവേ! ചൊല്ലീടേണം * ദേവിയുമുരചെ
യ്തിതെന്നുടെ പതിയായ ദേവനാം ബ്രഹ്മമല്ലോ പ്രത്യക്ഷം പ
രോക്ഷവും * ആയൊരു ദേവൻ വിഷ്ണു തനിക്കും ബ്രഹ്മാവിനും
മായമാററിവാനായ് ശക്യനല്ലറിഞ്ഞാലും * മററുള്ള ദേവന്മാ
ക്കുമറിവാനരുതല്ലോ കുററമല്ലതു ശിവൻ തന്നുടെ സ്വഭാവമാം *
തന്നുടെ ദുജ്ഞേയത്വം നിങ്ങളെ ഗ്രഹിപ്പിപ്പാനിന്നിഹ യക്ഷ
നായിട്ടിവിടെ പ്രത്യക്ഷമായ് * അന്യകാരണമല്ല വന്നതു മ
ഹാദേവനിന്നതുകൊണ്ടു ഖേദിച്ചീടേണ്ട ദേവനാഥ! * അ
മ്മഹാദേവൻതന്നെ ദേവന്മാക്കെല്ലാവക്കും നന്മയിൽ ഭവാനുമി
ജ്ജയത്തെത്തരുന്നതും * അന്യരാമസുരക്കു നൽകുന്നു പരാജ
യമന്യഭാവത്തെ വിട്ടു ശിവനെബ്ഭജിച്ചാലും * ഇത്തരമുരചെ
യ്തു സവ്വസാക്ഷിണി ദേവീ ഭക്തസംസാരഹന്ത്രീ തത്രൈവ മറ
ഞ്ഞിതു * പിന്നെ വാസവനാദിദേവന്മാരെല്ലാവരും നന്ദിപൂ
ണ്ടൊരുമിച്ചു കരുണാനിധിയായ * ദേവനെ ദുജ്ഞേയനെന്നറി
ഞ്ഞു ഗവ്വത്തെയും കൈവെടിഞ്ഞിരുന്നിതു സന്തുഷ്ടചിത്തരാ
യി * ശങ്കരൻ പ്രസാദിച്ചാലഖിലജന്തുക്കൾക്കും ശങ്കവിട്ടറി
ഞ്ഞിടാം പരമേശ്വരൻതന്നെ * അല്ലെന്നാലറിവതിന്നാക്കു
മേ കഴിവരാ തെല്ലുമേതൽപ്രസാദമില്ലെന്നാലുപേന്ദ്രനും * ഏ
നിക്കും ദേവന്മാക്കും പ്രസാദംകൊണ്ടുതന്നേ തനിച്ചുള്ളോരു ത
ത്വമറിഞ്ഞിടാവു നൂനം * ശിവനെതൽപ്രസാദമില്ലാതെക
ണ്ടറിഞ്ഞാലവനോഗന്ധഃഘ്രാണം കൈകൊണ്ടു സാധിച്ചീടാം *
ജീവനു കമ്മക്ഷയം വരുമ്പോളുണ്ടായീടും ദേവന്റെ പ്രസാദ
വും സൽഗുരുവാക്യമൂലം * ഏവമാം പ്രസാദമെന്നോതുവാ
നൊരുത്തക്കു മാവതല്ലേതുമോത്താലെന്നാലും ഹരിയാലും *

രുദ്രനുപോലും പിന്നെക്കല്പകോടികൾകൊണ്ടും ഭദ്രമാം പ്രസാദത്തിൻവൈഭവം ചൊല്ലീടുവാൻ * എളുതല്ലെന്നാൽ പിന്നെ പ്രസാദത്തിന്റെ ചിഹ്നം വെളിവിൽക്കാണാകുന്നിതതുകൊണ്ടറിഞ്ഞീടാം * ഇമ്പവും പിന്നെ സ്വരനേത്രങ്ങൾ വികാരവും കമ്പവും ശരീരത്തിൽ സ്തോഭവും ഭ്രമണവും * കമ്പമല്ലൽഗതിയാൽ ഭൂമി വിട്ടുയർച്ചയും ശംഭുതൻ ശക്തിപാതപ്രസാദത്തിന്റെ ചിഹ്നം * മറെറാരു ശരീരത്തിൽ ചെന്നീടാം സ്വദേഹത്തെച്ചെററുമേ കണ്ടീടാതെ സർവ്വവും പ്രകാശമാം * പഠിക്കാതുള്ള ശാസ്ത്രം സ്വയമായുദിച്ചീടും പൊടിപ്പാൻ ശക്തിയുണ്ടാം പർവ്വതത്തിനെപ്പോലും * നിഗ്രഹമനുഗ്രഹം രണ്ടിന്നും ശക്തിയുണ്ടാം വിഗ്രഹത്തിങ്കലേവം ചിഹ്നങ്ങൾ കാണായ്വരും * അത്യന്തതീവ്രമാകും പ്രസാദം ലഭിച്ചെന്നാലുത്തമമാകുമതിന്നൊന്നുമേ സമമല്ല * അത്രമാത്രവും തീവ്രപ്രസാദം ഹിമവാന്റെ പുത്രിക്കും വൃഷദ്ധ്വജൻതനിക്കും മാത്രമാകും * ഉത്തമപ്രസാദമിന്നെനിക്കും വിഷ്ണുവിന്നും ചിത്തഗോചരമല്ല സുരസത്തമന്മാരേ ! * അതിനാൽ സർവ്വദേവസേവയും വെടിഞ്ഞങ്ങു മതിമാൻ ഗിരീശനെശ്ശരണം പ്രാപിക്കേണം * അതുകൊണ്ടതിവേഗാൽ സിദ്ധിക്കും കൈവല്യവുമതുപോലല്ല ഞാനും വിഷ്ണുവും സുരന്മാരേ! * ശംഭുതൻഭക്തികൊണ്ടേ സർവ്വർക്കും ഗതി വരൂ ശംഭുഭക്തരേ! ചെററും സംശയമതിനില്ല * ശംഭുതൻപ്രസാദത്തിന്നുള്ളോരു സൽപാത്രവും ശംഭുഭക്തന്റെ ദേഹമാണെന്നുമറിയേണം * എന്നതുകൊണ്ടു മുക്തികാമനായുള്ള പുമാനെന്നെയും ഹരിയേയും വെടിഞ്ഞു ശിവൻതന്നെ * ഉന്നതഭക്തിയോടേ സേവിച്ചീടണമെന്നാലുന്നതപ്രസാദവും ലഭിക്കും കൈവല്യവും * അങ്ങിനെ തൽപ്രസാദമുണ്ടായാൽ ദുർജ്ഞേയനാം മംഗലമൂർത്തിതന്നെക്കണ്ടീടാം മനുഷ്യർക്കും * ശിവനെസ്സാക്ഷിയായിക്കണ്ടവൻ കാണുന്നവൻ ശിവമാമദ്വൈതത്തിൽനിഷ്ഠയാമതുതന്നെ * ശിവനെക്കൂടാതകണ്ടന്യമായുള്ളതെല്ലാമവശം ഭ്രാന്തിയാകുമെന്നുള്ളിൽ കാണുന്നവൻ * പരമാദ്വൈതജ്ഞാനിയാകുന്നതവനല്ലോ പരദേവതയായതെനിക്കും സുരന്മാരേ! * അവനേ മുക്തനെന്നു ചൊല്ലീടാമല്ലാതെയിന്നേവന സിദ്ധിച്ചീടും പരമാദ്വൈതജ്ഞാനം * ഗൌതമശാപംകൊണ്ടും ദധീചൻശാപംകൊണ്ടും പാതകം പലതുള്ള കാരണംകൊണ്ടും നൂണാം * അദ്വൈതജ്ഞാനത്തിങ്കൽ ദ്വേഷവും വേദദ്വേഷ

മദ്വൈതശിവദ്വേഷമിങ്ങിനെ ദോഷങ്ങളാം * ജ്ഞാനസാധനങ്ങ
ളാം ഭസ്മം രുദ്രാക്ഷം ശംഭുധ്യാനപൂജനാദിയും നാമകീൎത്തനങ്ങളും *
ഇത്യാദിസാധനത്തിൽ പ്രദ്വേഷമുണ്ടായീടുമത്യന്തപാപികൾക്കു
ഗതിയും വരാന്തരാം * പരമാദ്വൈതജ്ഞാനം ജന്മകോടിയിൽ
ചെയ്തപരമശ്രൌതസ്മാൎത്തകൎമ്മത്താലുൾപ്പൂവികൾ * പരമപ്രസാ
ദമുണ്ടായിട്ടുമപ്പോൾതന്നേ പരമേശ്വരൻതന്റെകൃപയാ സിദ്ധി
ച്ചീടും * എനിക്കും വിഷ്ണുവിന്നും രുദ്രനും ദേവന്മാൎക്കും മനുഷ്യൎക്കെ
ല്ലാൎക്കുമേ പൂജ്യനാമദ്വൈതജ്ഞൻ * അദ്വൈതജ്ഞാനി വാഴും സ്ഥ
ലത്തിൽ സുരന്മാരേ! നിത്യവും സന്നിധാനം ചെയ്യുന്നു കൈവ
ല്യവും * അദ്വൈതനിഷ്ഠൻതന്നെ മടികൂടാതെ ഭക്ത്യാ നിത്യവും
ശുശ്രൂഷിക്കുന്നവന്റെ പാദങ്ങളെ * മസ്തകത്തിങ്കൽ വഹിച്ചീടു
ന്നു ഞാനോ ദേവസത്തമന്മാരേ! യോഗിയെന്നവനവനല്ലോ * പ
രമാദ്വൈതജ്ഞാനനിഷ്ഠനാം പരയോഗിക്കൊരുവൻ തുല്യനായിട്ടി
ല്ലല്ലോ ജഗത്തിങ്കൽ * എന്നെയും ഹരിയേയും ഹരനെത്തന്നേയു
മിവനനന്തമാഹാത്മ്യത്തോടിരിക്കും യോഗിക്കൊപ്പം * തുല്യമായ്
കരുതുവാനിന്നെനിക്കുള്ളതല്ല കല്യാണശീലന്മാരേ! യോഗിയെ വ
ണങ്ങുവിൻ * തന്നുടെ ശരീരവും പ്രാണനുമൎദ്ധം ഭാഗിച്ചുന്നത
പ്രദാവനാം യോഗിക്കു കൊടുത്തീടാം * പരമാദ്വൈതജ്ഞാനനി
ഷ്ഠനാം പരയോഗിക്കൊരുനേരത്തിൽപോലും ശുശ്രൂഷ ചെയ്തീടു
വാൻ * ഒരുവന്നവകാശം ലഭിച്ചുവെന്നാകിലോ വരസാധന
മാകും ശുദ്ധയാം വിദ്യയ്ക്കൊത്താൽ * പരമാദ്വൈതജ്ഞാനമുണ്ടാ
കാതിരിപ്പാനായ്മുധാ പ്രതിബന്ധമുള്ളതുനിമിത്തമായ് * മനുജ
ൎക്കുണ്ടാകുവാനിടയായ് വരുന്നില മനസി പ്രവൃദ്ധമാം വാസനാജാ
ലത്താലേ * വൈദികമല്ലാതുള്ള തന്ത്രത്തിൽ ദുൎവ്വാസനാ കൈ
തവകുതൎക്കാദിലൌകികവാസനയും * പുത്രമിത്രാദികളിലുള്ളോരു
വാസനയും വ്യൎത്ഥമായുള്ളോരൎത്ഥവാസനയതുപോലെ * വാസ
നാ ദേഹേന്ദ്രിയപ്രാണബുദ്ധ്യാദികളിൽ വാസനാ പാണ്ഡിത്യ
ത്തിൽ സൌന്ദൎയ്യവാസനയും * നിത്യവും വിഷയത്തിലുള്ളോരു
വാസനയും പ്രദ്വേഷവാസനയും വൈദികമാൎഗ്ഗത്തിങ്കൽ * രുദ്ര
വൈകുണ്ഠദ്വേഷത്തിൽ വാസനയും ഭദ്രത വരുത്തീടും
ജ്ഞാനസാധനങ്ങളിൽ * പ്രദ്വേഷവാസനയും പാപത്തിൽ വാ
സനയുമിത്തരമുള്ളതെല്ലാമാകുന്നു പ്രതിബന്ധം * ഇപ്രതിബ
ന്ധംകൊണ്ടു പരമാദ്വൈതജ്ഞാനമല്പവുമുണ്ടാകാതെ തടസ്ഥ

പ്പെട്ടുന്നിതു * അതുകൊണ്ടിജ്ജന്മത്തിൽ കൈവല്യം വേണമെ ന്നാൽ മതിമാനായുള്ളവൻ വാസനാവൎഗ്ഗങ്ങളെ * കൈവിട്ടുകള ഞ്ഞിട്ടു പരമാദ്വൈതംതന്നെ കൈവശമാക്കീടേണം തന്നിഷ്ടംകൊ ണ്ടുതന്നെ * വേദസിദ്ധമായുള്ള പരമാദ്വൈതമാകും ബോധ ത്തിൻവൈഭവത്തെച്ചൊല്ലുവാനെളുതല്ല * അതിനാലടങ്ങുന്ന സകലാ കഥിതമായിതിനാൽതന്നേ സൎവ്വദുഃഖവും നിവൎത്തി ക്കും * അതുമാത്രവുമല്ലപരചിൽസുഖമാകും വിതതപ്രകാശമാം ബ്രഹ്മാത്മപ്രാപ്തിയുണ്ടാം * ദോഷങ്ങൾ സമസ്തവും തീൎന്നോരു വേദാന്താൎത്ഥം തോഷമോടെല്ലാനേരം ചിത്തത്തിലോൎത്തുകൊൾ വിൻ * * * * * * * *

നാലാമദ്ധ്യായം കഴിഞ്ഞു.

## ൫-ാമദ്ധ്യായം.

സാമശാഖയിലെ അവ്യക്തോപനിഷ ത്തിന്റെ സാരം.

അത്യന്തം ഗോപ്യമാകും സദുപദേശം കേട്ടുകൊൾവിൻ നി ത്യമായനന്തമായുള്ളതാമൎത്ഥത്തിനെ * സത്യമായ്പ്രകാശിച്ചു കാ ണാമിന്നിതുകൊണ്ടു തൃപ്തിയും വരുമെന്നു ബോധിക്ക ദേവന്മാരേ! * ഇതിനെശ്രവിച്ചീടിലശ്രുതം ശ്രുതമാകും മതമാമമതവും ജ്ഞാത മാമവിജ്ഞാതം * അല്പമാം മൃൽപിണ്ഡത്തെയറിയുന്നതുകൊണ്ടു കെല്പോടെയറിഞ്ഞീടാം മണ്ണെന്നെല്ലാമൊരുപോലെ * ഇരിമ്പിൻഖ ണ്ഡമൊന്നു കണ്ടവൻ ഭൂമിയിങ്കലിരിമ്പായുള്ള ജാതിയൊക്കയുമ റിഞ്ഞീടും * കാരണാഭിന്നമാകും കാൎയ്യമെന്നറിയേണം കാരണാ ൽ ഭിന്നമല്ല ഭിന്നാഭിന്നവുമല്ല * ഭിന്നമാണെങ്കിൽ കാൎയ്യമസ ത്തോ സത്തോ രണ്ടുമൊന്നിച്ചു കൂടിയതോ ചിന്തിക്കാം സത്തെ ന്നാകിൽ * സത്തായ ഭാവത്തിന്നെസ്സത്തയെന്നല്ലോ ചൊൽവൂ സത്തയോ കാരണത്തിലുള്ളതേ മുഖ്യമാവൂ * കാരണത്തിന്റെ സത്തതന്നെയോ കാൎയ്യമെന്നു പേരായുള്ളതിൽ സത്താവേറയോ ചിന്തിക്കേണം * കാരണത്തിന്റെ സത്താതന്നെയാണെന്നാകി ലോ കാൎയ്യത്തിൽ സത്ത പിന്നെ വേറെയല്ലൊന്നുതന്നെ * കാൎയ്യ

കാരണസത്തയൊന്നാകുമെന്നാകിലും കാൎയ്യമാകുമ്പോളന്യമായി ട്ടുമെന്ന പക്ഷം * വ്യൎത്ഥമാമതു കാൎയ്യമെന്നുള്ള നാമമാത്രം സത്ത വേറില്ല കാൎയ്യമസത്തെന്നതു യുക്തം * അസത്വം കാൎയ്യത്തിനു വ ന്നു കൂടുമ്പോൾ കാൎയ്യമസത്തല്ലയോ പിന്നെക്കാൎയ്യമെന്നതു വൃഥാ * കാരണസത്തയല്ല കാൎയ്യത്തിൽ വേറെയെന്നാൽ കാരണത്തിങ്കൽ നിന്നു കാൎയ്യസത്തയ്ക്കു പിന്നെ * സദ്രൂപമായോ ഭേദമസത്താം രൂ പമായോ സദ്രൂപമാകിൽ സത്തയൊന്നെന്നു സിദ്ധമായി * അ സത്താം രൂപംകൊണ്ടു ഭേദമെന്നുള്ള പക്ഷമസത്താം കാൎയ്യം പി ന്നെ ശൂന്യമെന്നറിയേണം * അസത്താം കാൎയ്യമെന്നാൽ കാൎയ്യ മേയില്ല പിന്നെയസത്താം വന്ധ്യാപുത്രനൊന്നിന്റെ കാൎയ്യമ ല്ല * അസത്താം പ്രദ്ധ്വംസവും കാൎയ്യമാണെന്നപക്ഷമസത്യം തന്നെയതിന്നുല്പത്തിയില്ലനൂനം * പ്രദ്ധ്വംസമെന്നാലതു കാൎയ്യത്തി ൻനാശമത്രേ പ്രദ്ധ്വംസാഭാവമെന്നു ചൊല്ലീടും നൈയായികൻ * കാരണം കരണവും കൎത്താവുമിത്യാദിയാം കാരകസംബന്ധവും പ്രദ്ധ്വംസത്തിങ്കലില്ല * പ്രദ്ധ്വംസമെന്നാലതു ശൂന്യമാണതൊ ന്നിന്റെ സദ്രൂപമായ കാൎയ്യമായിട്ടു ജനിക്കില്ല * എങ്കിലും വ ന്ധ്യാപുത്രൻ പോലെയല്ലല്ലോധ്വംസത്തിങ്കലുണ്ടല്പമായ വിശേഷം തോന്നുന്നെന്നാൽ * എന്തൊരു വിശേഷമാണതിന്നു സംബ ന്ധവുമെന്തൊരു കാരകത്തോടെന്നതും ചിന്തിക്കുമ്പോൾ * ധ്വം സവും കാണ്മാനില്ല വിശേഷം സംബന്ധവും ധ്വംസവുമൊന്നു തന്നെയാകയാലസത്യമാം * ജനിക്കെന്നുള്ളതിന്നുമാശ്രയമാകുന്നി ല്ല ജനിച്ചിട്ടില്ല വന്ധ്യാസുതനെന്നതുപോലെ * സദ്രൂപമസദ്രൂ പം രണ്ടുമൊന്നിച്ചതെന്നാലുക്തമായുള്ള ദോഷമപ്പൊഴും വന്നുകൂ ടും * സത്തയുമസത്തയുമൊന്നിങ്കലിരിക്കുമോ സത്ത കൂടാതെ കാ ൎയ്യമില്ലല്ലോ ലോകത്തിങ്കൽ * അതിനാൽ കാൎയ്യമെന്നും കാരണമെ ന്നും ഭേദം മതമല്ലഭിന്നമാമെന്നതേ പരമാൎത്ഥം * ഭിന്നവുമഭിന്ന വും രണ്ടുമൊന്നിച്ചതെന്നാലൊന്നായിരുവിക്കേണം ഭാവവുമഭാ വവും * ഭേദമുണ്ടെന്നുള്ളതും ഭേദമില്ലെന്നുള്ളതും ഭേദം കൂടാതെ യൊന്നായിരിക്കില്ലൊരിക്കലും * കാരണാഭിന്നമാകും കാൎയ്യമെന്നാ ലുമേവം കാണുന്ന ഭേദമെന്തെന്നായതും പറഞ്ഞീടാം * കാൎയ്യകാര ണഭേദം കാരകവ്യാപാരവും കാൎയ്യത്തിന്നുല്പത്തിയും നാശവുമൎത്ഥക്രി യാ * നാമരൂപങ്ങളെവമവയിൻ വിശേഷവും നാമരൂപമാം ഭ്രാന്ത്യാ സിദ്ധ്യം സിദ്ധിക്കുന്നു * ആകയാൽ കാൎയ്യമെല്ലാമാസ്തികന്മാരേ! ലോ

ക്കമാകവേ വാങ്മാത്രത്താലുണ്ടെന്നു ചൊല്ലീടുന്നു * കാരണം സ
ദ്രൂപമായ് സവ്വദാ നിലയ്ക്കുന്നു കാര്യരൂപമായ് തോന്നും വികാരം സ
ത്യമല്ല * കാരണത്തിനു പൂർവ്വമുള്ളൊരാകാരംതന്നേ കാര്യമായിട്ടു
മ്പൊഴുമല്ലാതെയാകുമ്പൊഴും * കാരണാഭിന്നമായിക്കാര്യത്തെ
നോക്കുന്നേരം കാരണംതന്നെയായിക്കണ്ടിടും നിസ്സംശയം *
സദ്രൂപമായിത്തന്നെ സവ്വദാ കാണ്മന്നതു സത്യമാണതിൽ ഭേദമു
ണ്ടെന്നതസത്യമാം * ആകയാലാസ്തികരെ! കാരണജ്ഞാനമൊ
ന്നാലാകവേയറിഞ്ഞീടാം കാര്യവർഗ്ഗത്തെ നേരായ് * യുക്തമാണി
തു ദൃഢം സംശയമൊന്നുമില്ല യുക്തിയുള്ളവർ നിങ്ങൾ ചിന്തിപ്പി
ൻ തെളിവോടെ * കാരണമൊന്നുതന്നേ രണ്ടാമതായിട്ടില്ല
നേരാണേ ഭിന്നമല്ല ഭിന്നാഭിന്നവുമല്ല * ഭേദമുണ്ടെങ്കിൽമിഥ്യത
ന്നെയാണോർത്തിടണം ഭേദത്തെയറിഞ്ഞാലേ വിഭാഗമറിയാവൂ *
ഭേദത്തെയറിവാനോ വിഭാഗമറിയേണം ഭേദവും വിഭാഗവുമന്യോ
ന്യമപേക്ഷിതം * ഭേദത്തെയിന്നതെന്നു ചൊല്ലുവാനസാദ്ധ്യമാം
ഭേദവുമഭേദവുമെങ്ങിനെ സംഗതമാം * ഇങ്ങിനെ കാരണത്തെ
നിത്യമായദ്വയമായ് നിങ്ങളാലോചനകൊണ്ടറിവിൻ സുരന്മാ
രേ! * കാരണമുപാദാനം നിമിത്തം രണ്ടും വേറായ് കാണുന്നവ
ല്ലോ മണ്ണും കുശവൻതാനും രണ്ടായ് * ഈവിധം ശങ്കിക്കേണ്ട
മണ്ണിനു ചൈതന്യമില്ലാവിധം പാത്രമാവാൻ കുശവൻ വേണ്ടി
വന്നു * അദ്വൈതമാകും ശുദ്ധചൈതന്യം ജഗത്തവാൻ ത
ദ്വ്യതിരേകമായിട്ടൊന്നുമേ വേണ്ടതില്ല * ചൈതന്യമാകകൊണ്ടു
കാരണം കുശവന്റെ ചൈതന്യംപോലെയെന്നു ശങ്കയും വേ
ണ്ടതില്ല * ജഡമാം കാരണത്തെയപേക്ഷിക്കുകയില്ല ജഡമായൊ
ന്നുമില്ല ചൈതന്യം സ്വയംതന്നെ * ഇങ്ങിനെ ജഗത്തിനു കാ
രണമായിട്ടുവാനെങ്ങിനെയവിക്രിയനാകിയ ശിവനാളായ് * അ
ങ്ങിതു ശങ്കിക്കേണ്ട ശിവങ്കലധീനയായ്മങ്ങിടും തമോമയീ ശക്തി
യാംമഹാമായാ * ഇങ്ങുള്ള വിദ്വാന്മാർക്കുമിന്നതെന്നറിവാനായ
ങ്ങൊരു മാർഗ്ഗമില്ല ചൊല്ലുവാനരുതല്ലോ * ദുർഘടകാരിണിയാം
മായയോടുള്ള ബന്ധമുള്ളൂടതാദാത്മ്യംകൊണ്ടുണ്ടാകമൂലമായി * സ
വ്വത്തിൻ സ്രഷ്ടാവായും സവ്വത്തിൻ ത്രാതാവായും സവ്വസംഹത്താ
വായും സവ്വദാ സദ്രൂപമേ * ചിദ്രൂപനാണെങ്കിലും സുരരേ! ബ
ഹുരൂപമദ്വയരൂപത്തിങ്കലായിട്ടു തോന്നീടുന്നു * ചിദ്രൂപമായ

തിന്നു സത്യത്വം യുക്താതന്നെ ചിദ്രൂപമല്ലാത്തതു മിഥ്യയായ്യുന്നേ
വത്രെ * അതിനാലിക്കാരണം സത്യം ശാശ്വതമേകം മതമാമൊട്ടു
ക്കത്തിലിങ്ങിനെ പരമാൎത്ഥം * ഇക്കണ്ട ജഗത്തെല്ലാം സത്താ
കും പൂൎവ്വംതന്നെ ചൊല്ലിട്ടൊള്ളും ദേവന്മാരേ! പൂൎവ്വമില്ലാത്തതല്ല *
ഇല്ലാത്തതായിരുന്നുവെന്നതു ഭ്രാന്തിതന്നെ ഇല്ലാത്തതുണ്ടാകുമോ
ഭ്രാന്തന്മാരല്ലോ ചൊല്ലൂ * അസത്താം കാരണമെന്നോതുന്നതയു
ക്തമാമസത്താം വന്ധ്യാപുത്രനെന്തിന്റെ കാരണമാം * അസ
ത്തും സ്വശക്തികൊണ്ടല്ലാക്കാരണമായി പ്രസിദ്ധിച്ചീടുമെന്നു
തെല്ലുമേ ശങ്ക വേണ്ട * സത്തായിട്ടിരിക്കുന്നു സൎവ്വത്രബീജഭൂതം
സത്തിനെക്കൂടാതകണ്ടസത്തിൽ ശക്തിയുണ്ടോ * മുളയുണ്ടാകും
ശക്തി സ്വരൂപത്തിലേ കാണ്മൂ വിളയുന്നുണ്ടു ബീജമസത്തു വിള
യുമോ * അങ്ങിനെയുള്ള ശക്തി സത്തെന്നോ അസത്തെന്നോ
നിങ്ങടെ വിചാരത്തിൽ സദസത്തെന്നോ ചൊൽവിൻ * സ
ത്താകും ശക്തിയെന്നാലസത്തിലിരിക്കുമോ സത്തായിട്ടുള്ളതല്ലേ
ആശ്രയമാകയുള്ളു * അസത്താമാശ്രയത്തിൽ സത്തിരിക്കുന്നു
വെന്നതസത്യംതന്നെയെങ്ങുമിങ്ങിനെ കാണ്മാനില്ല * അസത്താ
യുള്ള ശക്തി നിൎവ്വഹിക്കുമോ കാൎയ്യമസത്താം വന്ധ്യാപുത്രൻ നി
ൎവ്വഹിച്ചുള്ളതുണ്ടോ * സത്തായിട്ടുള്ളതൊന്നു നിൎവ്വഹിച്ചീടും ധ
ൎമ്മം സത്തായിട്ടുള്ളതിന്നേ പതിവായ് കാണുന്നുള്ളൂ * സദസത്താ
ണു ശക്തിയെന്നാകിൽ ദോഷം രണ്ടുവിധവും വന്നുകൂടും മുമ്പിൽ
ചൊന്നതുതന്നെ * അതിനാലസത്തൊരു കാരണമാകുന്നില്ല
പൊതുവിൽ കാൎയ്യത്തിനുതന്നുടെ ശക്തികൊണ്ടേ * ഇതിനാൽ
തന്നെ വേണ്ടതല്ലപമസദ്വാദമിതി വാദിക്കമൊത്രം യുക്തിയുള്ളതുമ
ല്ല * അതിനാലെല്ലാറ്റിനും കാരണം സത്തുതന്നെയതിനു സന്ദേ
ഹമില്ലസത്തല്ലാസ്തികരേ! * കാരണംസത്തായ്തന്നെ സൃഷ്ടിക്കു പൂൎവ്വ
സ്ഥിതം നേരായിട്ടാദ്യന്തവുമില്ലാത്ത സദദ്വയം * പൂൎവ്വകല്പത്തിങ്കലെ
പ്രപഞ്ചസ്മൃതികൊണ്ടും സൎവ്വപാകമാം കാലകൎമ്മത്തിൻ പാകംകൊ
ണ്ടും * സത്വമെന്നൊരു വൃത്തി തന്നിലങ്ങുദിക്കയാൽ ശക്തിമ
ത്തായിബ്ബ്രഹ്മ രൂപനാഃകണമെന്നായ് * ഇഛരയോടീക്ഷിച്ചിതു പൂ
ൎവ്വസംസ്കാരംകൊണ്ടു നിശ്ചിതമാകാശവും വായുവും തേജോ ജലം *
പൃഥ്വിയുമെന്നീവണ്ണം സൂക്ഷ്മങ്ങളുണ്ടായ്വന്നു സത്യമായുണ്ടായു
ള്ള ഭൂതങ്ങളെല്ലാം പിന്നെ * ശക്തിമൽ ബ്രഹ്മംതന്നെ തന്നുടെ

ശക്തികൊണ്ടു പ്രത്യേകമിരണ്ടാക്കിയഞ്ചിനെ വിഭാഗിച്ചു * പത്താക്കിയഞ്ചുഭാഗം പ്രത്യേകം നന്നാലാക്കി പ്രത്യേകമോരോരംശമോരോരോ ഭൂതങ്ങളിൽ * ചേൎന്നപ്പോളെല്ലാററിലും സ്വന്തമായൎദ്ധഭാഗം ചേൎന്താണഞ്ചുംപിന്നെ നാലു ഭൂതങ്ങൾകൂടി * ഇങ്ങിനെ രണ്ടൎദ്ധവും കൂടിയങ്ങൊരു ഭൂതം ഭംഗമില്ലഞ്ചിങ്കലുമഞ്ചുണ്ടു യഥാക്രമം * ഭൂതങ്ങൾ പഞ്ചീകരിച്ചുണ്ടായി ബ്രഹ്മാണ്ഡവുമാതതമായീടുന്ന ഭുവനം മൂന്നും പിന്നെ * കാരണമാകും ബ്രഹ്മശക്തിയാലുണ്ടാവുന്നു ജാരജമണ്ഡജവും സ്വേദജമുത്ഭിജ്ജവും * കാലപാകമാം പ്രാണികൎമ്മത്തിൻവശത്താലേ കോലങ്ങൾക്കെള്ളിലെല്ലാമൊരുപോൽ ചൈതന്യമായ് * ലീലയാ വസിച്ചീടും ദേവൻെറ സങ്കല്പത്താൽ സ്ഥൂലമാം രൂപം നാമമെല്ലാമിങ്ങുളവായി * ഇജ്ജഗൽ സൎവ്വം സത്യമെന്നേ തോന്നുന്നുവെന്നാലിജ്ജഗൽ സത്യംതന്നേ കാരണരൂപമായി * കാരണമാകും ബ്രഹ്മത്തിങ്കൽനിന്നന്യമായിക്കാൎയ്യമാം ജഗത്തില്ല സംശയമില്ലിതിങ്കൽ * ആദിയിലുണ്ടായോരു ലോഹിതവൎണ്ണമഗ്നിക്കോതീടാം ശ്വേതവൎണ്ണം സലിലത്തിനുമേവം * ഭൂമിക്കുള്ളൊരു വൎണ്ണം കൃഷ്ണമാമഗ്നിയെന്നാൽ നാമിപ്പോൾ കണ്ടീടുന്ന രൂപമല്ലാതെയില്ല * രക്തവും ശുക്ലം കൃഷ്ണമിങ്ങിനെ മൂന്നു വൎണ്ണമൊക്കയും തേജോ ജലം ഭൂമിക്കുമൂന്നുംകൂടി * ഉൾക്കൊണ്ട ചൈതന്യവും കൂടിയിജ്ജഗത്തുണ്ടായക്കനം രൂപമല്ലാതന്യമൂൎത്തിയുമില്ല * കേവലമാദിത്യനെന്നിങ്ങിനെ തോന്നീടുന്നു കേവലമവിവേകഭ്രാന്തിയാണതും നൂനം * ഇങ്ങിനെ ചന്ദ്രൻ വിദ്യുത്തേജസ്സാം മററമെല്ലാം ത്രിംഗമായ് വിചാരിച്ചാലുള്ളതും രൂപംമാത്രം * ഇതുപോൽ ഘടകുഡ്യംമുതലാം ഭാവങ്ങളുമിതുപോൽ ഭുവനങ്ങൾ ഭൂതങ്ങളെല്ലാമൊന്നേ * അതുലബ്രഹ്മമായ സദ്രൂപംമാത്രമാകുമതുകൂടാതെ വേറൊന്നില്ലല്ലോ സുരന്മാരേ! * എങ്കിലും ദേഹേന്ദ്രിയസംഘാതമഹമെന്നു തങ്കലായ് ഭവിക്കുന്നു താനായേ തോന്നീടുന്നു * പൂൎവ്വമാം പ്രപഞ്ചത്തിൻ വാസനകൊണ്ടുതന്നേ സൎവ്വത്ര വൎത്തമാനപ്രപഞ്ചം തോന്നീടുന്നു * ഈയൊരു വാസനകൊണ്ടിനിയും തോന്നുന്നതാമീവിധം പരംപരാഭ്രാന്തിയുണ്ടനാദിയായ് * അഹമെന്നതിനൎത്ഥം ദേഹാദിസംഘാതമല്ലഹമെന്നതിനൎത്ഥം സാക്ഷിചൈതന്യംതന്നെ * ഭൌതികമാകും ദേഹമന്നാദിപദാൎത്ഥമാം ഭൌതികവസ്തുക്കളാൽ തളിക്കുന്നിതു നിത്യം * തണ്ണീരും മണ്ണുംകൂട്ടിക്കുഴച്ചു നിൎമ്മിച്ചതാം വൎണ്ണമുള്ളൊരു

ഭിത്തിമിനുസം വരുത്തുവാൻ * തണ്ണീരും മണ്ണും കൂട്ടിക്കുഴച്ചു തേച്ചുതേച്ചു പിന്നെയും തടിപ്പിക്കും ദേഹവുമതുപോലെ * ഉണ്ണുന്ന ഭൌതികത്തിൻ രസത്താൽ തടിക്കുന്നു വിണ്ണവർ വീരന്മാരേ! ദേഹാദിസംഘാതത്തിൽ * മുന്നമേതോന്നീടുന്നോരഹമെന്നെൻറയെന്നും ഭിന്നബുദ്ധിയെ വിട്ടു സാക്ഷിയാം ചൈതന്യത്തിൽ * ഉന്നമായഹം ബുദ്ധിയഭ്യസിക്കണം നിത്യം ധന്യനാമവനെന്നാൽ മുക്തനമവൻതന്നെ * ക്ഷീരത്തെക്കാച്ചിക്കടഞ്ഞെടുക്കും വെണ്ണപോലെ ഭൂരാദിരസങ്ങളിൽ നിന്നിങ്ങു ബുദ്ധ്യാദികൾ * ഓരോരോ ശരീരത്തിലോരോരോ പരിണാമം നേരിട്ടപോലെയായിബ്ബുവിക്കും ഭാവഭേദം * അന്നത്തിൻരസംകൊണ്ടു തൃപ്തിയുണ്ടാകുന്നേരം മുന്നം താൻ മാന്നുള്ള തൊക്കയും സ്മരിക്കുന്നു * ആയതുകൊണ്ടും ബുദ്ധിയന്നത്തിൻ കാൎയ്യമന്നുമായമറാറിഞ്ഞീടാം സംശയമേതുമില്ല * അന്നകാൎയ്യമാം ബുദ്ധിതന്നെയും വെടിഞ്ഞിട്ടു പിന്നെയും വിവേകത്താൽ ചിദ്രൂപസാക്ഷിയിങ്കൽ * നിത്യവുമഹം ബുദ്ധിയഭ്യസിക്കേണം പുമാൻ ഇത്തരം സ്വാത്മാവിങ്കൽ പ്രീതിയുണ്ടാകുംനേരം * ദുഃഖങ്ങളെല്ലാം തീൎന്നു സുഖമായുറങ്ങീടും ദുഃഖമററാത്മരൂപമിങ്ങിനെ ദൃഷ്ടമല്ലോ * ആകയാൽ ബുദ്ധിയുള്ളോൻ ദേഹാദിബുദ്ധിനീക്കിയേകമാം സാക്ഷിയിങ്കലാക്കേണമഹംമതി * സാക്ഷിവേദ്യമാം സൎവ്വം കേവലബ്രഹ്മമെന്നോ സാക്ഷാൽ സമ്പൂൎണ്ണസത്യചൈതന്യം തത്വമൎത്ഥം * ത്വംപദംകൊണ്ടു ചൊല്ലുന്നൎത്ഥമാം സോഹമെന്നു കമ്പമുള്ളോൎക്കുകൂടിയുള്ളോരു സ്വയംപ്രഭം * അഹമെന്നതിനൎത്ഥം യാതൊന്നു തോന്നാമെന്നാലഹമാണതുതന്നെ ത്വംപദത്തിനൎത്ഥം * ത്വമഹംശബ്ദങ്ങൾക്കു ലക്ഷ്യമാമൎത്ഥം സാക്ഷാദ്വിമലപ്രത്യഗ്ബോധചൈതന്യം പരം തത്വം * തച്ഛബ്ദത്തിൻറെ ലക്ഷ്യമായതുമതുതന്നേ സ്വച്ഛമാം നിസ്സംശയം കേവലം ബ്രഹ്മരൂപം * ത്വമഹം ശബ്ദാൎത്ഥമാം ചൈതന്യത്തിൻതന്നേ വിമലബ്രഹ്മമാകും തല്പദൈക്യത്തെച്ചൊൽവു * ശ്രുതി ചൊല്ലീട്ടും തത്വമസിയാം മഹാവാക്യം മുതിരുന്നില്ല ദേഹാദ്യൎത്ഥത്തെച്ചൊല്ലീടുവാൻ * ചൈതന്യാകാരംകൊണ്ടു ത്വംപദംതല്പദവും കൈതവമില്ലാതൊന്നെന്നുരചെയ്യുന്നു വാക്യം * വിരുദ്ധസ്വഭാവമാം ദേഹാദിവസ്തുക്കൾക്കു വിശുദ്ധജ്ഞാനമാകുമാത്മൈക്യം ചൊല്ലുന്നീല * ആയതുകൊണ്ടുതന്നെ ത്വമഹം ശബ്ദലക്ഷ്യം മായയാ ദേഹാദിയല്ലായതു സാക്ഷിയത്രേ * അതു

പോൽതന്നെ പിന്നെത്തൽപദത്തിന്റെ ലക്ഷ്യം വൃത്തതാം നാമരൂ
പമല്ലല്ലോ ചിദാകാരം * സാക്ഷിയാം ചിദാകാരമൊന്നെന്നു സ്വ
തസ്സിദ്ധം സാക്ഷാൽ കണ്ടറിവാനായ് ചൊല്ലുന്നുവെന്നുമാത്രം*ആ
സ്തികന്മാരേ! മഹാവാക്യാൎത്ഥം വേറെവിധം നാസ്തിയാമിതുതന്നെ
സംശയം തീൎന്നിടണം * ഏകത്വം സ്വതസ്സിദ്ധമെങ്കിലോ പിന്നെ
വാക്യമേകത്വം ചൊല്ലുന്നതോ ചൊല്ലേണം മാറ്റെന്നാകിൽ* ചൊ
ല്ലുമ്പോൾ മറന്നതുമോൎമ്മവന്നീടുന്നിതു കില്ലില്ല വിദ്യകൊണ്ടേയവി
ദ്യ നീക്കീടാവൂ * ഏകത്വപ്രമിതിയും ചൊല്ലുന്നില്ലജ്ഞാനമാമേക
ദോഷത്തെത്തീൎപ്പാൻ മാത്രമാണുപദേശം * പരമപ്രകാശത്തില
ജ്ഞാനമില്ലാത്തതാണതു ചൊല്ലീടുവാനജ്ഞാനം നീങ്ങുമെന്നും *
ഏകത്വം മുൻചൊല്ലിയ വാക്യാൎത്ഥംതന്നെബുദ്ധിപാകത്തിൽ സി
ദ്ധിച്ചീടും സ്വയമായ്ക്കുന്നേ ദൃഢം * അല്ലാതെ പ്രമാണങ്ങളില്ലല്ലോ
പരമങ്കലെല്ലാമേ മടങ്ങുന്നു ചൊല്ലുവാനരുതാതെ * അജ്ഞാനമെ
ന്നുള്ളതും ബ്രഹ്മമെന്നായിടേണമജ്ഞാനമെന്നുവേറേസത്ഭാവമില്ലാ
യ്കയാൽ * വ്യാവഹാരികമാകുമജ്ഞാനം സ്വതേതന്നേ ഭാവമില്ല
തിനൊന്നും വിസ്മൃതിരൂപമത്രേ * സത്തായുള്ളതിനല്ലേ സത്ഭാവം
ചൊല്ലീടാവൂ സത്തായിച്ചൊല്ലുവിക്കയില്ലജ്ഞാനം നിരൂപിച്ചാൽ * സ
ത്തെന്നുമസത്തെന്നും ഭിന്നകോടികളില്ലാതൎത്ഥത്തെയല്ലോ ബ്രഹ്മ
വസ്തുവെന്നോതീടുന്നു * ആയതുകൊണ്ടുതന്നേ സദസദ്രൂപമെല്ലാ
മായതിന്നധിഷ്ഠാനസത്തയാൽ സത്ഭാവമാം* സദസദ്രൂപത്തിന്റെ
സ്ഥാനമെന്തെന്നു കണ്ടാലതു സദ്രൂപമാകും കേവലം ഭാനംമാത്രം *
ഭാനസംബന്ധംകൊണ്ടു മറ്റൊരു വസ്തുവിന്നും ഭാനമുണ്ടാകുമെന്നും
ചൊല്ലുന്നതയുക്തമാം * അന്യവസ്തുവിനോടു സംബന്ധം ചൊല്ലി
ടേണമന്യമില്ലൊരു വസ്തുവുണ്ടെന്നാൽ ബ്രഹ്മമൊന്നേ * അനിരൂ
പിതമായ സദ്രൂപമെന്നു ചൊന്നാലിനിയില്ലൊരു വാദം സന്മതം
രൂപംതന്നെ * ബ്രഹ്മരൂപമേയല്ലാതില്ലൊരു രൂപം വേറേയുണ്മയി
ലുണ്ടെന്നാകിൽ ബ്രഹ്മമാണതു രൂപം * രൂപത്തെ രൂപിക്കുന്ന രൂ
പമാം ബ്രഹ്മരൂപം രൂപമുണ്ടന്യമെന്നാലതു രൂപത്തിൽനിന്നു* ഭി
ന്നമോ അഭിന്നമോ ഭിന്നാഭിന്നമോ ഭിന്നമെന്നാകിലസംഭവം മനു
ഷ്യക്കൊമ്പുപോലെ * ഭിന്നമല്ലെന്നാലതുതന്നെയെന്നതു സിദ്ധം
ഭിന്നവുമഭിന്നവും ചേൎന്നതോ മുമ്പുതന്നെ * നിൎണ്ണയിച്ചുള്ളതല്ലോ

മിത്ഥ്യയാണെന്നുതന്നെ നിൎണ്ണയമിപ്രകാരം സുരരേ! ബോധിക്കേ
ണം * അനിരൂപിതരൂപസത്ഭാവമെന്നുള്ളതുമനിരൂപിതമെന്ന
വാൎത്തയിൽ നിന്നീടുന്നു * ആയതുകൊണ്ടു സൎവ്വവാദവുമജ്ഞാനമാ
മായതബ്രഹ്മമൊന്നേ സതതപ്രകാശമാം * സൎവ്വമജ്ഞാനമെന്നി
ങ്ങിനെ ചൊല്ലുന്നതും ശൎവ്വനെക്കൂടാതെകണ്ടില്ലല്ലോ വാസ്തവത്തി
ൽ * അതിനാലജ്ഞാനവും തൽക്കാൎയ്യമായുള്ളതും മതിമാന്മാരേ! സ
ൎവ്വമേകമാം ബ്രഹ്മംതന്നേ * അന്യമായൊന്നുമില്ല നിശ്ചയമിതുത
ന്നേ ഇഃന്നവംകാണും ജഗത്തെല്ലാമാത്മാവുതന്നെ * ഇങ്ങിനെ
ചൊല്ലുന്നിതു ശ്രുതിയും പരമാൎത്ഥമിങ്ങിഹ കഥിപ്പതിന്നല്ലയോ പ്ര
വൃത്തയായ് * ശ്രോതാവിൻചിത്തത്തിനു പാകം പോരായ്കകൊണ്ടു
മോതുവാനരുതാതെ കുഴങ്ങി ശ്രുതിയേററം * അന്യാൎത്ഥമായും ജഗ
ദ്രൂപത്തെക്കഥിച്ചീടും ഭിന്നങ്ങളാകും ധൎമ്മമധൎമ്മം ഫലഭേദം * സാ
ദ്ധ്യസാധനഭേദം സംബന്ധഭേദങ്ങളുമാദ്യമാം വൎണ്ണാശ്രമവിഭാഗം
തദ്ധൎമ്മവും * പുണ്യവുമപുണ്യവും ഭൂതഭൗതികഭേദം വൎണ്ണ്യമാം
ശബ്ദഭേദനിൎദ്ദേശം തദൎത്ഥവും * ആത്മാവിന്നന്യമാകും സൎവ്വത്തി
ൻ സത്ഭാവവുമാത്മാവല്ലാത്തതെല്ലാം മിത്ഥ്യയാണെന്നുള്ളതും* മായ
യും മായാത്വവും മായയാ ബന്ധമെന്നും മായപോം ബ്രഹ്മവിദ്യ
കൊണ്ടെന്നു മതിന്നായി * ഗുരുവും ശിഷ്യനുമായ് സംവാദം ശാ
സ്ത്രങ്ങളുമുരുധാ തൎക്കങ്ങളും വിതൎക്കം മററുമേവം * യതശ്ശബ്ദങ്ങൾ
കൊണ്ടു നിൎദ്ദേശമന്യാൎത്ഥമായ് നിത്യമാം പരബ്രഹ്മതൽപരയാകും
ശ്രുതി * ചിത്തപാകത്തിനൊത്ത വിഷയം ശ്രോതാവിനങ്ങുത്തമ
സോപാനമായ് കാട്ടീടും സുരന്മാരേ! * ഈവണ്ണം മന്ദം മന്ദം ഹിത
മായുപദേശിച്ചീവണ്ണം പാകമുള്ളോരധികാരിക്കു പിന്നെ * സൎവ്വ
മാത്മാവെന്നു പരമാമദ്വൈതത്തേ നിൎവ്വിശേഷാഖ്യമായിച്ചൊല്ലു
ന്നു സുരന്മാരേ!* ജീവനും ജഗത്തന്നുമീശ്വരനെന്നും പല ഭാവമി
ല്ലാത്തതായ സച്ചിദാനന്ദം ബ്രഹ്മം* കേവലമാത്മാവൊന്നെന്നൈ
ക്യത്തെച്ചൊല്ലീടുന്നുകേവലബ്രഹ്മമൊന്നേസംപൂൎണ്ണമെന്നുതന്നെ*
ആത്മാവിൻ സംപൂൎണ്ണത്വം പരമാദ്വൈതജ്ഞാനമാത്മാവിലന്യ
ജ്ഞാനമജ്ഞാനമെന്നും ചൊല്ലാം * മനനം ചെയ്യീടിലും മനനം
ചെയ്യായ്കിലും മനസി പ്രകാശിക്കുമിയൎത്ഥംതന്നേ ദൃഢം * സതതം
ഭേദമില്ലാതിപ്രകാരമാം ജ്ഞാനംമതിമാന്മാരേ! യെങ്ങും ദുൎല്ലഭംതന്നെ
ന്നൂനം * ഏതെല്ലാം സ്വഭാവമായേതെല്ലാം വസ്തുക്കളായേതെല്ലാം

തോന്നീടുന്നുവെന്നാകിലായതെല്ലാം * ശിവനാം സ്വയമാത്മാവേ
റെയൊന്നുമേയല്ല ദിവിജന്മാരേ! സവ്വം ശംഭുതൻ പ്രഭയല്ലോ * ഇ
ങ്ങിനെ നിശ്ചിതമാം ജ്ഞാനമെന്നതുതന്നെ ഭംഗിയിൽ പരാദ്വൈ
തജ്ഞാനമെന്നുരച്ചുന്നു * സവ്വവും ശിവനെന്ന ഭാവത്തിൻവളച്ച്
പോൽ ശവ്വന്റെ ഭജനവും വളരും യത്നാ വിനാ* സവ്വവും ശങ്കര
നെന്നെപ്പോഴും ചിന്തതന്നേ ശവ്വന്റെ ഭജനമെന്നതിന്റെ താല്പ
യ്യാത്ഥം * രൂപാദിവിഷയങ്ങളേതെല്ലാം പ്രകാരമായ് രൂപിച്ചു പ
ലതായിട്ടുണ്ടെന്നാലതിലെല്ലാം*ഒന്നുവിട്ടൊന്നിലായിപ്പററി മറെറാ
ന്നിൽ പിന്നെ നിന്നീടും പുനരേവമിരിക്കും ഭാവന്തന്നെ * അനു
സന്ധാനമാകും പൂജനം സ്വഭാവത്താലനുവേലവുമേവം ശിവങ്കൽ
ഭവിക്കുന്നു *ശിവരൂപമായ് സവ്വമറിയുന്നവനല്ലോ ശിവതത്വജ്ഞ
നെന്ന നാമത്തിനുള്ള പാത്രം * ശിവരൂപത്തിലല്പംപോലുമുണ്ടശി
വമെന്നെവനു തോന്നുന്നുവോ മതിമോഹത്തിനാലേ* അന്യമായൊ
രു വസ്തുവുണ്ടെന്നു തോന്നുന്നവനന്യനായധമനില്ലവനാം ശിവ
ദ്രോഹി*സവ്വവും ശിവരൂപം സ്വഭാവാൽതന്നെയെന്നിങ്ങുവ്വിയിൽ
വാഴുന്നവൻ സ്വച്ഛന്ദചാരിയത്രേ * ശിഷ്ടാചാരനുമവൻതന്നുടെ
ശരീരാദിചേഷ്ടകൾ സമസ്തവും പൂജയായ് ഭവിക്കുന്നു * ശംഭുതൻ
സ്വരൂപത്തിലെന്തെല്ലാം ശോഭിക്കുന്നിതിമ്പമോടവയെല്ലാം കണ്ടു
ങ്ങു സുഖിച്ചീടും * വിജ്ഞാനംകൊണ്ടിങ്ങിനെ യത്നം കൂടാതെത
ന്നേ പ്രാജ്ഞനാമവൻ ചെയ്യും പരമേശ്വരപൂജാം * ലീലയാ ജഗ
ദ്രൂപാ താൻതന്നേ തങ്കൽതന്നേ കോലം പൂണ്ടുള്ള ഭോക്താ ഭോജ്യവു
മെന്നിതെല്ലാം * കാലകാലനാമാത്മദേവതാ ഭുജിക്കുന്നു മൂലമാം ശി
വരൂപജ്ഞാനമിങ്ങിനെയല്ലോ * ചക്ഷുരാദികളാലേ വിഷയാകാര
ങ്ങളെ വീക്ഷണാദികൾകൊണ്ടു ലീലയാ ഭുജിക്കുന്നു * ഇങ്ങിനെ
സ്വഭാവത്താലച്ചനം നിരന്തരം മംഗലമൂത്തിയിങ്കൽ താനേ സംഭ
വിക്കുന്നു* പരമാദ്വൈതജ്ഞാനമിങ്ങിനെ സംസാരത്തിൽ പരമാ
യുള്ള ഭയം തീപ്പതിന്നുപായമാം* പരമേശ്വരനുടെ ദിവ്യമാം പ്രസാ
ദത്താലൊരുവന്നിതുവരാമല്ലാതെയാക്കുമില്ല * രാത്രിയിൽമാത്രം ക
ണ്ണു കാണുന്ന ശരീരിക്കു മിത്രരശ്മികൾ കാണ്മാനരുതാത്തതുപോ
ലെ*അദ്വൈതംതന്നെയെല്ലാനേരവുമെന്നാകിലും ബുദ്ധിയിൽതെ
ളിവില്ലാത്തവരോ കാണുന്നില * ഈശന്റെ പ്രസാദവും ധൈയ്യ

വും വിശ്വാസവും ദേശികാലോകനവും കൎമ്മസാമ്യവുമെല്ലാം* ഒത്തു
വന്നിടുംനേരം സ്വയമായ് പ്രകാശിക്കും ചിത്തശ്ശുദ്ധിയെക്കൊണ്ടേ
സാധിപ്പൂ സുരന്മാരേ! * ഇങ്ങിനെ ചൊന്നതിനെത്തന്നെ പിന്നെ
യും ചൊല്ലും തിങ്ങീടും സംസാരികൾക്കെകമേ ദുഃഖം തീൎപ്പാൻ* തങ്ങ
ടെ കിടാങ്ങൾക്കു ഹിതത്തെച്ചൊല്ലും മാതാവെങ്ങിനെയതുപോലെ
മാറീടരുതെന്നും * ശിവനാമാത്മാവൊന്നേ വേറെയില്ലുണ്ടെന്ന
തും വിവദിക്കാതെ സ്ഥിരനിശ്ചയം സിദ്ധാന്തമാം * പൂൎവ്വപക്ഷങ്ങളാ
കും ശാസ്ത്രങ്ങൾ പ്രമാണങ്ങൾ സൎവ്വവും സിദ്ധാന്തത്തിന്നടുത്തു ചെ
ന്നു നില്ക്കും * ഇങ്ങിനെ വേദാൎത്ഥത്തെയറിവിൻ സുരന്മാരേ! ഇ
ങ്ങിനെയല്ലെന്നാകിൽ വേദത്തിനൎത്ഥമില്ല * നാസ്തി സംശയമേതും
ഭേദമില്ലീയൎത്ഥത്തിലാസ്തികന്മാരേ! തീൎച്ചിൽ പഴക്കും പരശ്വധം *
നേരെ കൈകൊണ്ടു താന്നേ ഭംഗിയിലെടുത്തീടാം നേരാകുമീയൎത്ഥ
മെന്നിങ്ങിനെ മൂന്നുവട്ടം * ശിവനെത്തൊട്ടുകൊണ്ടു ശപഥം ചെ
യ്തീടുന്നു ശിവമാം വേദാൎത്ഥമിന്നിങ്ങിനെയല്ലെന്നാകിൽ*ലവതാമ
സം കൂടാതെന്നുടെ ശിരസ്സിപ്പോളിവിടെത്തന്നെ പൊട്ടിത്തെറി
ക്കും നിസ്സംശയം * അതിനാല മൎത്ത്യരേ! വേദാൎത്ഥമിതുതന്നെ മതി
ശേഷം പരൻ താന്നേ സാന്നിദ്ധ്യം കാട്ടീടുമേ * ഇങ്ങിനെയുരചെയ്തു നാ
ന്മുഖനായ ദേവൻ ഭംഗിയിൽ സകലൎക്കും ഹിതത്തെച്ചെയ്തീടുവാ
ൻ * ശിവഭക്തികൊണ്ടേറാം പാരവശ്യം പൂണ്ടു ശിവനായ്ക്കൊണ്ടു
ഭൂമൌ ദണ്ഡവന്നമസ്കാരം * വിധിപോലനുഷ്ഠിച്ചുനേരത്താ സ്ഥല
ത്തിങ്കൽ വിധുചൂഡനും സാംബമൂൎത്തിയായ് പ്രത്യക്ഷമായ്* നീലമാം
കണ്ഠത്തോടും മുക്കണ്ണൻ ദയാനിധി നീലലോഹിതൻ ശംഭു ബ്രഹ്മാ
ദിദേവവന്ദ്യൻ * പ്രത്യക്ഷനായനേരം ദേവന്മാർപുരോഭുവി പ്രത്യ
ക്ഷമായിറങ്ങി വന്നിതു സ്വൎണ്ണപീഠം * നിൎമ്മലദിവ്യാസനംതന്നിൽ
വന്നിരുന്നിതു നിൎമ്മലസച്ചിൽസുഖരൂപനാം ഭഗവാനും * ഇങ്ങി
നെ മഹാദേവൻതന്നുടെ സ്വരൂപത്തെ ഭംഗിയിൽക്കണ്ടീടുവാൻ
വിശ്വപാലകനായ * വിഷ്ണു വീൎയ്യദൃപ്തമത്തെയറിഞ്ഞിട്ടങ്ങു വേഗം ശൂ
ക്ഷ്മമാം രൂപത്തോടും സന്നിധാനത്തെച്ചെയ്തു * പുഷ്പവൎഷവുമുണ്ടാ
യ്പിന്നെയും മുനിവൃന്ദമൊപ്പമായ് സ്തുതിചെയ്തു വേദവാക്യങ്ങളാ
ലേ * ഭക്തന്മാരവരെല്ലാം ശിവനെപ്പൂജിച്ചിതു ഭക്തിസൌഖ്യ
ത്തെക്കണ്ടു പാടീടുന്നിതു ചിലർ * ഉച്ചമന്ദങ്ങളായും മൃദുതീവ്ര

ങ്ങളായുരുമൊച്ചയുള്ളതാം കൊമ്പും കുഴലും ഭേരികളും * മുഖ്യമായുള്ള വാദ്യമൊക്കെയും ഘോഷിക്കുന്നു മുഖ്യമായുള്ള താളകാലജ്ഞന്മാരായവർ* അപ്സരസ്സുകൾ നൃത്തം ചെയ്യുന്നു ഗാനത്തോടും സുപ്രസന്നരാം കവിസംഘവും കീർത്തിക്കുന്നു * ഇത്ഥമീശ്വരൻതന്റെ മുന്നിലായ് ഭക്തസംഘം ചിത്തകൌതുകത്തോടും സേവിച്ചുനിന്നീടുന്നു * വിസ്മിതന്മാരായ് ചില മുനിമാർ ശ്രദ്ധയാലേ സസ്മിതം നോക്കും തല കുലുക്കും നോക്കും പിന്നെ* ചിത്തത്തിൽ ഭ്രാന്തുപോലെ പരമാനന്ദം കൊണ്ടു ചിത്രമാം മുഷ്ടിയുദ്ധം ചെയ്യുന്നു ചിലരപ്പോൾ * ചിലരെച്ചിലർ ചുമന്നിടുന്നു ശിരസ്സിങ്കൽ ചിലർ തൻചുമലിലും ചിലർ തൻമുതുകിലും* കയർകൊണ്ടുറി കെട്ടിച്ചുമക്കുന്നിതു ചിലർ കയറിക്കുതിരമേൽഗമിക്കുന്നിതു ചിലർ* ചിലരേ ബന്ധിക്കുന്നു ചിലരേ മോചിക്കുന്നു് പലജാതിയും തമ്മിൽ പ്രീതരാമവരേററം* അന്യോന്യമസ്ത്രങ്ങളാലസ്ത്രങ്ങൾ മുറിക്കുന്നിതന്യോന്യമാലിംഗനം ചെയ്യുന്നു ചിലരേവം* സന്തുഷ്ടന്മാരായുള്ള ഭക്തരെക്കണ്ടു ശിവൻ സന്തുഷ്ടചിത്തനായി ശിവയാം ശക്തിയോടും* ശബ്ദിച്ചീടരുതെന്നു ചൊന്നപ്പോൾ നിശ്ശബ്ദമായ് ശബ്ദയോനിയാം ദേവൻ വിധിമാധവന്മാരെ * മററുള്ള സുരരേയും തൃക്കണ്ണോത്തരുൾചെയ്തു മററമുള്ളോരു വേദസംഘത്തിന്നർത്ഥഭൂതൻ* സർവ്വലോകങ്ങൾ സൌഖ്യപ്രാപ്തിക്കു പൂജിച്ചീടും സർവ്വജ്ഞനായ ദേവനിങ്ങിനെ മധുരമായ്* ചൊന്നൊരു വാക്യം കേട്ടുകൊള്ളുവിൻ മുനിമാരേ! നന്നിതു ഭഗവാന്റെ കാരുണ്യമോർത്തുകണ്ടാൽ * സർവ്വുമഹംതന്നെ വേറെയില്ലല്പമേതും സർവ്വദാ ചിന്തിച്ചാലും ചിന്തിക്കാതിരിക്കിലും * വേദത്തിൻ സിദ്ധാന്താർത്ഥമിങ്ങിനെയാകുന്നതും വേദിക്കു സന്ദേഹമില്ലെന്നുടെയനുഭവം * താഴത്തും മുകളിലു മുമ്പിലുമിടം വലം ഭാഗത്തും പിറകിലും നിലയാം നടുവിലും * അഹമാണെല്ലാനേരം കണ്ടതും കാണാത്തതുമഹമാണാത്മാനാത്മരൂപനായിരിപ്പതും * ജീവരൂപനുമീശ്വരൂപനുമഹംതന്നെ കേവലജ്ഞാനരൂപനജ്ഞാനരൂപനായും * സംസാരരൂപനായും കൈവല്യരൂപനായും സംസാരനിവർത്തകനായോരുഗുരുരൂപൻ * ശിഷ്യരൂപനും ദേവരൂപനും സ്മൃതിരൂപൻ കല്പരൂപനും പിന്നെ പുരാണസ്വരൂപനും * പ്രമാണത്തിന്റെ രൂപം പ്രമാതാവിന്റെ രൂപം പ്രമേയപ്രമിതികൾ രൂപവുമഹംതന്നെ കർത്താവിൻസ്വരൂപവും ക്രി

യയിൻസ്വരൂപവും തദ്ധേതുസ്വരൂപവും ഫലത്തിൻസ്വരൂപവും * ഭോക്താവായുള്ള രൂപം ഭോഗരൂപവും പിന്നെ ഭോഗ്യതദ്ധേതുരൂപൻ ഭോഗ്യരൂപവുമഹം * പുണ്യരൂപവും പാപരൂപവും ദുഃഖരൂപം പിന്നെയും സുഖരൂപനായതുമഹംതന്നെ * രുദ്രരൂപനും വിഷ്ണുരൂപനും ബ്രഹ്മരൂപൻ നിന്ദ്രവിട്ടുള്ള ദേവരൂപനാമർത്ത്യരൂപൻ * മൃഗങ്ങൾ പുഴുക്കളുമിത്യാദിരൂപങ്ങളുമഗങ്ങൾ ഗുല്മങ്ങളും ലതകൾ തൃണങ്ങളും * കാലഭേദമാം രൂപം ഘടകുഡ്യാദിരൂപം പാലനം ചെയ്യുമന്നപാനത്തിൻ രൂപങ്ങളും * വനങ്ങൾ പൎവ്വതങ്ങൾ നദികൾ നദങ്ങളും ഘനങ്ങൾ സമുദ്രങ്ങൾ നക്ഷത്രഗ്രഹങ്ങളും * വൈദ്യുതപ്രകാശവും യക്ഷരാക്ഷസന്മാരും സിദ്ധസംഘവും പിന്നെഗ്ഗന്ധൎവ്വസമൂഹവും * ബ്രഹ്മാണ്ഡം ലോകങ്ങളും ദേശങ്ങൾ ഗ്രാമങ്ങളും നിൎമ്മലഗൃഹങ്ങളും മഠങ്ങൾ കടങ്ങളും * പ്രാകാരം പുരം പുരിഭേദങ്ങളിത്യാദിയുമാകാശംമുതലായ ഭൂതങ്ങൾ ശബ്ദാദികൾ * പ്രാണനും ശരീരവും ശ്രോത്രാദിഭേദങ്ങളും പാണിപാദാദിഭേദം മനസ്സും ബുദ്ധിയെന്നും * ചിത്തവുമഹങ്കാരം ജന്മാദിഭേദങ്ങളുമിത്തരം ജാഗ്രത്സ്വപ്നസുഷുപ്തിപ്രഭേദവും * ലക്ഷ്യമാം തുരീയവും ദൃശ്യവും ദ്രഷ്ടാവെന്നും സാക്ഷിയാമഹംതന്നെ സൎവ്വരൂപവും ദൃഢം * ഉണ്ടെന്നു ചൊല്ലുവാനുമില്ലെന്നു ചൊല്ലുവാനുമുണ്ടെന്നു തോന്നുന്നതുമില്ലെന്നു തോന്നുന്നതും * രൂപമാണതിനില്ല സംശയമൊരിക്കലും രൂപമില്ലെങ്കിലുണ്ടില്ലിങ്ങിനെ രണ്ടുമില്ല * ശബ്ദഗോചരമായിട്ടെപ്പൊഴുമിരിക്കുന്നു ശബ്ദഗോചരമല്ലാതുള്ളൊരുരൂപവായും * ഇങ്ങിനെയുള്ളതെല്ലാമഹമെന്നതു സത്യമെങ്ങിനെയഹമെന്നുതോന്നാഞ്ഞാലൊരു ഗതി * നിത്യശുദ്ധനും പരിബുദ്ധനും മുക്തനുമായ് നിത്യവുമേതൊന്നിനെച്ചൊല്ലുന്നു ശ്രുതിവാക്യം * സത്യമായ് സമ്പൂൎണ്ണതത്വമതിനോ നിസ്സംശയം സത്യമിങ്ങിനെതന്നെയെപ്പോഴുമിരിക്കുന്നു * അഹമെന്നിദമെന്നും തോന്നുന്ന ചൈതന്യമൊന്നഹമാണതു വേറെയില്ലെന്നും സുനിശ്ചിതം * അന്യമായൊന്നുമില്ല സൎവ്വവുമഹന്തന്നെ മാന്യനാം പിതാമഹൻ ചൊന്നതു സത്യംതന്നെ * ഇച്ചൊന്ന സത്യത്തിങ്കൽ സംശയമുള്ളവനു നിശ്ചയമധോഗതി വന്നിടുമിതുകൊണ്ടു * നിശ്ചയജ്ഞാനത്തിങ്കൽനിന്നവർ ഭ്രംശിച്ചീടും നിശ്ചയമുള്ളവന്നു സംസാരം നിവൎത്തിക്കും *

സാംബമൂൎത്തിയാം ദേവനിങ്ങിനെയരുളിച്ചെയ്തു ബ്രാഹ്മണശ്രേഷ്ഠന്മാരേ! സംസാരമോക്ഷപ്രദൻ * വിശ്വരക്ഷകനായ വിഷ്ണുതന്തിരുമേനിയാശ്ലേഷംചെയ്തു വിശ്വകൎത്താവിൻ മേനിയേയും * നിശ്ശേഷദേവന്മാരെത്തൃക്കൺപാൎത്തരചെയ്തു വിശ്വസൌഖ്യവും വരും നിങ്ങൾക്കെന്നിന്ദുചൂഡൻ * സുപ്രസന്നനായ് കൃപാനിധിയായ് വരദാനം ക്ഷിപ്രം ചെയ്തീടും ദേവനതെന്നെയങ്ങമൎത്ത്യരും * സുപ്രസന്നരായ് പൂജചെയ്തിതു സമാഹ്ലാദാൽ നൽപ്രഭയുള്ള പുഷ്പപ്രവാളഫലങ്ങളാൽ * വിശ്വപാലകനായ വിഷ്ണുവും വിരിഞ്ചനും വിശ്വേശൻ പാദയുഗ്മപത്മത്തെശ്ശിരസ്സിങ്കൽ * ഭക്തി കൈക്കൊണ്ടുചേൎത്തു പരമാനന്ദം പൂണ്ടു ചിത്തത്തിൽ പാരവശ്യം വളൎന്നു തളൎന്നിതു * ഇങ്ങിനെ സംസാരത്തിൻ മോചകനാകും ശിവൻ മംഗലമൂൎത്തി സാംബൻ തന്നുടെ പരഭാവം * ഭക്തൎക്കു കാട്ടീടുവാൻ നിന്നുടൻ പരനന്ദനൃത്തവും ചെയ്തു സാക്ഷാലൈശ്വരം ജഗദീശൻ * കരുണാനിധിയായ ദേവിയും കരതാളം പരമപ്രീതിയോടും ചെയ്തിതു പുരോഭുവി * ഭഗവത്സ്വരൂപത്തെക്കണ്ടുകൊണ്ടെല്ലാവരും വിഗതക്ലേശന്മാരായവരും യഥാബലം * നൃത്തത്തെച്ചെയ്തു പിന്നെ ദേവാനാമാനന്ദദൻ തത്രനിന്നന്തൎദ്ധാനം ചെയ്തിതു ദേവിയോടും * പത്മനാഭനും ബ്രഹ്മദേവനെപ്പുണൎന്നുടൻ പത്മയാം ദേവിയോടും വൈകുണ്ഠം ഗമിച്ചിതു * ബ്രഹ്മാവും വിസ്മയിച്ചു ദേവൻെറ നൃത്തം കണ്ടു കന്മഷമററു ഭക്ത്യാ ലയിച്ചു വിവശനായ് * പിന്നെയും ചൊന്നശേഷം ചൊല്ലിനാൻ വിധാതാവും മുനികളുള്ളോരു ദേവസംഘത്തിൽ വാത്സല്യത്താൽ * വിദ്യകളെല്ലാം നൃണാം സംസാരമുളവാക്കും വിദ്യയാമാത്മവിദ്യാ സംസാരം കളഞ്ഞീടും * ആത്മവിദ്യയെ വിട്ടാൽ ദുഃഖസാഗരംതന്നെ സ്വാത്മനിഷ്ഠനു മുക്തിവന്നീടും നിസ്സംശയം * അന്യമായ് കാണുന്നതുമന്യമായ്ക്കേൾക്കുന്നതുമന്യമാമല്പജ്ഞാനം നശ്വരം സുരന്മാരേ! * അന്യമായ് കാണാതെയുമന്യമായ് കേൾക്കാതെയുമന്യമായറിയാതെയറിയുന്നതു നിത്യം * യാതൊരു ജ്ഞാനം ഭൂമാവായതു സുഖരൂപം യാതൊരു ജ്ഞാനമല്പം സുഖമില്ലതിൻ നൂനം * അദ്വൈതമാകും ഭൂമാനന്ദമേ സത്യം നിത്യമദ്വൈതനിഷ്ഠനായാൽ മൃതിജന്മങ്ങളില്ല * ബന്ധവുമില്ല മോക്ഷം വരവും പോക്കുമില്ല ബന്ധഹേതുവുമില്ല സൎവ്വവുമാത്മാവാകും * സൎവ്വവും സുശോ

ഞേനം കരുണാനിധിയായ ശർവ്വന്റെ പ്രസാദത്താലുക്തമായേവമെന്നാൽ *

അഞ്ചാമദ്ധ്യായം കഴിഞ്ഞു.

---

## ൬-ാമദ്ധ്യായം.

---

ഛാന്ദോഗ്യോപനിഷത്തിന്റെ

സാരം.

ബ്രഹ്മത്തിന്നുപലബ്ധിസ്ഥാനമാം ബ്രഹ്മപുരം കർമ്മനിർമ്മിതമാകും ശരീരം സുരന്മാരേ * ഇപ്പുരം തന്നിലന്തർഭാഗമായതിക്കെകം കല്പിച്ചതാകും വ്യോമം പുണ്ഡരീകാഖ്യമല്ലൊ * ഇതിലും നടുവായിട്ടുള്ളൊരു ചിദാകാശം മതിയിൽ ശിവനെന്നു തേറുവിൻ ദഹരാഖ്യൻ * അതിരായുള്ളതെല്ലാം വേർപെട്ടവെളിയൊന്നായ് മതികൊണ്ടറിയേണം മുക്തനായ് വന്നിടുവാൻ * ഇതുവേ ചിന്തിക്കേണമിതുവേ ശ്രവിക്കേണമിതുവേയറിയേണമാസ്തികന്മാരായോരേ! * ഞാനെന്നു തോന്നിടുമ്പോളതിരുണ്ടതിരില്ല ഞാനെന്നു തോന്നിടാഞ്ഞാൽ ചിദ്രൂപം സർവ്വവ്യാപി * അറിഞ്ഞുവെന്നുള്ളതുമറിഞ്ഞീലെന്നുള്ളതുമറിയും സാക്ഷി രണ്ടും വ്യാപിച്ചു ശോഭിക്കുന്നു * സാക്ഷിക്കു നീക്കമില്ല സർവ്വദാ ശോഭിക്കുന്നു സാക്ഷിയാൽ ജഗത്തെല്ലാം ശോഭിക്കുന്നിതു സദാ * ജഡമാം ജഗത്തെല്ലാം സ്വയമായ് ശോഭിക്കയില്ലിടവില്ലാതെ നിൽക്കും ചൈതന്യംകൊണ്ടുതന്നെ * സതതം ശോഭിക്കുന്നു സർവ്വവുമല്ലെന്നാകിൽ പുതുതായ് വേറെയൊന്നുമില്ലല്ലോ ശോഭിക്കുവാൻ അതിനാലെല്ലാററിലും വ്യാപിച്ചു ശോഭിക്കുന്ന സതതപ്രകാശമാം ചൈതന്യം ശിവൻതന്നെ * അതിരില്ലാത്തതാകും വ്യാപകമായതിങ്കലതിരുണ്ടെന്നു തോന്നും ഞാനെന്നു തോന്നിടുമ്പോൾ * അളവില്ലാത്തതാകും വെളിവിൽ തോന്നും വ്യോമമളവില്ലതുപോലെയുള്ളിലുമുള്ളതല്ലൊ * ഭൂമിയുമാകാശവുമഗ്നിയും വായു സൂര്യൻ സോമനും നക്ഷത്രങ്ങൾ വിദ്യുത്തുമിത്യാദികൾ * ഉണ്ടെന്നു തോന്നുന്നതുമില്ലെന്നു തോന്നുന്നതുമുണ്ടല്ലോ സകലവുമുള്ളിലുള്ളാകാശ

ത്തിൽ * അതിനാൽ സൎവ്വാശ്രയം വ്യാപിയാം ശിവനാത്മാവിതു സൎവ്വദാ തന്റെ സ്വഭാവം ദേവന്മാരേ! * പുണ്യപാപങ്ങളേതും സംബന്ധമില്ലാത്തവൻ വൎണ്ണ്യനല്ലമരരേ! സാക്ഷിയാം ശിവനോൎത്താൽ * ജരയും മരണവും ദാഹവും വിശപ്പെന്നും നരയും ശോകം മോഹമൊന്നുമാത്മാവിനില്ല * അങ്ങിനെയുള്ളതെല്ലാം ജീവസംജ്ഞിതമാകും ലിംഗമാം ശരീരമെന്നുള്ളതു ഭുജിക്കുന്നു * അതിരായകം പുരമെന്നതിൻ നടുവായിട്ടേതിരായഹമെന്നു തോന്നുന്ന ലിംഗദേഹം * മതിയായ്വിചാരിച്ചാൽ മിഥ്യയാമാത്മാവിങ്കലതിരില്ലൊരിക്കലും വ്യാപിയാം ശിവനാത്മാ * പുണ്യകൎമ്മങ്ങൾകൊണ്ടു സിദ്ധിക്കും ലോകങ്ങളുമെണ്ണീടാമെന്നല്ലാതെ ഫലമില്ലെല്ലാം മിഥ്യാ * നിൎമ്മിച്ചതെല്ലാം മിഥ്യാ താനേയുള്ളതു സത്യം മൎമ്മമിങ്ങിനെയറിഞ്ഞാചരിക്കേണം കൎമ്മം * ഇങ്ങിനെയറിയാതെ കൎമ്മങ്ങൾ ചെയ്യുന്നവനെങ്ങുമേ ലോകത്തിങ്കൽ സ്വച്ഛന്ദചാരിയല്ല * ഇങ്ങിനെയറിയുന്നോൻ കൎമ്മങ്ങൾ ചെയ്യായ്കിലുമെങ്ങുമേ ലോകങ്ങളിൽസ്വച്ഛന്ദചാരിയത്രേ * ആയവൻ ദഹരത്തിൽ സത്യസങ്കല്പകാമനായവൻ ഹരൻതാനെന്നറിയുന്നതിനാലെ * അതിരില്ലാത്തതാകുമാനന്ദം ലഭിക്കയൊലതിരാം ലിംഗദേഹംകൊണ്ടുള്ളതെല്ലാം തുഛം * ആനന്ദം ബ്രഹ്മലോകം ലഭിക്കും സുഷുപ്തിയിലൂനമില്ലെല്ലാവൎക്കുമാകിലും സ്വയംപ്രഭം * ആകുന്നില്ലതു മോഹ വൈഭവമത്യത്ഭുതം ! നാകവാസികളായ സുരരേ! ഭൂമിയിങ്കൽ * നിന്നിട്ടും മണ്ണിൽത്തന്നെ സ്വൎണ്ണമുണ്ടെന്നാകിലും നന്നായിക്കണ്ടറിഞ്ഞേ ലഭിപ്പാനിടയാവു * കണ്ടാലുമറിയാഞ്ഞാലെങ്ങിനെയറിവുണ്ടാം കണ്ടതും കാണാത്തതുമൊന്നുപോലെന്നോവത്രേ * ഹൃത്തിങ്കൽ സ്ഥിതനാകുമെല്ലാൎക്കും ഹൃദയമെന്നുക്തമായതിനൎത്ഥമായതു ശിവൻതന്നെ * സംസാരമോക്ഷപ്രദനാകിയ ശിവനെയിസ്സംസാരിയായ ജീവനിങ്ങിനെയറിഞ്ഞെങ്കിൽ * ആനന്ദംബ്രഹ്മലോകം പ്രാപിക്കും നിസ്സംശയം ഭിന്നമേയില്ല ദേഹത്രയവും നീക്കിക്കാണും * സാക്ഷിയാം പരം ജ്യോതിസ്സാകിയ ശിവരൂപം സാക്ഷാൽ താൻതന്നെയായിബ്ഭവിക്കും സ്വഭാവത്താൽ * സത്യമിങ്ങിനെ തന്നെ ധരിക്ക സുരന്മാരേ! സത്യമാമമൃതവും ബ്രഹ്മവുമഭയവും * നിത്യനാമാത്മാവല്ലാതന്യമൊന്നുമേയില്ല നിത്യവും ചിന്തിക്കുന്നോനെത്തിടും സ്വരൂപത്തിൽ * ദഹരാകാശമാകുമാത്മാവു സൎവ്വത്തിനും

മഹദാധാരമാകും ലോകയാത്രയ്ക്കുമോത്താൽ * ഒരു ഭേദവും കൂടാതി ങ്ങിനെ നിർവ്വഹിപ്പാനരുശക്തികളുള്ള ശിവനാം മഹേശനെ * ദി നരാത്രികളെക്കൊണ്ടു ലംഘിക്കയില്ല കാലം ദിനവും രാത്രിയുമില്ലാത്തവ ന്നി മൃത്യുവില്ല * ജരയുംശോകവുമില്ലങ്ങിനെ സുകൃതവും ദുർതം തന്നെ വ കിഞ്ചിൽ പാപ്മാക്കളൊന്നുമില്ല * സുരപുംഗവന്മാരേ! യാതൊ രു കന്മഷവും സ്വരസബ്രഹ്മത്തിങ്കലില്ലതു പരിശുദ്ധം * അന്ധനാ യുള്ളവനുമിസ്സേതുസ്വരൂപത്തെ ബന്ധഹീനമായ് കണ്ടാലായവൻ ദേവന്മാരേ! * അന്ധനല്ലാതെയാകും വിദ്ധനമവിദ്ധനാം ബന്ധമി ല്ലുപതാപിക്കൊരു താപത്താൽപോലും * ദഹരാകാശമാകും പര മേശ്വരനോർത്താൽ ഹൃദയസ്വരൂപനാം ദേഹാദിബന്ധഹീനൻ * സ്വപ്നവും സുഷുപ്തിയും ജാഗ്രവുമെന്നീവണ്ണം സ്വപ്നമാം മൂന്നവ സ്ഥയ്ക്കന്യനായ്സ്വയംപ്രഭൻ * നിത്യവും സാക്ഷിയായിട്ടിരിക്കുന്ന തിലേവമദ്ധ്യസ്തമാകും സ്വപ്നം മൂന്നുമെന്നറിയേണം * ദേഹസംബ ന്ധംകൊണ്ടു സർവ്വദാ സുഖദുഃഖം ദേഹസംബന്ധമില്ലാതിരിക്കും വിദ്വാൻതങ്കൽ * സ്പൃശിക്കയില്ല ദുഃഖം സുഖവും സുരന്മാരേ! സം ശയമില്ല സത്യംതന്നെയാണിച്ചൊന്നതും * ശിവനാം ദഹരാഖ്യൻ ശാശ്വതബ്രഹ്മംതന്നെ ഭുവനേ രൂപനാമമൊക്കയും നിർമ്മിച്ചതും * അമൃതസ്വരൂപനാം സർവ്വദേഹിനാമാത്മാവമൃതാശനന്മാരേ! ശിവ ന്റെ സർവ്വരൂപൻ * അപരം പരവുമില്ലല്പവുമൊരു വസ്തു സഫലം ശോഭിപ്പതും ശോഭിക്കാതിരിപ്പതും * മണ്ണല്ലോ മണ്പാത്രത്തിന്റെരൂപമ ങ്ങിനെതന്നേ കണ്ണാകും സാക്ഷിതത്സ്വരൂപനായിരിക്കുന്നു * വെള്ള ത്തിൻവികാരമാം തിരയുംനുരയുമീ വെള്ളത്തിൻരൂപംതന്നെ സാ ക്ഷിയുമതുപോലെ * അഗ്നിതൻവികാരങ്ങളഗ്നിയാണതുപോലെ വി ഘ്നമില്ലല്ലോ വായുവികാരം വായുതന്നെ * സർവ്വഗമാകും വ്യോമം വ്യാ പ്തമാം സർവ്വത്തിലും സർവ്വസാക്ഷിയാം ശിവനതുപോലെല്ലാററിലും * ഘടത്തിന്നാകാശവും മഠത്തിന്നാകാശവുമിടയ്ക്കില്ലൊരു ഭേദം വിഭാ ഗം നിമിത്തമായ് * അതുപോൽ സാക്ഷിയാകും ശിവനും വിഭാഗമി ല്ലിതിലും സന്ദേഹമില്ലമരന്മാരേ! കേൾപ്പിൻ * ഭേദവും വിഭാഗവും ശിവനായ് ശോഭിക്കുന്ന ഭേദമില്ലല്ലോ മഹാദേവത്വമിതുതന്നെ * മഹത്വംതന്നെ മഹാദേവത്വം സുരന്മാരേ! മഹത്വം സർവ്വരൂപരൂപ ത്വമൊന്നായതാം * യല്പകിഞ്ചിദ്രൂപമേതുമുണ്ടെന്നുമില്ലെന്നതും തക്കി

ക്കവേണ്ട സൎവ്വം ശിവനായ് ശോഭിക്കുന്നു * സൎവ്വവും ശിവരൂപമായ്ക്കാണും ജ്ഞാനംതന്നെ സംവിദാഖ്യമാം ശിവസ്വരൂപം നിസ്സംശയം * അഹമെന്നതു ശിവൻ സത്യചിൽഘനരൂപൻ മഹസാശോഭിക്കുന്നു വേറെയില്ലൊരു വസ്തു * ഇദമെന്നതു തോന്നും ദേഹത്താൽബന്ധമുണ്ടാമിദമാം മനുഷ്യത്വം മോചനമില്ലതിന്നും * ശിവനേ സകലവും ശോഭിച്ചു കാണുന്നവെന്നവനാം കണ്ടിട്ടുന്നോനവനമൃതനാം * അവനോ ജനിമൃതിയില്ലതു നിശ്ചയമാമെവനും മദീയമാം വാക്യത്തെയോൎത്തിടണം * പരമേശ്വരൻതാനേ പ്രസാദിച്ചെന്നാകിലോ പരമാമനുഭവമിങ്ങിനെയുണ്ടായ്വരും * പരമുള്ളുപായങ്ങൾകൊണ്ടേതും ഫലം വരാ ഹരിയാലതുപോലെയെന്നാലുമാവതല്ല * പരമേശ്വരനാകും ശിവനോ സ്വതന്ത്രനാം പരമപ്രസന്നനായെന്നാകിലേവൎക്കുമേ * പരബോധവുമുണ്ടാമാനന്ദപദമുണ്ടാം പരമപ്രസാദമിങ്ങില്ലെന്നാൽ ബന്ധംതന്നേ * താമസിയാകും രാത്രി നീങ്ങുവാൻ സൂൎയ്യൻ വേണം താമസസംസാരവും നീങ്ങുവാൻ ശിവൻ വേണം * ഹരിയും ഞാനും മററും സുരന്മാരസുരരും പരമേശ്വരൻതന്റെ പ്രഭജ്ജുള്ളൊളിച്ചവർ * രവിതൻ കിരണങ്ങൾക്കുള്ളിലാണഹസ്സുകൾ രവിയോ സ്വതസ്സിദ്ധപ്രകാശൻ സ്വതന്ത്രനാം * ചരണാൎച്ചനംകൊണ്ടും ചരണധ്യാനംകൊണ്ടുംപരമേശരൻതന്നെ ഭജിക്കും നരജന്തു * പരിമോചിക്കും തസ്സംസാരത്തിങ്കൽനിന്നും മരണപ്രണാശവുമില്ലല്ലോ നിർഭയമാം * പരമേശ്വരൻതന്റെ ചരണസ്മരണത്തിൽ പരമായൊന്നുമില്ല മൃത്യുവെന്നൊരുവസ്തു * പരമേശ്വരനല്ലോ സൎവ്വഹേതുവുമെല്ലാം പരമേശ്വരരൂപം സൎവ്വദാ കാണാമല്ലോ * പരമേശ്വരൻതന്നെ നമ്മുക്കു സകലവും പരമേശ്വരൻതന്നെ നമ്മുടെ സ്വരൂപവും * പരമേശ്വരൻതന്നെ സമസ്തപ്രമാണവും പരമേശ്വരൻതന്നെ പ്രമാണംകൊണ്ടുള്ളൎത്ഥം * പരമാമനുഭവസ്വരൂപൻ പരശിവൻ പരമസ്വാനുഭൂതികൊണ്ടിങ്ങു ലഭ്യനാകും * പരമേശ്വരൻതന്നേ നരനാം ശരീരിക്കു പരമാമനുഭവം നല്കുന്നു കൃപയാലേ * പരമേശ്വരനാകും സമുദ്രംതന്നിലഹം ഹരിയും ദേവന്മാരും മനുഷ്യർ പശുക്കളും * പെരുകും നീൎത്തുള്ളികൾപോലെയാണിതു സത്യം പരമേശ്വരൻതന്റെ വൈഭവമേവമല്ലോ * വേദാന്തനിഷ്ഠകൊണ്ടു നിൎമ്മലബുദ്ധിക്കേവം

വേദിപ്പാൻ കഴിഞ്ഞീടും ഹൃദയത്തിങ്കൽതന്നേ * എന്നെയും ഹരി
യേയും ശിവനോടൊപ്പം ചൊല്ലും ഖിന്നരാമവർ മായാമോഹിതരെ
ന്നേ വേണ്ടു * മായയോ ദുസ്തരയാം ശൈവിയായൊരു ശക്തി മായ
കൊണ്ടത്ര സൎവ്വം ദുൎഘടമായീടുന്നു * ഹരിയും ഞാനും പിന്നെസ്സു
രരും മാറ്റല്ലേല്ലാരും പരമേശ്വരനൊപ്പമാകേണമെന്നാകിലൊ *
ജ്ഞാനവുമജ്ഞാനവുമൊന്നുപോലായീടേണം ഞാനെന്തു ചൊല്ലാം
മോഹചേഷ്ടിതമെന്നല്ലാതെ * സൂൎയ്യനു തുല്യം മിന്നാമിനുങ്ങയായീ
ട്ടുമോ കാൎയ്യമൊന്നറിയാത്തോൎക്കെന്തെല്ലാം പറഞ്ഞീടാം * ഇന്നിതു
സമസ്തവും ശിവനാലുള്ളതല്ലാതന്യനാലൊന്നുമില്ല ചിന്തിപ്പിൻസു
രന്മാരേ! * ശിവമാം സ്വഭാവത്താൽ ശിവമാം സമസ്തവും ശിവ
ന്റെ പ്രഭാവത്താൽ ജഗത്തിൻ വൈചിത്ര്യവും * തത്വജ്ഞൎക്ക് സൎവ്വ
ത്തേയും ശിവനായ്ത്തോന്നീടുന്നു മിത്ഥ്യാമോഹിതൻ കാണും ഘടകുഡ്യാ
ദിരൂപം * ഇക്കാണുന്നതു ജഗത്തെന്നു തോന്നീടുംബുദ്ധം ചൊൽ
കൊള്ളും സ്വഭാവത്താലെല്ലാൎക്കുമൊരുപോലെ * അക്കണ്ണെപ്പോ
ലെ ബോധമുണ്ടാകുംസമയത്തിൽ തൎക്കമില്ലിതുസൎവ്വം പരമേശ്വര
ൻതന്നെ * നിൎമ്മലമതികളേവം സൎവ്വദാ പ്രകാശിക്കും കല്മഷമകന്നീ
ട്ടും സംസാരം കടന്നീടും * ഛന്ദോഗശ്രുതി ചൊല്ലും വിജ്ഞാനമേവ
മെന്നാലിതിന്നവമുക്തമായി സ്വൎല്ലോകവാസികളേ! * മന്ദത്വമവിവേ
കമജ്ഞാനമെല്ലാം പോകുമിന്നിതു ശിവൻതന്റെ കാരുണ്യംകൊണ്ടു
തന്നേ * മന്ദത വന്നീടാതെ ചൊല്ലുവാനിടയായി നന്നിതു വിചാരി
ച്ചാലീശ്വരകൃപയുണ്ടാം *

ആറാമദ്ധ്യായം കഴിഞ്ഞു.

## ൭-ാമദ്ധ്യായം.

അഥൎവ്വണത്തിലെ മുണ്ഡകോപനിഷ
ത്തിന്റെ സാരം.

സാക്ഷാലുള്ളക്ഷരമേ പരമായുള്ള തത്വം തൽക്ഷണം ക്ഷര
ങ്ങളാം വസ്തുക്കൾക്കധിഷ്ഠാനം * അന്യമില്ലാസ്ഥൂലമരൂപമിജ്ജഗത

ല്ലോ പിന്നെയും വാക്കിന്നെത്താ മനസ്സിന്നഗോചരം * നന്നായിട്ടറിഞ്ഞീടിലതിന്നെസ്സുരന്മാരേ! നന്നായിട്ടറിഞ്ഞീടാമിക്കണ്ട സകലവും * സകലം തദ്ദാത്മകമായ്ത്തന്നേ വിളങ്ങുന്നു ശകലം ഭവിക്കയില്ലതുവേ സ്വഭാവമാം * രണ്ടു വിദ്യകളുണ്ടു പുരുഷൻ ഗ്രഹിപ്പാനായുണ്ടതിലൊന്നു പരാ രണ്ടാമതപരയും * അപരാഖ്യയാം വിദ്യാ ഋഗ്യജുസ്സാമാഥർവ്വാ സുപദം ശിക്ഷാകല്പം വ്യാകരണാഖ്യം പിന്നെ * നിരുക്തം ഛന്ദസ്സെന്നും ജ്യോതിഷമേവം ചൊല്ലും ഇതുതാം പെരുതായ വിദ്യകളെന്നാകിലും * പരമാമക്ഷരത്തെയറിവാനുപനിഷൽപരമായ് ചൊല്ലും വാക്യം പരവിദ്യയാം നൂനം * പരമേശ്വരനായശംഭുതൻ പ്രസാദത്താൽ പരമജ്ഞാനികളാലക്ഷരം ഗമ്യമത്രേ * അക്ഷരം ഗ്രാഹ്യമല്ല ദൃശ്യമല്ലഗോത്രമാം ചക്ഷുസ്സും ശ്രോത്രവുമില്ലരൂപം സർവ്വാധാരം * കയ്യില്ല കാലുമില്ല സർവ്വഗം സൂക്ഷ്മം നിത്യമവ്യയം സർവ്വഭൂതകാരണം സൽബുദ്ധികൾ * സ്വാത്മരൂപമാസ്ഥാണുമതിനെയുള്ളവക്കാണാത്മജ്ഞനെന്നു നാമം ധരിക്ക ദേവന്മാരേ! * തന്തുവായമാം കീടം വലയുണ്ടാക്കും പിന്നെത്തന്തുവൊക്കയുമവൻ വിഴുങ്ങും സ്വഭാവമാം * ഭൂതയോനിയാം ദേവനിതുപോലിജ്ജഗത്തും നൂതനം നൂതനമായുണ്ടാക്കും വിഴുങ്ങീടും * തൃണങ്ങൾ മണ്ണിൽനിന്നു മുളയ്ക്കുമതിൽതന്നെയുണങ്ങി ദ്രവിച്ചൈക്യം പ്രാപിക്കുമതുപോലെ * പുരുഷൻ ശരീരത്തിൽ മുതിരും രോമങ്ങൾപോലുരുവായുണ്ടായീടും ക്ഷരങ്ങളക്ഷരത്തിൽ * ക്ഷരമെന്നതിന്നർത്ഥം നശ്വരവസ്തുക്കളാം ക്ഷരമാകാത്തതാകുമക്ഷരം തന്നിലല്ലോ * ചരവുമചരവുമുണ്ടായിച്ചമയുന്നു സുരരേ! സ്വപ്നംപോലെയാണിതു സമസ്തവും * മായാസമ്മിശ്രമായോരക്ഷരബ്രഹ്മത്തിങ്കലായത സൃഷ്ടിക്കുള്ളോരിച്ഛയുണ്ടായിവന്നു * ഇച്ഛകൊണ്ടാലോചനയായോരു തപസ്സിനാൽ സ്വച്ഛമാമവ്യാകൃതമെന്നൊരു വസ്തുവായി * അന്നമാമവ്യാകൃതംതന്നിൽ നിന്നുളവായി മിന്നുന്ന ലിംഗദേഹം ഹൈരണ്യഗർഭൻ പ്രാണൻ * സർവ്വജ്ഞനാകും പ്രാണൻ തങ്കൽനിന്നുണ്ടായ്വന്നിതുവ്യോമാദിപഞ്ചീകൃതിവിഷയം മനസ്സായി * ഇത്ഥമുള്ളോരു മനസ്സിങ്കൽനിന്നുളവായി സത്യമാം പഞ്ചഭൂതം സ്ഥൂലരൂപവുംപിന്നെ * ഭൂരാദിലോകങ്ങളും കർമ്മങ്ങൾ കർമ്മത്തിന്റെ പാരമാമമൃതാവുമിങ്ങിനെയുണ്ടായ്വന്നു * സർവ്വജ്ഞനാകും ദേവൻതന്നുടെ തപസ്സെന്നാൽ സർവ്വവുമറിയുന്ന ജ്ഞാനമെന്നതുതന്നെ * അതിനാൽ ബ്രഹ്മംതന്നെ നാ

മവും രൂപവുമായ് പതിവായ് സ്വപ്നംപോലെ പ്രപഞ്ച ണ്ടായ്വ ന്നു * നാമരൂപങ്ങളാകും വിഷയം ഭുജിക്കുന്നു നാമതുകൊണ്ടു ചൊല്ലാമന്നമെന്നെല്ലാറിന്നും * ഇങ്ങിനെയുള്ളതാകും സത്യമാമക്ഷരത്തെമങ്ങിടാതറിഞ്ഞവൻ മുക്തനായ് ഭവിക്കുന്നു * കൎമ്മംകൊണ്ടു സാദ്ധ്യമാം സംസാരവിമോചനം ബ്രഹ്മമാമക്ഷരത്തെയറിഞ്ഞേ മുക്തിയുള്ളു * സംസാരസാഗരത്തെക്കടപ്പാനുള്ള തോണി സംസാരിയജ്ഞമെന്നു കരുതും വ്യൎത്ഥമത്രെ * യജ്ഞങ്ങൾകൊണ്ടു പരം ശ്രേയസ്സെന്നറിയുന്നോനജ്ഞനാമവനുണ്ടു ജരയും മരണവും * തന്നുടെ ബുദ്ധികൊണ്ടു കൎമ്മനിഷ്ഠയിലേററം പണ്ഡിതരെന്ന ഭാവം പ്രാപിച്ച മൎത്ത്യരെല്ലാം * മൂഢരാമവർ തെല്ലും വിദ്യയുള്ളവരല്ല പ്രൌഢയാം ഗതിയവൎക്കില്ലൊരു പക്ഷത്തിലും * കുരുടൻ കുരുടനെക്കൈ പിടിച്ചുമാൎഗ്ഗത്തിൽ പെരുതാമന്ധകൂപേ പതിക്കുംകണക്കല്ലോ * കൎമ്മനിഷ്ഠരാം ഞങ്ങൾ കൃതാൎത്ഥന്മാരാണെന്നും സമ്മതന്മാരായ്സ്വയം ഗൎവ്വിച്ചു നടക്കുന്നോർ * അവശ്യം ഭ്രംശിച്ചീടും കൎമ്മത്തിൻ ക്ഷയത്തിങ്കലവശ്യം ജ്ഞാനംകൊണ്ടു കൈവല്യം ഭവിച്ചീടു * ഇഷ്ടാപൂൎത്താദിയാകും കൎമ്മമിന്നോൎത്തുകണ്ടാൽ ശ്രേഷ്ഠമാണെന്നും ചില മൂഢന്മാർ ചിന്തിച്ചീടും * പരമശ്രേയസ്സേതുമിതിനാലുണ്ടായ്വരാ സുരസത്തമന്മാരേ! സംശയമില്ലതിന്നും * എത്രയോ കോടി ജന്മം ജനിച്ചും ശ്രൌതസ്മാൎത്ത കൃത്യവും ചെയ്തുകൊണ്ടു വരുമ്പോളൊരു ദേഹം * ശുദ്ധമായുദിച്ചീടുമനിത്യം നിത്യമെന്നും സിദ്ധമാം വിഭാഗവും ജ്ഞാനവും വൈരാഗ്യവും * ഉത്തമശിവഭക്തി ലഭിച്ചു കൈവല്യവുമുത്തമന്മാരായവൎക്കെത്തീടും ശിവപദം * ഏവമുള്ളൊരു ജ്ഞാനം ലഭിപ്പാനാസ്തികരേ! സേവ ചെയ്യേണം ഗുരുതന്നെയെന്നറിയേണം * ബ്രഹ്മാത്മജ്ഞാനമുള്ള വേദജ്ഞൻ ഗുരുവത്രെ നിൎമ്മലനെന്നാലുപദേശവും സിദ്ധിച്ചീടും * അത്യൎത്ഥം ജ്വലിച്ചീടുമഗ്നിയിൽ സ്ഫുലിംഗങ്ങളെത്രയോ ക്ഷരങ്ങളുമക്ഷരത്തിങ്കലേവം * സ്വപ്രകാശമാമാത്മസ്വരൂപം മൂൎത്തിയല്ല ചിൽപ്രഭകൊണ്ടു സൎവ്വശരീരം വ്യാപിച്ചീടും * ഇപ്പുരമകം പുറം നിറഞ്ഞജനായിട്ടുപ്രാണനായുമേവമമനസ്സായുമാത്മാ * നിത്യനിൎമ്മലനായിട്ടിരിക്കും മായാജീവനിത്തരമുള്ളതെല്ലാം കടന്നുള്ളൊരു വസ്തു * ഇതിൽനിന്നുണ്ടാകുന്നു പ്രാണനും മനസ്സുമിതിൽനിന്നുണ്ടാകുന്നു സകലേന്ദ്രിയങ്ങളും * ആകാശംമുതലായ ഭൂതങ്ങളിൽനിന്നു നാകേശന്മാരേ! സൎവ്വമിങ്ങി

റെനയുണ്ടാകുന്നു * നേത്രങ്ങൾ രണ്ടും സൂൎയ്യചന്ദ്രന്മാരഗ്നി മൂൎദ്ധാ ശ്രോത്രങ്ങൾ ദിക്കുകളാം വാക്കുകൾ വേദങ്ങളാം * പ്രാണനോ വായു പിന്നെ ഹൃദയം വിശ്വം തന്നെ ക്ഷോണിയാം പാദമേവം ശങ്കരൻ സത്യരൂപൻ * അങ്ങിനെയിരിക്കുന്ന ശങ്കരൻ തങ്കൽനിന്നു തിങ്ങിന തേജസ്സാകും ദ്യുലോകം ഭവിക്കുന്നു * ആയൊരു തേജസ്സാകുമഗ്നിക്കു സമിന്ധനമായതു സൂൎയ്യൻ പിന്നെ ചന്ദ്രനും വൎഷം പിന്നെ* ഭൂമിയിൽ ധാന്യങ്ങളുമന്നവും രേതഃസ്സവും ഭൂമിയാം സ്ത്രീഗൎഭത്തിൽ പ്രജകൾ ബഹുവിധം * പൎജ്ജന്യൻ ദ്യുലോകവും ഭൂമിയും പുമാൻ സ്ത്രീയും നിൎജ്ജരന്മാരേ! പഞ്ചാഗ്നികളായ് ശ്രുതി ചൊല്ലും * അഗ്നിയാൽ സോമനുണ്ടായ് സോമനാൽ പൎജ്ജന്യനുമഗ്നിയാം ഭൂമിതന്നിൽ ഹോമമാം വൎഷമേത്താൽ * ആയൊരു ഹോമംകൊണ്ടു ധാന്യങ്ങളുണ്ടാകുന്നിതായവയെല്ലാം പുമാനാകുന്നോരഗ്നിയിങ്കൽ * ഹോമിക്കുന്നതുകൊണ്ടു രേതസ്സമുണ്ടാകുന്നു കാമിനിയായൊരഗ്നിതന്നിലും ഹോമിക്കുന്നു * ഇങ്ങിനെ പഞ്ചാഗ്നിയാം വിദ്യകൊണ്ടുണ്ടാകുന്നു തിങ്ങിനചരാചരലോകവും സുരന്മാരേ! * ഋഗ്യജുസ്സാമങ്ങളും ദീക്ഷയും ക്രതുക്കളും യജ്ഞങ്ങൾ ദക്ഷിണകൾ യജമാനനുമേവം * കാലമാം സംവത്സരം ലോകവും സോമൻ സൂൎയ്യൻ കോലമിങ്ങിനെ രണ്ടായുള്ളതും ദേവന്മാരേ! * ദേവന്മാർ ബഹുവിധം സാദ്ധ്യരും മനുഷ്യരും കേവലം പശുക്കളും പക്ഷികളിവയെല്ലാം * പ്രാണാപാനങ്ങൾ പിന്നെ ഹവിസ്സും തപസ്സെന്നും വേണമെന്നൊരു വിധി ശ്രദ്ധയും ബ്രഹ്മചൎയ്യം* ഇന്ദ്രിയങ്ങളുംപിന്നെ വിഷയജ്ഞാനങ്ങളുമിന്ദ്രാദിലോകങ്ങളും സ്വപ്നംപോലുണ്ടായ്വന്നു * ഗിരികൾ സമുദ്രങ്ങൾ നദികൾ രസങ്ങളും പെരുകും ധാന്യങ്ങളും സൎവ്വവുമുണ്ടായ്വന്നു * ഇങ്ങിനെയുള്ള സൎവ്വവസ്തുക്കൾക്കാത്മാവാകും സംഗതൻ സൎവ്വസാക്ഷിയാകിയ പൂൎണ്ണരൂപൻ * സുരരേ! നിത്യാനന്ദനായൊരു പുരാണനാം പുരുഷൻതന്നെ സൎവ്വം പരമില്ലൊരു വസ്തു * അതുപോലപരവുമില്ലതുസത്യരൂപം മതമാമിതു ശിവൻതനിക്കും വിഷ്ണുവിന്നും * എനിക്കും മുനിമാൎക്കും സമ്മതമിതുതന്നെ നിനക്കിൽ നിസ്സംശയം ശ്രുതിസമ്മതമല്ലോ * വിഷയഭ്രാന്തികൊണ്ടു മരണവ്യസനമാം വിഷയാംബുധിതന്നിൽ പതിച്ചു മൎത്ത്യരെല്ലാം * ശിവനാമാത്മാവിനെവിട്ടത്രേ ഖേദിക്കുന്നു ശിവസേവയാൽ സൎവ്വദുഃഖവും നീങ്ങിടുമേ * ഗുഹയിൽ നിഗൂഢമാമക്ഷരം സാക്ഷാലറിഞ്ഞഹമാം

ബന്ധം വേർപെട്ടെത്തീടും ശിവരൂപം * അക്ഷരബ്രഹ്മംതന്നെ പ്രാണനും വാങ്മനസ്സുമക്ഷയമമൃതവും സത്യവുമഭയവും * ലക്ഷ്യമാമിതുതന്നെയുന്നമായ് നോക്കിക്കൊണ്ടു ലക്ഷണമുള്ള വില്ലാം പ്രണവം തന്നിലൂന്നി * നിൽക്കുന്നോരാത്മാവാകും ശരമായതു ലക്ഷ്യമുൾക്കലർന്നീടുമാത്മാവൊന്നായിത്തീർന്നിടുമേ * ലക്ഷ്യമാം സർവ്വഗതം സർവ്വതോമുഖം ശരം ലക്ഷ്യത്തിൽക്കൊള്ളുംശരമെങ്ങിനെയയച്ചാലും * അരണിദ്വയം ചേർത്തു മഥനംചെയ്തീടുമ്പോളരുണപ്രഭനാകുമഗ്നിയെക്കാണുംപോലെ * ആത്മാവാമരണിയിൽ പ്രണവാരണി ചേർത്തു സ്വാത്മനിധ്യാനമാകുമഭ്യാസംകൊണ്ടുതന്നേ * ദേവനെക്കണ്ടിടുന്നു ഗൂഢനാമെന്നാകിലും ദേവനാം മഹാദേവൻതന്നുടെ കൃപകൊണ്ടേ * ഭൂമിയുമന്തരീക്ഷം സ്വർഗ്ഗവുമേവം മൂന്നു നാമമാം ലോകം പ്രാണൻ മനസ്സെന്നിവയെല്ലാം * യാതൊരു വസ്തുവിങ്കൽ കാണുന്നുവെന്നാലതു യാതൊരു കേടുമില്ലാതുള്ളൊരു ലക്ഷ്യംതന്നേ * ബ്രഹ്മൈകവിഷയമാം വാക്യത്തെച്ചൊല്ലീടേണം കന്മഷഹീനരെല്ലാ നേരവുമാസ്തികരേ! * അന്യവാർത്തയെ മറന്നിരിക്കെന്നേതുമുക്തിയെന്നൊരു മാർഗ്ഗമേവം ധരിക്ക ദേവന്മാരേ! * സർവ്വജ്ഞൻ സർവ്വാത്മാവാം ശിവന്റെ മഹിമയാണുർവ്വിയിലേവമെല്ലാം കാണുന്നു സുരന്മാരേ! * ദിവ്യമാം ബ്രഹ്മപുരംതന്നിലേ വ്യോമത്തിങ്കൽ ശർവ്വനാം ശിവൻ സാക്ഷാൽ ഗോചരസ്ഥിതനല്ലോ * താൻതന്നേ മനസ്സായി പ്രാണാദിശരീരത്തെത്താനാകാതെതന്നെ നയിക്കുന്നിതു നിത്യം * ഉൾപ്പൂവിൽ സ്ഥിതനാകുമെപ്പോഴുമെല്ലാവർക്കും സ്വപ്രഭൻ ശിവനേവം കണ്ടവൻ മുക്തനാകും * ആനന്ദമൂർത്തിയാകും ശിവനെക്കണ്ടവന്നു മാനമാമഹങ്കാരബന്ധവും വേർപെട്ടീടും * ഛേദിക്കും സംശയങ്ങൾ കർമ്മങ്ങൾ ക്ഷയിച്ചീടും മോദിക്കും പരാപരവസ്തുവെദ്ദർശിച്ചെന്നാൽ * വാളുറയ്ക്കുള്ളിലായിട്ടിരിക്കുംപോലെയുള്ളിൽ കാളുന്ന തേജസ്സോടുമിരിക്കും ഹൃദയത്തിൽ * ആകാശംതന്നിൽ വാഴും നിഷ്കളബ്രഹ്മം ശുഭ്രമാകവേ ജ്യോതിസ്സുകൾക്കൊക്കവേ ജ്യോതിസ്സാകും * ആത്മജ്ഞന്മാരായുള്ളോരറിയും സ്വയംതന്നേ സ്വാത്മനി സൂര്യചന്ദ്രപ്രകാശംകൊണ്ടുമല്ല * താരങ്ങൾ വിദ്യുൽപ്രഭാ വഹ്നിയുമിത്യാദിയും പാരമേശ്വരമാകും തേജസ്സിൽ വെറുതെയാം * ആയൊരു തേജസ്സിനെപ്പിന്തുടർന്നെല്ലാവസ്തുവായതു ശോഭിക്കുന്നു സൂര്യസോമാദി

കളും * വായുവും വീശുന്നില്ല സൂൎയ്യാദിപ്രഭയില്ല മായമല്ലമരരേ! ശിവമാം സ്വരൂപത്തിൽ * സൎവ്വഭാവനാൻ ശിവൻ വിശുദ്ധൻ വിരജനാം സൎവ്വഭാവവും ശിവമെന്നതു ധരിക്കേണം * ജീവനു മീശ്വരനും രണ്ടു പക്ഷികളുണ്ടു കേവലം ശരീരത്തിൽ സാക്ഷിമാത്രനാമീശൻ * കൎത്താവും ഭോക്താവുമല്ലങ്ങിനെയല്ല ജീവൻ കൎത്താവും ഭോക്താവുമാം സുഖിയും ദുഃഖിയുമാം * ജീവനും വാസ്തവത്തിൽ കൎത്താവും ഭോക്താവുമല്ലീവിധം കല്പിതമാം മായയാ സ്വയംതന്നേ * ഘടത്തിന്നുള്ളിലുള്ളോരാകാശം വേറെയെന്നും ഘടത്തിൻ പുറമെയുമിങ്ങിനെ തോന്നുംപോലെ * ജീവനും ശിവനെന്നും മായയാ കല്പിതമാം ജീവത്വകല്പനയാലീശത്വം കല്പിതമാം * ചൈതന്യംകൊണ്ടു സാക്ഷാജ്ജീവനും ശിവനുമായ് കൈതവമില്ല രണ്ടും ഭിന്നമല്ലതു ദൃഢം * ചൈതന്യാകാരംകൊണ്ടു നോക്കുമ്പോൾ ഭേദമില്ല ചൈതന്യമല്ലെന്നാകും ഭേദമുണ്ടെന്നാകിലോ* ജഡത്തിൻസംബന്ധത്താൽ ഭേദമുണ്ടെന്നാകിലോ ജഡത്തിൽതന്നെ ഭേദം ചൈതന്യം ഭേദിക്കില്ല * ശ്രുതിയുക്തികൾ കൊണ്ടും ചൈതന്യമൊന്നുതന്നെ മതികേടൊന്നുമാത്രം പാപത്തിൻ ഫലം തന്നേ * വൈദികസ്മാൎത്താചാരംകൊണ്ടേറാം ശുദ്ധമാകും വൈദുഷ്യം മഹത്വവുമുള്ളവനവിരതം * ഭഗവൽപ്രസാദവുമുണ്ടാകുമപ്പോൾതന്നേ ചൈതന്യമൊന്നായ് കാണ്മാൻ കഴിവുമുണ്ടായീടും * ആയവൻ ദുഃഖിക്കില്ല മോഹിക്കില്ലതും പിന്നെ മായാതുള്ളാനന്ദമാം കേവലം ശിവരൂപം * പ്രാപിക്കും പുനൎജ്ജന്മമില്ലവനമൃതനാം പ്രാപിച്ചും മാനുഷ്യത്തെ ദുഃഖിക്കുന്നതു വൃഥാ * അന്യനായ് തോന്നീടുന്നോരീശനെ സ്വാത്മാവിങ്കൽ ധന്യനായവൻതന്നേ സേവിപ്പൂ നിരന്തരം * ജഗത്തിന്നധിഷ്ഠാനം സത്യചിൽഘനരൂപമകുത്ത ന്യൂനാത്തങ്ങളുമുള്ളതുമഹം തന്നെ * ചിന്മാത്രസ്വരൂപനാം സാക്ഷിയാം സൎവ്വത്തിനും തന്മഹിമാനമേവമറിഞ്ഞോനദ്വയനാം * ആത്മവിദ്യയാലേവം ദുഃഖങ്ങളകന്നീടും സ്വാത്മനി മഹേശനെ ശ്രദ്ധയാ ഭജിക്കേണം * ഹിരണ്യബ്രഹ്മാണ്ഡത്തിൻകാരണം പരിപൂൎണ്ണനാം ഹിരണ്യപ്രകാശമാം പരമേശ്വരരൂപം * കൎത്താവാകാതെതന്നെ സാക്ഷിയായ് പ്രകാശിക്കും കൎത്തൃത്വം മായകൊണ്ടു കല്പിതമെന്നീവണ്ണം* കെല്പോട്ടു കണ്ടീടുവാനെത്രയോ ജന്മങ്ങളിൽ കല്പകോടികൾ

കൊണ്ടു സഞ്ചിതപുണ്യങ്ങളാൽ * ശ്രദ്ധയുമുണ്ടായ്വരുമതിനാൽ സു
രന്മാരേ! വിദ്യയും ലഭിച്ചീടും ബന്ധവുമൊഴിഞ്ഞീടും * പുണ്യപാ
പങ്ങൾ രണ്ടും വേർപെട്ടു പരാദ്വൈതം നിർണ്ണയം പ്രാപിച്ചീടും
സർവ്വത്ര സമരൂപം * സാമ്യവും ചൊല്ലീടുവാനില്ലല്ലോ വാസ്തവത്തി
ൽ സാമ്യത്തെച്ചൊല്ലീടുവാൻ രണ്ടു വസ്തുക്കൾ വേണം * ദേഹസം
ബന്ധംകൊണ്ടു രണ്ടായിത്തോന്നീടുമ്പോൾ ദേഹികളീശ്വരനും
സാമ്യത്തെച്ചൊല്ലുന്നാകിൽ * ആകാശം ഘടാകാശം തങ്ങളിലില്ല
സാമ്യമാകിലും ജീവേശ്വരസാമ്യമുണ്ടെന്നാണെങ്കിൽ * കർമ്മത്താലു
ള്ള സാമ്യം ജ്ഞാനത്താലുള്ള സാമ്യം നന്മയിലിതു രണ്ടുമുള്ളതിലേ
തായീടും * കർമ്മത്താലുള്ള സാമ്യം നശ്വരമല്ലോ പിന്നെ നിർമ്മല
വിദ്യയെക്കൊണ്ടാകുന്ന സാമ്യമെന്നാൽ * പണ്ടേയുള്ളൊരു സാ
മ്യം വിദ്യകൊണ്ടുണ്ടായതല്ലുണ്ടെന്ന ബോധം മാത്രം വിദ്യയാലുണ്ടാ
കുന്നു * സർവ്വാത്മാവൊന്നാകയാൽ ജീവേശന്മാർക്കു സാമ്യം സർവ്വദാ
സ്വതസ്സിദ്ധം കൈവല്യമെന്നുള്ളതും * അഭിന്നം ശിവരൂപം ഭി
ന്നമായ് തോന്നീടുന്നു വിഭിന്നജ്ഞാനമാകുമവിദ്യാവശത്താലെ * വി
ദ്യയാലവിദ്യപോയ്പോയും നേരത്തിങ്കലദ്വയമാകും സാമ്യം സ്വയമാ
യ്സ്ഫുരിച്ചീടും * ആകയാൽ സാമ്യമെന്നാലൈക്യമെന്നർത്ഥമത്രേ
പാകംവന്നോരു ജീവനിങ്ങിനെ ശിവരൂപം * സ്വാത്മാവിൽ ദൃഢ
മായിക്കണ്ടീടും പിന്നെയവൻ സ്വാത്മാവിൽത്തന്നെ സർവ്വസന്തോ
ഷം ലഭിച്ചീടും * പുറമേയുള്ള ദേഹചേഷ്ടയും സച്ചിൽസുഖംപര
മേശ്വരനായോരെന്നിലെന്നറിയുന്നു * സ്വാത്മാവായ് സമസ്തവും
സ്വാത്മാവുകൊണ്ടുതന്നെ സ്വാത്മനി കാണുന്നേരം നിർഭയനായീ
ടുന്നു * മുക്തനാമപ്പോളെന്നാൽ മുക്തനുമാകുന്നില്ല മുക്തിക്കു പൂ
ർവ്വം ബന്ധമുണ്ടെങ്കിലല്ലോ മുക്തി * പരമാം വിദ്യയെന്നാലിങ്ങി
നെയുള്ളതത്രേ സുരരേ! ശ്രുതി ചൊല്ലും മാർഗ്ഗത്തിൻ മനനവും *
സത്യവും ചിത്തൈകാഗ്ര്യം ധർമ്മവും ബ്രഹ്മചര്യമിത്യാദിയോഗം
കൊണ്ടു മർത്ത്യനു ലഭിച്ചീടും * ഐശ്വരം സ്വയം ജ്യോതിസ്സ്വരൂ
പം സ്വകമായിട്ടിശ്ശരീരത്തിനുള്ളിൽ കാണുന്നു നിർമ്മലന്മാർ * മാ
യയാ വശീകൃതരായുള്ള മനുഷ്യർക്കു മായേശൻതന്റെ രൂപം കാണമാ
ന്നാം കഴിവരാ * യാതൊരുപരയോഗിക്കേവലമുള്ളോരു ജ്ഞാനം ചേ
തസ്സിലുണ്ടായെന്നാലവനേ പരിപൂർണ്ണൻ * അവനു ഗതാഗതമി
ല്ലൊരു ദിക്കിലേക്കുമെവിടെഗ്ഗമിച്ചീടുമാകാശം പരിപൂർണ്ണം * ഒ

തുപോൽ പരിപൂൎണ്ണനാത്മാവും ഗമിക്കയില്ലതു നിശ്ചലവസ്തു വിള
വായുള്ളതല്ലൊ * നേത്രവും ശ്രോത്രം വാക്കമിത്യാദികരണങ്ങൾ
പാത്രമല്ലിതു കാണ്മാൻ കേൾപ്പാനും പറവാനും * വ്രതങ്ങൾ യജ്ഞ
ങ്ങളുമിത്യാദികൊണ്ടു മെത്താ മതങ്ങൾ പലവിധം ചൊല്ലീടുമജ്ഞാനി
കൾ * ശുദ്ധമാം ചിത്തംതന്നിൽ പ്രസാദമുണ്ടാകുമ്പോൾ, ബുദ്ധ
ന്മാരിശരൂപം നിഷ്കളമായിക്കാണും * സഗുണസ്വരൂപനാം സാം
ബമൂൎത്തിയെ ധ്യാനിച്ചഗുണസ്വരൂപത്തിലെത്തീടും ശുദ്ധചിത്ത
ൻ * സൂക്ഷ്മമാമാത്മരൂപമാകിലുമറിഞ്ഞീടാം സൂക്ഷ്മാഗ്രബുദ്ധികൊ
ണ്ടു സൎവ്വഥാ വിചാരത്താൽ * സൎവ്വത്തിന്നാശ്രയമാമാത്മരൂപ
ത്തിൽ പ്രാണൻ ഗീൎവ്വാണന്മാരേ! പഞ്ചവിധമെന്നറിയേണം *
പ്രാണനാമുപാധിക്കുള്ളാളിയായ് സൂക്ഷ്മമായിട്ടാണതു ദഹരാഖ്യം
പ്രസാദാലെത്തീടുമേ * പുണ്യലോകങ്ങളെല്ലാമെത്തീടും ജ്ഞാനി
ശ്രേഷ്ഠാത്താലെണ്ണമില്ലവനുടെ വൈഭവം സുരന്മാരേ! * ആകയാലാ
ത്മജ്ഞനാശിവനെന്നോൎത്തീടേണമാകവേ സംസൃതിക്കു നിവൃത്തി വ
രുത്തുവാൻ * കായവാങ്മനസ്സുകൾകൊണ്ടങ്ങു യഥാശക്തി കാൎയ്യ
മാമൎത്ഥാകൊണ്ടും പൂജനമാത്മജ്ഞന്നിൽ * വേദങ്ങളദ്ധ്യയനം ചെ
യ്കിലും തനിക്കേറാം മേധയുണ്ടെന്നാകിലും ശ്രവണം ചെയ്കീടിലും *
ജ്ഞാതവ്യമല്ലാ നൂനമീവിധമാത്മരൂപം ജ്ഞാതമാമെല്ലാനേരം കാംക്ഷി
ക്കും പുരുഷനാൽ * ആത്മനിശ്ചയമാം ബലമില്ലാതെ ലഭിക്കയില്ലാ
ത്മാവാം ശിവരൂപം മറെറാരു തപസ്സിനാൽ * ബുദ്ധിയുള്ളവരനവം
യതിക്കും ശ്രദ്ധയോടെ സിദ്ധിക്കുമവന്നാത്മരൂപമാം ബ്രഹ്മധാ
മം * ഈവിധമാത്മരൂപമൃഷികൾ കണ്ടും മററുമാവിധമുള്ളവരും
ജ്ഞാനത്താൽതൃപ്തരായി * വീതശോകരായ്കൃതകൃത്യരായ്പ്രശാന്തരാ
യേതൊരു ദിക്കിങ്കലുമേതൊരു വിധത്തിലും * ചേതസി സൎവ്വരൂപ
മാത്മാവായറിയുന്നു വീതസംശയം ബുദ്ധിയുള്ളവരവരല്ലൊ * വേ
ദാന്തവിജ്ഞാനത്താലൎത്ഥത്തെ നിൎണ്ണയിച്ചു വേദപൂൎവ്വമാം ന്യാസ
യോഗത്താൽ ശുദ്ധരായി * ബ്രഹ്മജ്ഞന്മാരായുള്ള യതികൾ മോ
ചിച്ചീടും ബ്രഹ്മമാം ലോകം പ്രാപിച്ചമൃതന്മാരായീടും * പ്രാണനും
ശ്രദ്ധാ വ്യോമം വായുവും ജ്യോതിസ്സപ്പും ക്ഷോണിയുമിന്ദ്രിയവും വി
ശ്ചവും മനസ്സന്നം * മന്ത്രവും തപഃ കൎമ്മം ലോകവും നാമമേവം മ
ന്ത്രത്തിൽ പറയുന്ന കലകൾ പതിനാറും * ഇന്ദ്രിയങ്ങളെയെല്ലാ
മെപ്പോഴും കാക്കും സൂൎയ്യചന്ദ്രാദിദേവന്മാരുമിങ്ങിനെ യെല്ലാംക്ഷ

ടി * ഒന്നായുള്ളൊരു ദേഹി മുക്തനായീടുന്നേരം ചൊന്നൊരു കലകളിൽ ശേഷിക്കും നാമമാത്രം * പിന്നെയപ്പതിനാറു കലകൾ വന്നപോലെ പിന്നെയും സ്വകാരണേ ലയിക്കും നിശ്ശേഷമായ് * ദേവന്മാർ ദേവരൂപംതന്നിലും ലയിച്ചീടും ദേവന്മാരായ നിങ്ങൾ ദൃഷ്ടാന്തം കേട്ടുകൊൾവിൻ * ഭിന്നമാം ഘടത്തിങ്കലുള്ളൊരു ജലങ്ങളു ചിന്നിപ്പോകുമ്പോളതിലുള്ളൊരു സൂര്യബിംബം * ചെന്നുടൻ സൂര്യൻതങ്കലൊന്നാകുമതുപോലെയൊന്നായി ലയിച്ചീടും ബ്രഹ്മത്തിലാത്മാവപ്പോൾ * ഒന്നാകും സമുദ്രത്തിൽ നദികൾ നാമരൂപം ഭിന്നമായുള്ളതൊന്നുമില്ലാതായീടുംപോലെ വിദ്വാൻ * തന്നുടെ നാമരൂപം മാറ്റു ബ്രഹ്മത്തിങ്കലൊന്നായിത്തീരും പൂർണ്ണപുരുഷസ്വരൂപമാം * യാതൊരു നരൻ പരബ്രഹ്മത്തെയറിയുന്നു യാതൊരു സമയത്തിലപ്പോഴേ ബ്രഹ്മമാകും * ആയവനതിനില്ല സംശയകാരണവും മായകൊണ്ടുള്ള ബന്ധമൊന്നുമേയവനില്ല * ഇങ്ങിനെ യാതൊരുത്തൻ ബ്രഹ്മത്തെയപരോക്ഷം ഭംഗിയിലറിയുന്നു സ്വാനുഭൂതിയാൽ ദൃഢം * അവനുള്ളൊരു കുലം ബ്രഹ്മവിൽകുലമാകും ദിവിജന്മാരേ! ശോകംതരിക്കും പാപത്തേയും * ഹൃദയഗ്രന്ഥി വേറിട്ടമൃതസ്വരൂപനാമവിതാം സത്യമെന്നാലെന്നതു നിസ്സംശയം * ഇന്നേവം ചൊന്നതെല്ലാം ശോഭനമായി വന്നു നന്നിതു ശോകമോഹം തീരുവാനെല്ലാർക്കുമേ * മുന്നമേയുള്ള സച്ചിൽസുഖമാം സ്വബോധത്തെ തന്നിട്ടമിതു വേദാന്ത്രയന പ്രകാശിക്കും * * *

ഏഴാമദ്ധ്യായം കഴിഞ്ഞു.

---

## എട്ടാമദ്ധ്യായം.

### കൈവല്യോപനിഷത്തിന്റെ സാരം.

---

സാക്ഷാലുണ്ടൊരു തത്വം പരമാത്മെല്ലാററിനും സാക്ഷിയാം ശിവൻ രുദ്രനിത്യാദിസംജ്ഞിതമാം* ശിവനെന്നതിനർത്ഥം ചിൽസുഖരൂപംതന്നെ ഭുവനേ രുദ്രനെന്നാൽ രുത്തിനെ ദ്രവിപ്പിപ്പോൻ* രുത്തെന്നാൽ സംസാരത്തിലുള്ളൊരു ദുഃഖമത്രേ രുദ്രനോ ദുഃഖ

ഹൎത്താവിങ്ങിനെ പ്രസിദ്ധമാം * ശിവമാമതത്ത്വത്തെയവശ്യം
മനീഷിയാമെവനും മഹായാസാലറിയേണ്ടതുതന്നേ * യതിമാർ
സേവിച്ചീടും വിദ്യയാമിതു കല്യായതിയാമതിഗൂഢം ഗൂഢമെന്നറി
യേണം * പെരുതാം ദുരിതങ്ങൾ ത്വരിതം നശിച്ചീടും പരമബ്ര
ഹ്മപദം നരനും കാട്ടീടുമേ * ഉത്തമഭക്തിശ്രദ്ധാധ്യാനവും വേ
ണം സുസത്തമന്മാരേ! യോഗമെന്നതും വേണമല്ലോ * പു
ണ്യകൎമ്മങ്ങൾകൊണ്ടും പുത്രപൌത്രാദികൊണ്ടുമെണ്ണിയാലൊട്ടു
ങ്ങാത്തൊരൎത്ഥസഞ്ചയംകൊണ്ടും * നിൎണ്ണയം പരവിദ്യാ ലഭി
പ്പാനാവതല്ല പുണ്യാദിത്യാഗംകൊണ്ടേ ലഭിപ്പാൻ കഴിവതു *
വേദാന്തമഹാവാക്യശ്രവണം മനനവും വൈദികമായിച്ചെയ്തിട്ട
ൎത്ഥനിൎണ്ണയം ചെയ്ക * ശുദ്ധചിത്തരായുള്ള യതികൾ ദൃശ്യമാ
യോരിദ്ദേഹം നശിക്കുമ്പോൾ മുക്തരായമൃതരാം * ആകയാൽ മു
മുക്ഷുവാം ബുദ്ധിമാൻ വിദ്യയ്ക്കായിട്ടേകാന്തസ്ഥലത്തിങ്കൽ ശുചി
യായിരിക്കേണം * സിതഭസ്മത്തെപ്പൂശിസ്സുഖമായിരിപ്പതിന്നുത
കും പോലെയുള്ളോരാസനംതന്നിൽനിത്യം * മുതുവും ശിരഃ ക
ണ്ഠം സമമായിളകാതെ പതിവായിരുന്നുകൊണ്ടഭ്യാസം ചെയ്തീ
ടേണം * ഇന്ദ്രിയങ്ങളെയെല്ലാം തടുത്തു വശത്താക്കി വന്ദ്യനാം
ഗുരുവിനെച്ചിന്തിച്ചു ഭക്തിയോടെ * ചിത്തപങ്കജത്തിന്റെ മ
ദ്ധ്യത്തിൽ ധ്യാനിക്കേണം ശുദ്ധമാം ശിവരൂപമചിന്ത്യം ദേഹി
കളാൽ * അവ്യക്തമമൃതാഖ്യമനന്തം സുപ്രശാന്തം സുവ്യക്തം
സാക്ഷാദ്വിഭുമാദിമദ്ധ്യാന്തശൂന്യം * സച്ചിദാനന്ദരൂപമരൂപമത്യ
ത്ഭുതം നിശ്ചിതമുമാപതിമോമൎത്ഥം ത്രിലോചനം * വിശ്വേശം നീ
ലകണ്ഠം സാക്ഷിണം ഭൂതയോനിം വിശ്വാസപൂൎവ്വം ഭക്ത്യാ ധ്യാ
നിച്ചീടേണം വിദ്വാൻ * സോഹമെന്നതിലുള്ള സഹങ്ങൾ
പോകുമപ്പോൾ മോഹവും തീരുമോമെന്നായീടും സ്വരൂപവും *
ഏവമീശ്വരം സാക്ഷാദ്വിദ്യകൊണ്ടനാരതം കേവലം ധ്യാനിക്കു
ന്ന പുരുഷൻ സുരന്മാരേ! * പ്രാപിക്കും തമസ്സിന്നും പരമാം
സ്വരൂപത്തെത്താപമേയില്ല പിന്നെസ്സംശയം തെല്ലുമില്ല * ഈ
വണ്ണം സംസാരത്തിൻമോചകൻ ശിവൻതന്നെ ധ്യേയനും വി
ജ്ഞേയനും പരമാമക്ഷരവും * ബ്രഹ്മാവുമിന്ദ്രൻതാനും സ്വരാട്ടും
വിഷ്ണുതാനും ശൎമ്മദൻ പ്രാണൻ കാലമഗ്നിയും ചന്ദ്രനേവം * ഭൂ
തഭവ്യങ്ങളാകും സൎവ്വവുമോൎത്തുകണ്ടാൽ ഭൂതേശനായ ദേവൻത
ന്നെയെന്നറിയേണം * വിദ്യയുമവിദ്യയും ശിവനല്ലാതെയില്ല വി

ദ്ര്യകൊണ്ടറിഞ്ഞവൻ മൃത്യുവെജ്ജയിച്ചീടും * മറ്റൊരു മാൎഗ്ഗമില്ല മുക്തിക്കെന്നറിയേണം ഘോരമറ്റൊരു മാൎഗ്ഗം മുക്തിക്കു ശിവനുതന്നെ * സൎവ്വഭൂതങ്ങളിലും കാണേണമാത്മാവിനെസ്സൎവ്വഭൂതങ്ങളേയും കാണേണമാത്മാവിങ്കൽ * കാണുന്ന പുമാനേവം പരമബ്രഹ്മത്തിങ്കലാണുപോമിതു വേറെ മാൎഗ്ഗത്താലുണ്ടായ്വരാ * താനാകുമരണിയിൽ പ്രണവാരണി ചേൎത്തു ധ്യാനമാം മഥനത്താൽ പാപങ്ങൾ ദഹിച്ചീടും * ഭഗവാൻ ശിവൻതന്നെ സ്വാത്മമായയെക്കൊണ്ടു ഭഗഹീനനെപ്പോലെ സ്വേച്ഛയാലിരിക്കുന്നു * മോഹമില്ലെന്നാകിലും ശരീരം പ്രാപിച്ചിട്ടു മോഹിതനെന്നപോലെ ചെയ്യുന്നു സകലവും * ജാഗരമെന്നുപേരാമിപ്പുരം കല്പിച്ചിതിൽ ജാഗ്രൂകനാം രാജാവെന്നപോൽ ക്രീഡിക്കുന്നു * അന്നപാനങ്ങൾകൊണ്ടും ചന്ദനാദികൾകൊണ്ടും കന്നൽനേർമിഴിമാരാം സുന്ദരിമാരെക്കൊണ്ടും * നന്ദിയെ പ്രാപിക്കുന്നു സ്വപ്നകാലത്തിൽ പിന്നെത്തോന്നീടും സുഖദുഃഖവിഷയം ഭുജിക്കുന്നു * സുപ്തിയിൽ സകലവും ലീനമാം തമസ്സിങ്കൽ തൃപ്തിയോടാത്മാനന്ദം ഭുജിക്കുന്നിതു തദാ * പിന്നെയും പൂൎവ്വക്രിയായോഗത്താൽ ജീവത്വവും വന്നുകൂടീടുമപ്പോൾ സ്വപ്നമോ ജാഗരമോ * വന്നീടുമേവം മൂന്നു പുരമുണ്ടിജ്ജീവനു നന്നായിബ്ഭുജിപ്പതിന്നുള്ളൊരു വിഷയമാം * ഭോഗങ്ങളെല്ലാം ക്രീഡാമാത്രമാം ദുഃഖമല്ല ഭാഗമില്ലിതിൽ ദുഃഖം സുഖമെന്നോൎക്കിലും * വിശ്വത്തിന്നധികനാം സ്വതന്ത്രൻ ജഗദീശൻ നിശ്ശേഷമുപദ്രവം തീൎന്നോരു മഹാനന്ദൻ * ദോഷങ്ങളേതുമില്ലാതുള്ളൊരു ഹരൻതന്നിൽ ക്ലേശങ്ങൾ കഥമുണ്ടാമൊക്കെയും ലീലാമാത്രം * കൎമ്മത്തിൻഫലങ്ങളെബ്ഭുജിക്കും ജീവനോത്താൽ ബ്രഹ്മരൂപനാം ശിവനല്ലാതെ വേറെയില്ല * ചിന്മാത്രമൊന്നാകയാൽ ഭേദമില്ലോൎക്കിലും കൎമ്മത്തിൻഫലം തങ്കൽ സ്പൎശിക്കുന്നതുമില്ല * എന്നതുകൊണ്ടു ജഗത്സാക്ഷിയാം ചിദ്രൂപനായ് നിന്നീടും പരമേശൻ ക്രീഡയാ ഭുജിക്കുന്നു * ഇങ്ങിനെ പുരത്രയമൊരുനേരത്തിൽപോലും മംഗളമൂൎത്തി ശംഭു തന്നിക്കു ദുഃഖമല്ല * ഇച്ഛയാ ക്രീഡാരാമനാകിയ ഭഗവാങ്കൽ ദുശ്ചോദ്യം ചെയ്യീടുവാനവകാശവുമില്ല * ചൊല്ലിയ ധാമത്രയം ശംഭുവല്ലാതെ വേറെയില്ലല്ലോ ശംഭുതന്നെയങ്ങിനെ ശോഭിക്കുന്നു * വിശ്വത്തിൽ ജാഗ്രൽസ്വപ്നസുഷുപ്തിസ്വരൂപമായ് വിശ്വതൈജസപ്രാജ്ഞസ്വരൂപംതാനുമായി * വിശ്രുതനായിട്ടങ്ങുമേവക്കും സൂ

ഷേദനായ് വിശ്വനാമകനായി സ്ഥൂലത്തെ ഭുജിക്കുന്നു * സൂക്ഷ്മമാം ശരീരത്തിൽ കല്പിതപ്രപഞ്ചത്തെ സൂക്ഷ്മമായ് ഭുജിക്കുന്നു തൈജസനെന്നു പേരായ് * കാരണശരീരത്തിലാനന്ദം ഭുജിക്കുന്നു കാരണസാക്ഷിരൂപൻ കേവലം സുഖരൂപൻ * ഈവണ്ണം സ്ഥാനത്രയമിതിങ്കൽ ഭോഗ്യം ഭോക്താവീവണ്ണം രണ്ടുമൊന്നേ ബ്രഹ്മമെന്നറിയുന്നോൻ * ഭോഗങ്ങൾ ഭുജിക്കിലും പുണ്യപാപത്തിനുള്ള ഭാഗിയല്ലവൻ പിന്നെ മുക്തിക്കു ഭാഗിയത്രേ * അസംഖ്യം ഹയമേധം ചെയ്കിലും ബ്രഹ്മഹത്യയസംഖ്യം ചെയ്തീടിലും രണ്ടുമില്ലവനേതും * ജീവരൂപനെപ്പോലെ മുപ്പുരംതന്നിൽ നിത്യം കേവലം ക്രീഡിക്കുന്നു ജീവനല്ലതു ശിവൻ * അവിടംതന്നിലുണ്ടായ് വിചിത്രം സത്യംപോലെയവിടം സാക്ഷിതന്നേ ചിത്സുഖം സുരന്മാരേ! * സത്യമാമസത്യത്തിൻ സാക്ഷിയായതുകൊണ്ടു ചിത്താകും ചൈതന്യത്താൽ സുഖമാമതു തന്നേ * പരമപ്രേമാസ്പദമാകയാലാനന്ദമാമൊരു ഭേദമുമില്ലാത്തതിനാലദ്വൈതമാം * തങ്കലേ ലയിക്കുന്നു മുപ്പുരമാകയാലെ ശങ്കയും വേണ്ട ജീവനല്ലിതു ബ്രഹ്മംതന്നേ * അജ്ഞാനംനിമിത്തമായ് ജീവനായ് തോന്നീടുന്നു പ്രജ്ഞയിൽ സ്വഭാവത്താലില്ലല്ലോ പ്രാജ്ഞന്മാരേ! * ബ്രഹ്മത്തിലുണ്ടാകുന്നു പ്രാണനുംമനസ്സുമിക്കമ്മവും ജ്ഞാനമെന്നും രണ്ടാമിന്ദ്രിയവർഗ്ഗം * ആകാശം വായു തേജസ്സംഭസ്സും പിന്നെ ഭൂമി ലോകധാരിണിയായിട്ടുണ്ടായീ ക്രമത്താലെ * പരമാം ബ്രഹ്മംതന്നെ വിശ്വത്തിന്നായതനം സുരരേ! മഹത്താകുമത്യന്തസൂക്ഷ്മമല്ലോ * നിത്യവും സർവ്വാത്മാവായഖിലം നിറഞ്ഞുള്ള തത്വമാം പദത്തിനുള്ളർത്ഥമായിതുതന്നേ * ത്വംപദത്തിന്റെ ലക്ഷ്യം തൽപദലക്ഷ്യാർത്ഥമാം തൽപദത്തിന്റെ ലക്ഷ്യം തന്നെയാം ത്വാപദാർത്ഥം * ഇപ്പദം രണ്ടും സ്വതസ്സിദ്ധമാം ചിന്മാത്രത്തിലൊപ്പമാമവസാനം രണ്ടിനുമർത്ഥമൊന്നാം * ആയതിൽ കല്പിതമാം ഭേദവുമവിദ്യയാൽ മായയുമീശൻ ജീവൻ ജഗത്തെന്നിപ്രകാരം * മായയാം ബ്രഹ്മത്തിങ്കലുപാധിയവിദ്യയാം ജീവങ്കലുപാധിയും കല്പിതമത്രേ രണ്ടും * ഏകത്വം സ്വതസ്സിദ്ധം മറന്നുള്ളജ്ഞാനത്തെപ്പോക്കുമാറാക്കിച്ചൊല്ലും സാദരം ശ്രുതിവാക്യം * അധികാരികളായോർക്കേകത്വം ബോധിപ്പിക്കുമധികം ചൊല്ലുന്നതും വ്യർത്ഥമായ് വന്നുകൂടും * ജാഗരം സ്വപ്നം സുഷുപ്തിയിങ്ങിനെ പ്രപഞ്ചമായ് ഭോഗദസ്വരൂപമാം ബ്രഹ്മാഹമെന്നതന്നാ * ബോധമുണ്ടായാലപ്പോൾ മായയുമകന്നീടും ബോധമിങ്കി

ന്ന ദൃഢമുള്ളവന്നനുഭവം * അനുസന്ധാനമേവമുണ്ടാകുമെല്ലാ
നേരം മനുവാം മൂന്നവസ്ഥാഭോഗ്യവും ഭോക്താ ഭോഗം * ഇവയിൽ
നിന്നുവേറെ സാക്ഷിയായ് ചിന്മാത്രനായ് ശിവനായുള്ളോരഹമി
ങ്ങിനെയിരിക്കുന്നു * മയ്യേവ സൎവ്വം ജാതം മയ്യേവ പ്രതിഷ്ഠിതം മ
യ്യേവ സൎവ്വം ലീനമദ്വയബ്രഹ്മാസ്മ്യഹം * അണുവിന്നണുവായും
മഹത്തിൻ മഹത്തായുമിണയും ജഗത്തായും വിശുദ്ധനഹം ത
ന്നെ * പുരുഷൻ പുരാതനനീശ്വരൻ ഹിരണ്മയൻ നിരുപദ്രവനാ
കും ശിവനാമഹംതന്നെ * പാണികൾ പാദങ്ങളുമില്ലിനിക്കെ
ന്നാകിലും കാണിക്കുമൂനം കൂടാതെല്ലാകൎമ്മവും ചെയ്യും * കാ
ണുന്നുകണ്ണില്ലാതെ കേൾക്കുന്നു കൎണ്ണമില്ലാതാണിതു സമസ്തവും
സാക്ഷിയായറിയുന്നു * എന്നെയങ്ങറിയുന്നോനില്ലെങ്ങുമറിവാ
യി നിന്നിട്ടും ചൈതന്യമാണഹമെന്നതു ദൃഢം * വേദങ്ങളനേക
ങ്ങൾ ചൊല്ലുന്നിതെന്നെത്തന്നെ വേദാന്തം നിൎമ്മിച്ചതും വേദ
ത്തെയറിഞ്ഞതും * അഹമാണെനിക്കില്ല പുണ്യപാപങ്ങളേതും
ന ഹി മേ ജനിമൃതി ദേഹബുദ്ധ്യാദികളും * ഭൂമിയുമിനിക്കില്ല ജ
ലവും വഹ്നി വായുവ്യോമവുമെനിക്കില്ല സന്തതമഹമഹം * ഈ
വണ്ണം സ്വഭാവത്താൽ സ്ഫുരിക്കുന്നിദമെന്നും ഭാവിക്കുന്നുണ്ടു സ
ൎവ്വത്രപവ്യമഹംതന്നെ * ശോഭയും ശോഭിപ്പതും ശോഭിക്കാതിരി
പ്പതും ശോഭിക്കുന്നിതു സദാ സൎവ്വവുമഹം പുരാ * ഇങ്ങിനെ സ
ൎവ്വദേഹത്തിങ്കലും ഹൃദയത്തിൽ സംഗതമദ്വിതീയം നിഷ്കളമാത്മ
രൂപം * സദസദ്രൂപഹീനം സൎവ്വദാ ഭാനരൂപം ഹൃദയേ ശുദ്ധം
ബ്രഹ്മം പ്രാപിക്കും വിചാരത്താൽ * ആകയാൽ മുമുക്ഷുക്കൾ വേ
ദാന്തശാസ്ത്രങ്ങളെപ്പാകമുള്ളകതാരിൽ ഗുരുതന്നുപദേശാൽ * പാ
കംപോൽ ഗ്രഹിച്ചിട്ടു തന്നുടെ ബുദ്ധികൊണ്ടു ലോകനായകനായ
ശിവനെച്ചിന്തിക്കേണം * ഇങ്ങിനെ കൈവല്യോപനിഷത്തിൽ
ചൊന്നോരൎത്ഥം മംഗലം ഹരിഹരബ്രഹ്മാദിദേവാദ്ഭുതം * നിങ്ങൾ
ക്കുപരോക്ഷമാകുവാനധികാരം ഭംഗിയിലുള്ളവൎക്കും ചൊല്ലിഞാൻ
വഴിപോലെ * ഉത്തമഭക്തിയോടെ നിങ്ങളുമിമതത്തെസ്സത്തമന്മാ
രേ! ചിന്തിച്ചറിഞ്ഞുകൊണ്ടീടുവിൻ. * * * *

എട്ടാമദ്ധ്യായം കഴിഞ്ഞു.

## ൯-ാമദ്ധ്യായം.

ബൃഹദാരണ്യകോപനിഷത്തിന്റെ സാരം.

പരമാനന്ദമാകും ലക്ഷണമാത്മാവിന്നു പരമപ്രേമാസ്പദമാകുയാൽ സുരന്മാരേ! * പരമപ്രേമാസ്പദമാകിയ സുഖമൊന്നേ പരമാനന്ദമാകുമല്ലാഞ്ഞാലാകയില്ല * പ്രിയനായ് ഭവിക്കുന്നു ഭാൎയ്യക്കു ഭൎത്താവേവം പ്രിയയായ് ഭവിക്കുന്നു ഭാൎയ്യയും ഭൎത്താവിന്നു * പ്രിയനായതു ഭാൎയ്യയായവൾതുഷ്ടിക്കത്രെ പ്രിയയായതു ഭൎത്താവായവന്തുഷ്ടിക്കത്രെ * സ്വാത്മാവിൻകാമത്തിന്നു പ്രിയമാമന്യവസ്തു സ്വാത്മാവാമതിപ്രിയവസ്തുവെന്നതു ദൃഢം * പുത്രന്മാർ തുഷ്ടിക്കായിട്ടല്ലവർ പ്രിയരായിപ്പുത്രരെക്കൊണ്ടു തുഷ്ടി തനിക്കുണ്ടാവാനല്ലൊ * ബ്രാഹ്മണൻ പ്രിയനാകും ബ്രാഹ്മണതുഷ്ടിക്കല്ല ബ്രഹ്മമാമാത്മാവിന്റെ തുഷ്ടിക്കുതന്നേ ദൃഢം * ക്ഷത്രിയൻ പ്രിയനാകും ക്ഷത്രിയതുഷ്ടിക്കല്ല ക്ഷേത്രജ്ഞനാകുമാത്മതുഷ്ടിക്കുതന്നേ ദൃഢം * വിത്തവും പ്രിയമാകും വിത്തത്തിൻതുഷ്ടിക്കല്ല വിത്താകുമാത്മാവിന്റെ തുഷ്ടിക്കുതന്നേ ദൃഢം * ലോകങ്ങൾ പ്രിയങ്ങളാം ലോകത്തിൻതുഷ്ടിക്കല്ല ലോകേശനാകുമാത്മതുഷ്ടിക്കെന്നതു ദൃഢം * ഇങ്ങിനെ ദേവന്മാരും വേദങ്ങൾ ഭൂതങ്ങളും മംഗലപ്രദമാകും സൎവ്വവും പ്രിയമാകും * ആത്മാവിൻതുഷ്ടിക്കത്രെ സൎവ്വവും പ്രിയമായി സ്വാത്മാവെപ്പോലെ പ്രിയം മറ്റൊന്നുമില്ലയല്ലോ * പരമപ്രേമാസ്പദമായതു സ്വാത്മാവത്രെ പരമായൊന്നുപോലുമിങ്ങിനെ പ്രിയമല്ല * അതുകൊണ്ടതിപ്രിയമാത്മാവെന്നറിയേണമതുകൊണ്ടല്ലോ സൎവ്വം പ്രിയമായ് ഭവിക്കുന്നു * സുഖവത്താകുമാത്മാ സുഖലക്ഷണൻ തന്നെ സുഖമിച്ഛിക്കുന്നവരാത്മാനമറിയേണം * കൎമ്മങ്ങളെല്ലാം ത്യജിച്ചാത്മാവെത്തന്നെ നിത്യം കന്മഷമാറ്റ സാക്ഷാൽകരിക്കേണ്ടതുതന്നെ * ആത്മാവെ ശ്രവിക്കേണം മനനം ചെയ്തീടേണമാത്മാവെച്ചിന്തിക്കേണം സുരസത്തമന്മാരേ! * സൎവ്വവുമഭിന്നമായ് സ്വാത്മാവിൽ കണ്ടീടേണം സൎവ്വവുമഭിന്നമാം വിദിതം നിസ്സംശയം * ഉരുദുഃഖങ്ങളെല്ലാമൊടുക്കിക്കളവാനായ് പരമാദ്വൈതജ്ഞനായ് ഭവിച്ചീടേണം വിദ്വാൻ * പരമാദ്വൈതജ്ഞാനം സംസാരം കളഞ്ഞീടും പരമില്ലവദനേത്തും സംസാരകാരണവും * അദ്വയാനന്ദം സ്വതസ്സിദ്ധമാമതു താനേ വിദ്വാനു സ്ഫുരിച്ചീടും കൃതമല്ലൊരുവനാൽ * തങ്കൽനിന്നന്യമായി ബ്രഹ്മത്തെയ

റിയുന്നോൻ ശങ്കയില്ലതിൽനിന്നു പുറത്തു തള്ളപ്പെട്ടും* ബ്രഹ്മത്തി
ലകമായി ലയിപ്പാൻ തടവുണ്ടാം ബ്രഹ്മക്ഷത്രാദിയാകും സൽകുല
മെന്നാകിലും * വേദജ്ഞനെന്നാകിലും ദേവന്മാർ ലോകങ്ങളും വേ
ദങ്ങൾ ഭൂതങ്ങളുമെല്ലാരും നിന്ദിച്ചീടും*പശ്ശുവെപ്പോലെയാക്കിത്തി
ർത്തിടുമവനെയിപ്പശ്ശുവെന്നൊരു നാമം ചൊല്ലുന്നു വേദത്തിലും *
സ്വസ്വരൂപത്തിൽനിന്നു പരമായല്പംപോലും വസ്തുവായ് കാണു
ന്നവനുണ്ടാകും മൃത്യുഭയം * ബ്രഹ്മക്ഷത്രാദിഭേദമാശ്രമം സങ്കരവും
കർമ്മവും ദേവാസുരഗന്ധർവ്വഭേദങ്ങളും * ഭൂതങ്ങൾ ഭുവനങ്ങളുമസ്തിത
ന്നാസ്തിയെന്നുമോതുന്ന ശബ്ദാർത്ഥങ്ങൾ പിന്നെയുണ്ടെന്നാലതും *
മായയാമവിദ്യയാം തമസ്സാം പ്രമോഹമാം മായയുള്ളൊരു ഭേദമായ
തും സർവ്വമാത്മാ * അന്യമില്ലൊരു വസ്തു ചിന്തിപ്പാൻ ഫലവാനന
ന്യബുദ്ധിയാണല്ലോ സംസാരം സുരന്മാരേ!* എല്ലാടം നടന്നേറാം
ക്ഷീണിച്ചു വികല്പങ്ങളില്ലാത്ത പരതത്വം തന്നിലണഞ്ഞുന്നേരം *
വിശ്രമിച്ചീടും ബുദ്ധി സംസാരമതുമേവം വിശ്രമിച്ചീടുമെന്നാലായ
തു മോക്ഷംതന്നെ * നിർവ്വിശേഷമായെല്ലാമൊന്നായി ബ്രഹ്മമായിസ്സ
ർവ്വദാ കാണുന്നവൻ സൽഗുരുവെന്നുതന്നെ * നിർണ്ണയിച്ചവനുഞ്ഞാ
ൻ ചെയ്യുന്നു നമസ്കാരം നിർണ്ണയമേവം മമ ബോധിക്ക ദേവന്മാ
രേ!*വേദമോ ബഹുരൂപം സ്മൃതികൾ പലവിധം വാദങ്ങൾ പുരാണ
ങ്ങൾ ശൈവങ്ങൾ വൈഷ്ണവങ്ങൾ * ആഗമങ്ങളുമേവമർഹാദിമത
ങ്ങളും സൌഗതാഗമങ്ങളും ലൌകികപ്രമാണവും * കേവലമപഭ്രം
ശമാർഗ്ഗവുംപരസ്പരമേവമല്ലെന്നു വാദം തീരാത്തനിമിത്തമായ്*കേവ
ലജ്ഞാനമാകുമദ്വൈതസാക്ഷാൽക്കാരം ദേവസംഘമേ! മർത്ത്യർക്കു
ണ്ടാകാതിരിക്കുന്നു * സകല പ്രമാണവും വിരോധം കൂടാതൊന്നായ
ഖിലം കണ്ടുകൊൾവാൻ കാലവും പോരാതാകും * അതിബുദ്ധിക
ളായോർക്കാകിലുമുള്ളനേരം മതിയാകുന്നതല്ല വിരോധം തീർത്തീടു
വാൻ * ആകയാൽ സർവ്വവാദം കളഞ്ഞു മാലിന്യവുമേകമായ് പ
ണ്ടേയുള്ള യഥാർത്ഥസ്വരൂപത്തെ * കാണേണംയഥാർത്ഥമായ് കാ
ണുന്ന ജഗത്തിങ്കൽ കാണുന്നോൻ നിശ്ചലനായ് ഭവിക്കും സുരന്മാ
രേ! * കൃമികീടങ്ങളെക്കാൾ പശുക്കൾക്കേറും ബുദ്ധിയമരന്മാരേ! മ
ർത്ത്യർക്കെന്നു ഗോക്കളേക്കാൾ * അവരിൽ ചിലരുണ്ടു ബുദ്ധിയുള്ള
വരായിട്ടവരിൽ ഗന്ധർവ്വന്മാർക്കേറെന്നു ബുദ്ധി പിന്നെ * പിതൃക്കൾ

ക്കതിഃലേരം ബുദ്ധിയിങ്ങിനെതന്നേ വിതൎക്കത്തിനു ശക്തി മേല്ക്കുമേ
ലേറീടുന്നു * പാണ്ഡിത്യം താരതമ്യംപോലെയങ്ങേറീടുന്നു പാണ്ഡി
ത്യം നിങ്ങൾക്കേറെം സത്വാംശമേറുകയാൽ *, നിങ്ങളെക്കാളുമേററം
പ്രജ്ഞയുള്ളവൻ ഞാനുമിങ്ങിനെയെന്നെക്കാളും പ്രജ്ഞയുള്ളവൻ
വിഷ്ണു* ബുദ്ധിയുണ്ടോത്താലേററം രുദ്രനു വിഷ്ണുവേക്കാൾ ബുദ്ധിയു
ള്ളോരേ!ഗുണമൂൎത്തികളേവമല്ലോ * അരിലും മേലേ ബുദ്ധിയുള്ള
വൻ സാംബമൂൎത്തിയതിലും മേലേയാരുമില്ലെന്നും പാൎത്തു കണ്ടാൽ*
സൎവ്വജ്ഞനാകും ദേവൻതങ്കൽനിന്നന്യമില്ല സൎവ്വവും തത്സ്വരൂപ
മാകയാലീവിദ്ധ്യയെ * സവ്ഥാ വിചാരിച്ചു ത്യജിച്ചു ബ്രഹ്മാത്മനാ
സവ്വും കണ്ടീടേണം മുമുക്ഷുവവനാകിലോ * ആയാസമല്പമാത്രം
ഫലമോ•മുക്തിയിപ്പോളീയൊരു ശരീരത്തിലിരിക്കുന്നേരത്തിലേ *
എങ്കിലും മനുഷ്യൎക്കു പരമാദ്വൈതവാഞ്ഛരാ ശങ്കയിൽപോലുമില്ല
കഷ്ടമാരെണന്നേ വേണ്ടു * ചിത്തത്തിൽഭയമില്ല പരമാദ്വൈതത്തി
ങ്കലിത്രയും ചൊന്നാൽക്കൂടിയാക്കുമേകാംക്ഷയില്ല* തന്നുടെ സ്വരൂ
പത്തിന്നന്യമായ് പ്രമാണമില്ലൊന്നുമേ വിരോധിയുമില്ലല്ലോ നിരൂ
പിച്ചാൽ * തൎക്കങ്ങൾ പുരാണങ്ങൾ ശ്രുതികൾ സ്മൃതികളുമൊക്കെ
യും പരാദ്വൈതം ചൊല്ലുന്നിതൊരുപോലെ * പരമാദ്വൈതം
നാരായണനും ഞാനും ചൊല്ലിപ്പരമുള്ളോരു യോഗിസംഘവുംചൊ
ല്ലീടുന്നു* പരമേശ്വരൻതന്നേ പരമാദ്വൈതം ചൊല്ലിപ്പരമില്ലോ
നു ചൊൽവാനെങ്കിലും മാനവന്മാർ * പരമാദ്വൈതം തെല്ലും
കാംക്ഷിക്കുന്നില്ല കഷ്ടം പെരുതാം മോഹമെന്നേ ചൊല്ലാവൂ നിരൂ
പിച്ചാൽ* ഭ്രാന്തന്മാർ പിന്നെച്ചിലർ ചൊല്ലീടുമദ്വൈതത്തെ ഭ്രാ
ന്തിയല്ലിപ്രപഞ്ചം ബ്രഹ്മത്തിലഭിന്നമാം * കാരണരൂപം ബ്രഹ്മമ
ദ്വൈതമെന്നും ചില കാരണംകൊണ്ടു ചൊല്ലും ബോധമില്ലവൎക്കേ
തും * കേവലാദ്വൈതംതന്നെ കഥിക്കും ചിലരവർ കേവലം പുഴ
ക്കളും കൂടിയല്ലുചേതനം * സവ്വവുമവിശേഷമായൊരു മഹേശനെ
സ്സവ്ദാ കാണുവന്നവൻ സാക്ഷാദ്വിജ്ഞാനമുള്ളോൻ * അങ്ങിനെ
യുള്ള പുമാൻ ശിവനെന്നുരചെയ്യാമെങ്ങുമേ ദുല്ലഭനാമാകയാലിജ്ജ
ഗത്തിൽ * തോന്നുന്ന നാമരൂപം വ്യാവഹാരികം വിട്ടുതോന്നുന്ന
പരമേശൻ പാരമാൎത്ഥികനല്ലോ * ഈ മതി ഭവിക്കുന്നിതെവനോ
ദുല്ലഭമായ് ധീമതാം വരനവൻ ചന്ദ്രശേഖരഭക്തൻ * ചരണസ്മര

ണന്താലത്രയും പവിത്രനായ് പരമപ്രസാദത്താൽ സിദ്ധനായവനത്രെ * ഇജ്ജഗത്തുണ്ടെന്നതുമാക്കാണ തോന്നീടുന്നു ധൂൎജ്ജടിതനിക്കല്ലാതന്യനു തോന്നീടുമോ * ഇജ്ജഗത്തിങ്കലേവം നിശ്ചയമുള്ള ജനം മുജ്ജന്മമിന്ദുചൂഡസ്മരണം ചെയ്യോരത്രെ * സൎവ്വവും തന്നിച്ഛയാൽപ്രിയമായ് തോന്നീടുന്നിതുവിയിലുള്ളോൎക്കെല്ലാമിച്ഛയുണ്ടെന്നാൽപ്രിയം* ആകയാലവരവൎക്കിച്ഛയുള്ളോരു ലോകം പാകംപോൽ സൃഷ്ടിചെയ്തുകൊള്ളുവാൻശ്രുതി ചൊല്ലി* ആയതിലിച്ഛയില്ലാത്തവനോ ലോകങ്ങളുമായതു സാധിക്കുന്ന കൎമ്മവും ശ്രുതികളും* മായുന്ന സകലവും ലേശവും സുഖം ചെയ്യാനിയുള്ളതൊന്നും വേണ്ട ചാസ്തവമിങ്ങിനെയാം * ഇന്നേവംനിൎമ്മലയാം ബുദ്ധിയുള്ളവൻ ശിവൻതന്നെയാം ഗതാഗതംചെയ്കയില്ലല്ലൊ ശിവൻ * പ്രോകത്തെ വിട്ടു ലോകം ഗമിക്കും വരുമെന്നും സാകൂതം വിചാരിക്കുന്നവനോ പശുവത്രെ * മരിക്കെന്നതും ജനിക്കെന്നതും പരലോകത്തിരിക്കെന്നതും പിന്നെത്തിരിച്ചു വരുന്നതും * പരിപൂൎണ്ണാത്മാവായതൊന്നുമേ ചെയ്കയില്ല പരിമോചനംകൊണ്ടു നിൎമ്മലമാവാനില്ല * പരമേശ്വരരൂപം സകലം സ്ഫുടതരം പരയോഗികൾ ചിത്തേ സൎവ്വദാ വിളങ്ങീടും* തോന്നീടും ജഡാജഡഭ്രാന്തിയും സന്ദേഹവും തോന്നാത്ത വിധത്തിലായ്കളഞ്ഞു സമസ്തവും* ആസ്തികന്മാരേ! ഗുരുതന്നുടെ കൃപകൊണ്ടേ നാസ്തിയാക്കാതേശിവരൂപത്തെക്കണ്ടുകൊൾവിൻ * ശിവനെക്കാണുന്നതും ശിവനാണെന്നു കണ്ടു ശിവമായ് സമസ്തവും കണ്ടതും കളയേണം * കേവലസ്വഭാവമാം ചൈതന്യം ശേഷിപ്പിക്കും കേവലഭാവനയും കളഞ്ഞു തെളിയേണം * ഈവിധം മഹാത്മാവായുള്ളവൻ വൈഭവമിന്നാവതല്ലെന്നാൽ ചൊൽവാൻ പരമേശ്വരനാലും * ദേവസംഘമേ നാരായണനാലാവതല്ല വേദങ്ങളാലും ചൊൽവാനാവതല്ലൊരുവിധം * വിദിതന്മാരായുള്ള മുനിമാൎക്കാവതല്ല വിദുഷാം നിഷ്ഠയെന്നാലിവിധമുള്ളതല്ലൊ * ശേഷികളും സകലാൎത്ഥബോധകമാകും വേദം ശേഷനാണതുസാക്ഷാൽ ഭഗവാനേവമോതി * കേവലം കരുണയാ ചൊല്ലിതാനശേഷവും ദേവപുംഗവന്മാരേ! മറന്നിടരുതൊന്നും.

ഒമ്പതാമദ്ധ്യായം കഴിഞ്ഞു.

## ൧൦-ാമദ്ധ്യായം.

ഉഷസ്തബ്രാഹ്മണത്തിന്റെ സാരം.

സൎവ്വത്തിനുള്ളിൽ വാഴും സാക്ഷിയാം പ്രത്യഗാത്മാ സൎവ്വദാ സ്വയംപ്രഭനാകുന്നിതെല്ലാവൎക്കും * കന്മഷമററാലപരോക്ഷമാം സുരന്മാരേ! ബ്രഹ്മമാണത്തു നിറഞ്ഞുള്ളൊരു വസ്തുവത്രേ * ഇപ്പോളുള്ളൊരു ബഹിർദൃഷ്ടിയെ നേരേ തിരിച്ചുപ്പുറമകത്തേക്കു നോക്കീട്ടും ദൃഷ്ടിക്കാണേണ്ട * അറിയേണ്ടതൊരു വസ്തുവായതിന്നൊരു നാമമറിവുള്ളവർ ചൊല്ലും പ്രത്യക്കെന്നൊരു ശബ്ദം* അങ്ങിനെയുള്ള വസ്തുവാത്മാവാമതുകൊണ്ടു ഭംഗിയിൽ പ്രത്യഗാത്മാവെന്നായിച്ചൊല്ലിടുന്നു * പ്രാണാപാനാദികൾക്കുൾസത്തയെക്കൊടുത്തീടും പ്രാണനാം പ്രത്യഗാത്മാതന്നുടെ സാന്നിദ്ധ്യത്താൽ* ചേഷ്ടിക്കുന്നിതു സൎവ്വമെങ്കിലും സൎവ്വത്തിൻെറ ചേഷ്ടയിൽ സക്തനല്ലാനിഷ്ക്രിയനല്ലോ സ്വയം * അതു സൎവ്വാന്തരനാം സാക്ഷിയാം സാക്ഷാലാത്മാവതു കൂടാതെ വേറൊന്നില്ലല്ലോ തൻെറ രൂപം* അമരന്മാരേ! കേൾപ്പിൻ സോഹമെന്നതിനൎത്ഥം പരമായിതുതന്നെ ദേഹമല്ലോരിക്കലും * ദൃശ്യമാം ദേഹം ദ്രഷ്ടാവാത്മാവു തന്നേ ദൃഢം ദൃശ്യമോ നശ്വരമാം ദൃശ്യനല്ലാത്മാ നിത്യൻ* ദൃശ്യമാം പ്രാണാദിയായുള്ളൊരു ലിംഗദേഹം ദൃശ്യനാകാത്തൊരാത്മാവിങ്കലില്ലാത്തതല്ലോ * ദൃശ്യത്തിനെല്ലാം ദ്രഷ്ടാവായവനാത്മാവവനേ വിശ്വസിച്ചറിഞ്ഞാലും സുരപുംഗവന്മാരേ!* ദൃഷ്ടികൾക്കു ദ്രഷ്ടാവാകും ശ്രുതികൾക്കു ശ്രോതാവാകും ദൃഷ്ടിയാം മതികളുള്ളിൽ മന്താവുമവൻതന്നേ* അറിവിന്നറിവായിട്ടുള്ളിലായ് പരമാണെന്നറിവിൻ സ്വാത്മവസ്തു ഇങ്ങിനെയുള്ളതത്രേ * അതുകൂടാതെയുള്ളതൊക്കെയും മിഥ്യാഭൂതമതുകൂടാത സത്യം ചിന്തിക്കിലൊന്നുമില്ല* അതുതേ സൎവ്വരൂപം സത്യമാം സ്വസ്വരൂപമതു വേറെ സൎവ്വത്തിലും വ്യാപിച്ചുനിന്നീടുന്നു* ഭൂമിയിൽ ചരാചരഭൂതങ്ങളുള്ളതെല്ലാം ഭൂമിതൻ സൂക്ഷ്മാംശത്താൽ നിൎമ്മിച്ചുള്ളവയല്ലോ * തന്തുക്കൾകൊണ്ടു നെയ്തു നിൎമ്മിച്ച വസ്ത്രമോൎത്താൽ തന്തുക്കളെങ്ങുമിങ്ങും കോൎത്തുള്ള രൂപം മാത്രം* വസ്ത്രമെന്നൊരു നാമം തന്തുവിലിരിക്കുന്നു വിസ്തൃതഭൂതജാലം ഭൂമിയിലിതുപോലെ * നിത്യവുമിരിക്കുന്നു ഭൂമിയുമിതുപോലെ നിത്യ

മായംഭസ്സിങ്കൽ സ്ഥിതയാം സുരന്മാരേ! * അംഭസ്സമഗ്നിമൂലം വായു
വിലിരിക്കുന്നു കമ്പനസ്വഭാവമാം വായുവാകാശത്തിലും * ആകാശ
ലോകങ്ങളും ഗന്ധൎവ്വലോകങ്ങളിൽ നാകവാസികളായ സുരരേ! പി
ന്നെക്രമാൽ*ഗന്ധൎവ്വലോകങ്ങളുമാദിത്യലോകങ്ങളിലന്ധകാരത്തെ
നീക്കുമാദിത്യൻചന്ദ്രലോകേ * ബന്ധിച്ചു നിന്നീടുന്നു ചന്ദ്രനുംതാര
ലോകേ ബന്ധിച്ചുങ്ങിരിക്കുന്നു താരങ്ങൾ ദേവലോകേ* ദേവലോക
ങ്ങളിന്ദ്രൻതന്നുടെ ലോകങ്ങളിൽ ദേവരാജന്റെ ലോകമിതുപോൽ
പ്രാജാപത്യേ * പ്രാജാപത്യങ്ങളാകും ലോകങ്ങൾ ബ്രഹ്മലോകേ
നൈജമാം ബ്രഹ്മലോകം വിഷ്ണുലോകത്തിലേവം * വിഷ്ണുതൻലോ
കങ്ങളും രുദ്രന്റെ ലോകങ്ങളിൽ നിഷ്ണാതചിത്തന്മാരേ! രുദ്രന്റെ
ലോകങ്ങളും* ഈശ്വരലോകങ്ങളിൽ ബന്ധിച്ചുങ്ങിരിക്കുന്നിതീശ്വ
രലോകം സദാ ശിവലോകത്തിങ്കലും * ഇങ്ങിനെയുള്ള ലോകമൊ
ക്കെയുമൊരിക്കലും തിങ്ങാതെ വസിക്കുന്നു ശിവമാം ബ്രഹ്മത്തിങ്കൽ*
ഉത്തരോത്തരമെല്ലാ ലോകങ്ങൾ സൂക്ഷ്മങ്ങളാമത്രയും മഹത്വവും
വ്യാപ്തിയുമേറീടുന്നു * ഇങ്ങിനെയുള്ളതെല്ലാം പ്രത്യക്കാം സാക്ഷിയി
ങ്കൽ ഭാഗമായ് പ്രകാശിച്ചു കാണുന്നു ദേവന്മാരേ! * ആകയാൽ
പ്രത്യഗാത്മാവാകിയ സാക്ഷിയിങ്കലാകവേ മായാമയമായെല്ലാം
ശോഭിക്കുന്നു * സൎവ്വത്തിന്നധിഷ്ഠാനമാകിയ പ്രത്യഗാത്മാ സൎവ്വദാ
സ്വയംപ്രഭൻ മറ്റൊന്നിൽ സ്ഥിതനല്ല * സാക്ഷിയാം സൽസ്വരൂ
പമായതിൽ സുരന്മാരേ! സാക്ഷാൽ കാണുന്നതെല്ലാമദൃശ്യമായത
ല്ലോ * സൎവ്വവും സാക്ഷിതന്നേ ചിന്തിക്കിൽ മറ്റൊന്നില്ല സൎവ്വ
ത്തിൻസത്താരൂപമായുള്ളതുതന്നേ * അങ്ങിനേ സാക്ഷിയാകും
പ്രത്യഗാത്മാവുതന്നെ യെങ്ങുമേനിറഞ്ഞന്തൎയ്യാമിയായിരിക്കുന്നു *
പൃത്ഥ്വിയിലാന്തരനായിരിക്കുന്നിതു നിത്യം പൃത്ഥ്വിയുമറിവീല ത
ന്നുള്ളിലിരിക്കിലും * തന്നുടെ ശരീരമാമിക്ഷിതിക്കുള്ളിലായി നിന്നീ
ടുന്നുണ്ടു സൎവ്വനേരവും നിഷ്ക്രിയനായ് * ആവിധമന്തൎയ്യാമിയാകിയ
പരാത്മാതന്നീവിധമുള്ളവൎക്കുമന്തൎയ്യാമിയാണെല്ലോ * താംഭസ്സാം ശരീര
മാണെതിലുമിരിക്കുന്നിതംഭസ്സമറിവീല തന്നുള്ളിലിരിക്കിലും * ഇങ്ങി
നെയഗ്നിയിലും വായുവിലാകാശത്തിൽ തിങ്ങീടും ചരാചരമായതി
ലെല്ലാറ്റിലും* ഉള്ളിലായിരിക്കുന്ന സാക്ഷിയാം പരമാത്മാവുള്ളതായി
രിക്കിലുമാരുമേയറിവീല* ദൃഷ്ടനമാകുന്നീല ശ്രുതനമാകുന്നീല ദ്രഷ്ടാ

വും ശ്രോതാവുമായിരിക്കുന്നിതു സദാ * മന്താവാകുന്നതല്ല വിജ്ഞാതാ
നാകുന്നീല മന്താവായതിന്നെല്ലാം മന്താവാം വിജ്ഞാതാവാം * സൂൎയ്യ
സോമാഗ്നിതേജസ്സുകളും പോയെന്നാലുമാൎയ്യരേ! ചിത്തസാക്ഷി
കേവലം വിളങ്ങുന്നു * ചിത്തവ്യാപാരമെല്ലാമടങ്ങും നേരത്തിങ്കൽ
ചിത്തഭാവത്തെക്കൂടിയറിയുന്നവനല്ലൊ * സ്വപ്രകാശനായ്തന്നെ
യിരുന്നു സുഷുപ്തിയിൽ ചിൽപ്രഭകൊണ്ടു സാക്ഷീകരിക്കുന്നിതു സാ
ക്ഷി * ഉദയാസ്തമനങ്ങളില്ലാത്ത സ്വയംപ്രഭൻ ഇദമാം ഭാവാഭാവം
സൎവ്വവുമറിയുന്നോൻ * ഉണ്ടെന്നുമില്ലെന്നുമായ് തോന്നുന്ന സമസ്ത
വും കണ്ടറിയുന്ന സാക്ഷിതന്നെയാം മറ്റൊന്നില്ല * ഇങ്ങിനെവി
ചാരത്താലാത്മാവുകൊണ്ടുതന്നെ ഭംഗിയിൽ ദ്വൈതം ചിന്തിച്ചറി
ഞ്ഞുള്ളൊരു യോഗി, * ദ്വൈതത്തെക്കാണ്കയില്ല കണ്ടാലും സുരന്മാ
രേ! ദ്വൈതമില്ലവന്നോൎത്താൽ കേവലൻ സൎവ്വകാലം * ദ്രഷ്ടാവിൻ
ദൃഷ്ടിക്കൊരു നാശമില്ലൊരിക്കലും ദ്രഷ്ടാവിൻ വിഷയമാം ദൃശ്യമേ ന
ശിച്ചീടു * ദൃശ്യമാം ദ്വൈതം ജഗത്തെന്നതോ മിഥ്യതന്നേ വിശ്വ
സാക്ഷിയാം ദ്രഷ്ടാ കേവലനൊന്നുതന്നേ * ഉൽകൃഷ്ടസമ്പത്താകു
മാത്മാവിന്നിതുതന്നെ നിഷ്കൎഷിച്ചുള്ള സുഖം രതിയുമിതുതന്നെ * ഉ
ത്തമലോകമെന്ന ലോകവുമിതുതന്നെ സത്വവൃത്തികളായ സു
രപുംഗവന്മാരേ! * മോചിച്ച കഞ്ചുകത്തിൽ സൎപ്പത്തിനോൎമ്മയി
ല്ല പ്രാചീനദേഹത്തിങ്കൽ വിദ്വാനുമോൎമ്മയില്ല * സൎവ്വത്തിന്നാധാര
മായ് സിദ്ധമായ് സ്വയംതന്നെ സൎവ്വദാ നിൎമ്മലമായ് പരമാനന്ദമാ
യി * പ്രത്യഗ്രൂപനായ്തന്നെയിരിക്കും ശിവൻതങ്കൽ നിത്യമല്ലാത്ത
നാനാഭേദങ്ങളൊന്നുമില്ല * നാനാഭേദങ്ങളുണ്ടെന്നിങ്ങിനെ തോ
ന്നും കാലം ഞാനുമിപ്രപഞ്ചവുമീശ്വരൻതാനും വേറേ * ആയവൻ
ജനിമൃതിസംസാരേ വലഞ്ഞീടുമായതുകൊണ്ടു സൎവ്വമേകമായ് കണ്ടി
ടേണം * മുക്തിയെക്കാംക്ഷിക്കുന്നോനജ്ഞാനം തൽകാൎയ്യവുമിത്തര
മുള്ള ഭൂതഭൗതികപ്രപഞ്ചവും ജീവനുമീശ്വരനും വെവ്വേറെ തോ
ന്നീടുന്ന ഭാവത്തെപ്രയാസപ്പെട്ടൊടുക്കിക്കളയേണം * അങ്ങിനെ
യുള്ള ഭേദമൊക്കയും ജീവത്വത്താൽ ഭംഗിയിലഭ്യസിച്ച ബ്രഹ്മത്തി
ൽ കല്പിച്ചതാം അളവില്ലാത്മാവിങ്കൽ മാലിന്യമില്ലതെല്ലുമിളകുന്നീ
ല പൂൎണ്ണബ്രഹ്മരൂപനാമാത്മാ * കൂടസ്ഥനിത്യരൂപമായുള്ള തത്സ്വ
രൂപം പാടവമുള്ള ധീരൻ ഗുരുതന്നുപദേശാൽ * കേടകന്നകതാ
രിലറിഞ്ഞു പിന്നെയാകപ്പാടെയുള്ളൊരു ജഗത്തൊക്കയുമൊന്നായ്

കാണ്മാൻ * ശാസ്ത്രാദിവാസനയും വിട്ടങ്ങു നിശ്ചലനായ് പാത്രമായ് ഭവിക്കേണം ബ്രാഹ്മണനായിട്ടുവാൻ * പലതാം ശബ്ദങ്ങളെച്ചിന്തിച്ചും പറഞ്ഞുമിക്ലെയാം വാക്കിനെത്താനുലയ്ക്കുന്നതു വൃഥാ * ആത്മാവോ ജനിക്കില്ല മരിക്കില്ലൊരിക്കലും സ്വാത്മാവിൻ വശത്തിലേ സൎവ്വലോകവും നില്പൂ * ഈശാനൻ സൎവ്വത്തിനുമധിപൻ ശുദ്ധനത്രേ ലേശവും കൎമ്മംകൊണ്ടു യോഗ്യത വരാനില്ല * മോശവും വരാനില്ലധികൎമ്മംകൊണ്ടും തനിക്കാശയുമില്ല തെല്ലും ദേവപുംഗവന്മാരേ * നിരുപാധികനാകുമാത്മാവോ സൎവ്വേശ്വരൻ പെരുതായുള്ള ഭൂതസംഘത്തിന്നധിപതി * ഭൂതപാലനാം ലോകം ഭേദിക്കാതിരിപ്പാനായ് ഭൂതവൎഗ്ഗത്തിനെല്ലാം മൎയ്യാദാസേതുരൂപനാം * ഭൂതധാരണനാകുമാത്മാവെത്തന്നെ നിത്യം പൂതമാം സൎവ്വയജ്ഞംകൊണ്ടുമിബ്രഹ്മജ്ഞന്മാർ * വേദചിന്തനംകൊണ്ടുമുപവാസങ്ങൾകൊണ്ടും മോദമാൎന്നകക്കാമ്പിലറിവാനിച്ഛിക്കുന്നു * ദാനങ്ങൾ തപസ്സുകളിത്യാദികൊണ്ടും ബഹുമാനങ്ങൾകൊണ്ടും നന്നായറിവാനിച്ഛിക്കുന്നു * ആയതിലറിഞ്ഞവൻ മുനിയാണന്യനല്ല ന്യായമിങ്ങിനെയറിഞ്ഞീടുവിൻ സുരന്മാരെ! * ഇതുമല്ലിതുമല്ലെന്നൊക്കെയും നീക്കിക്കാണുന്നതിനോ നീക്കമില്ല താനായതതുതന്നേ * തന്നെത്താൻ നിഷേധിപ്പാനാവതല്ലൊരുത്തനും തന്നെത്താനറിവാനുമരുതെന്നറിയേണം * ചിതറിപ്പോകയില്ല ദേഹംപോലൊരിക്കലും വിതറിപ്പലതിലും പറ്റിനില്ക്കയുമില്ല * ഭഗവാൻ തന്നെയാകുമാത്മാവെന്നറിയുവാൻ ഭഗമുള്ളവനാകും ബ്രാഹ്മണൻമഹിമയെ * പറവാനാവതല്ല കുറവും കൂടുതലും വരുവാനിടയില്ല നിത്യവുമൊരുപോലെ * ഇപ്പരമഹിമയെക്കണ്ടവൻ കൎമ്മംകൊണ്ടു ലിപ്തനായ് ഭവിക്കില്ല. ദേവപുംഗവന്മാരേ! * അതിനാൽ ബ്രഹ്മജ്ഞാനം ലഭിപ്പാൻതന്നെ വിദ്വാനതിശാന്തനും സത്യവാദിയുമായിടേണം * ലോകങ്ങൾ സാധിക്കുന്ന കൎമ്മങ്ങളുപേക്ഷിച്ചു ശോകങ്ങൾ നീക്കിസ്സൎവ്വവേദാന്തസിദ്ധാന്തത്താൽ * ആത്മവിദ്യയെത്തന്നെ സന്തതം ചിന്തിക്കേണമാത്മാവെത്തന്നെ നിത്യം ഭജനം ചെയ്യിടേണം * ആസ്തികന്മാരേ! ഭസ്മത്രിപുണ്ഡ്രം ധരിക്കേണം മൂൎത്തിയിലുദ്ധൂളനം ചെയ്കയും വേണമേവം * ശാശ്വതശിവനാമജപവും വിശേഷിച്ചും വിശ്വാസഭക്തിപൂൎവ്വം പൂജയും വേണമല്ലോ * ഈവിധം സാധനങ്ങളുള്ളവൻ സുരന്മാരേ!

കേവലം ശിവരൂപമായ് കാണും സമസ്തവും * കേവലമുള്ളങ്കയ്യിൽ
നെല്ലിയ്ക്ക വെച്ചപോലെ ദേവൻെറ രൂപംതന്നേ സൎവ്വമെന്നുകാ
ണും * പുണ്യപാപങ്ങളേതും ബാധിക്കില്ലാത്മജ്ഞനെപ്പുണ്യപാപ
ങ്ങളെല്ലാം തരിക്കും ബ്രഹ്മനിഷ്ഠൻ * ഇന്ധനം കുന്നുപോലെ കൂട്ടി
വെക്കിലുമഗ്നിസന്ധാനമുണ്ടാകുമ്പോൾ ഭസ്മമാം നിശ്ശേഷവും * ഇ
ങ്ങിനെ പുണ്യപാപബന്ധവും ജ്ഞാനാഗ്നിയാൽ ഭംഗമായ്ഭവിച്ചീ
ട്ടും സൎവ്വവും ഭസ്മമാകും * ഗുരുതന്നുപദേശാൽ സ്വാത്മാവായിരിക്കു
ന്ന പരമബ്രഹ്മത്തെക്കണ്ടെഗ്ഗുരുതനിക്കവൻ * ശ്രദ്ധയാ തൻെറ ദേ
ഹം സൎവ്വവും ക്ഷേത്രജാതമൎത്ഥവും സൎവ്വസ്വവും സമസ്തം മൎത്ത്യനാ
യോൻ * ഉത്തമാൎപ്പണംചെയ്തു ശുശ്രൂഷിച്ചിരിക്കേണമുത്തമഗ്ഗുരു
വിൻെറ വചനം സുഖം നൽകും * കൎണ്ണങ്ങൾക്കുള്ള ദുഃഖം നീക്കി
ട്ടും സത്യവാക്കാൽ നിൎണ്ണയമമൃതവും കാട്ടിത്തന്നീടുമല്ലോ * ആയ
വൻതനിക്കച്ഛനമ്മയുമവൻതന്നെ മായമോ ഗുരുവിങ്കൽക്കൊട്ടുരു
തൊരിക്കലും * ആയവനല്ലോ തനിക്കുപകാരത്തെച്ചെയ്യുതായതു
വിചാരിച്ചാലവസാനവുമില്ല * തന്നുടെ ദേശികൻെറ രൂപത്തെ
ച്ചിന്തിക്കുന്നതനാഹം ശിവൻതൻെറ ചിന്തനംതന്നേ ദൃഢം * ത
ന്നുടെ ദേശികനെപ്പൂജിക്കുന്നതുതന്നെ മിന്നുന്ന ശിവലിംഗപൂജന
മായിത്തീരും * തന്നുടെ ദേശികൻെറ നാമകീൎത്തനംതന്നെ മന്ദത
യില്ലാതൊരു ശിവകീൎത്തനമാകും * തന്നുടെ ഗുരുവിനെ ദ്രോഹി
ച്ചാൽ ശിവദ്രോഹം വന്നീടുമൊന്നുതന്നെ ശിവനും ഗുരുതാനും *
ആകയാൽ 'ബുദ്ധിയുള്ളോൻ സൎവ്വവുമുപേക്ഷിച്ചു ശോകത്തെക്കള
ഞ്ഞിട്ടുംശ്രദ്ധയാസത്യത്തിങ്കൽ * നിഷ്ഠയാ വസിക്കുന്നസൽഗ്ഗുരുവെ
ന്നു പേരായിഷ്ടമാം വിദ്യാനിധിതന്നെയാശ്രയിക്കേണം * നിത്യവും
വേദാന്താൎത്ഥനിഷ്ഠനാം ഗുരുവിങ്കൽ സത്യധൎമ്മാദിയുക്തനായിട്ടു സേ
വിക്കേണം * വക്തവ്യം വചിച്ചു ഞാൻ സകലാ ദേവന്മാരേ! കൎത്ത
വ്യമൊന്നുമില്ല ബ്രഹ്മാത്മനിഷ്ഠയ്ക്കൽ * സ്മൎത്തവ്യം സകലവും ചി
ത്സുഖരൂപം ബ്രഹ്മം വക്തവ്യമല്ല താനേ ശോഭിക്കും സമരസം *

പത്താമദ്ധ്യായം കഴിഞ്ഞു.

# ൰൧-ാമദ്ധ്യായം.

കഠവല്ല്യുപനിഷത്തിന്റെ സാരം.

ഉണ്ടൊരു തത്വം പരം ഗൂഢമാണതിസൂക്ഷ്മം കണ്ടുകൊള്ളുവാൻ പണി ഗുഹസ്ഥമുള്ളിരിക്കുന്നു * പ്രാകൃതരൂപങ്ങളാം വിഷയാകൃതികളിൽ പ്രാകൃതരൂപമായിട്ടൊളിഞ്ഞങ്ങിരിക്കുന്നു * ബുദ്ധിയിൽ നിഹിതമായെല്ലാടം നിറഞ്ഞതാം ബുദ്ധ്യാദിവികാരങ്ങൾക്കൊക്കയും മേലുള്ളതാം * ധർമ്മാധർമ്മങ്ങളൊന്നും തൊടാതെ മേലേ നിൽക്കും നിർമ്മിതമായ കാലഭേദവുമതിനില്ല * അതറിഞ്ഞൊരു മഹാധിരനായവൻ ദ്വന്ദ്വം കുതറിത്തള്ളിക്കളഞ്ഞീടുവാൻ ശക്തനാകും * വേദങ്ങൾ തപസ്സുകൾ ബ്രഹ്മചര്യവുമെല്ലാമേതൊന്നു ലഭിപ്പാനായ് സാധനമായിട്ടുന്നു * ആയതു ശിവൻതന്നെ ബ്രഹ്മമാമക്ഷരവും മായയാമുപാധിയെ വിട്ടുള്ള പരം പദം* ബ്രഹ്മമാമീയക്ഷരമറിഞ്ഞുള്ളവനോർത്താൽ തന്മതിക്കിച്ഛയുള്ളതായിട്ടുമതുതന്നെ * സഗുണം നിർഗ്ഗുണവുമായിട്ടുമീയക്ഷരം സ്വഗുണംപോലെ സേവിച്ചീടുന്നു യോഗിസംഘം * ബ്രഹ്മത്തെ പ്രാപിക്കുവാൻ ശ്രേഷ്ഠമാമാലംബനം ബ്രഹ്മമാമീയക്ഷരം മുഖ്യമാമുപായവും * ബ്രഹ്മവാചകമായോരക്ഷരമറിഞ്ഞവൻ ബ്രഹ്മലോകത്തിൽപൂജ്യനായീടുംപിന്നീടവൻ * ജനിക്കില്ലതിൽപരം മരിക്കെന്നതുമില്ല ജനിച്ചോനല്ല പൂർവ്വം വിദ്വാനായുള്ള പുമാൻ * അജനും പുരാണനുമായവൻ ശാശ്വതനാം നിജദേഹത്തിൻനാശം വന്നീടുംനേരത്തിലും * കൊല്ലുന്നോനല്ല കൊല്ലപ്പെട്ടോനല്ല രണ്ടുമില്ലതു മൂഢത്വത്താൽ തോന്നുന്നതത്രെ ദ്വന്ദ്വം* കർത്താവുമാകുന്നില കർമ്മവുമാകുന്നില കർത്തൃത്വം കർമ്മത്വവും ഭ്രാന്തിയാൽ തോന്നുന്നതാം * അണുവായിരിക്കുന്ന ദേഹത്തിലണുവായും ഗുണത്തിന്നൊത്തപോലെ വലുതിൽ വലുതായും * ഗുണമാം പരിമാണമുണ്ടെന്നപോലെയാത്മാ ഗുണത്തെസ്പർശിക്കാതെ ഗുഹയാം ഹൃദയത്തിൽ * സതതം സാന്നിദ്ധ്യത്തെച്ചെയ്തുകൊണ്ടിരിക്കുന്നു വിതഥാശകൾ തീർന്നാൽ കണ്ടീടാം വീതശോകം * അന്നപാനാദിസത്വം കാലുഷ്യം തീർന്നു മെല്ലേ തന്നുടെ ശരീരത്തിൽ ധാതുക്കൾ തെളിയുമ്പോൾ * നന്നാകും മനസ്സതിലാത്മാവിൻമഹിമയെ നന്നായിട്ടറിഞ്ഞീടാമാത്മപ്രസാദത്താൽ * നടക്കും ദൂരത്തങ്ങുമിരി

ക്കുംനേരത്തിലും കിടക്കുംനേരത്തിലും നടക്കും പലേടവും * ഇങ്ങിനെ ചൊന്നാലതു തെറ്റെന്നു ശങ്കിക്കേണ്ട തുംഗബുദ്ധികളായോക്കിതിലില്ലൊരു തെറ്റം* ഭംഗിയിലിശ്ശരീരമെങ്ങുമേ നടന്നീടുമങ്ങിനെതുന്ന കിടന്നീടുമങ്ങൊരുദിക്കിൽ * ആത്മാവോ നടക്കില്ല കിടക്കില്ലൊരേടത്തായാത്മാവു പരിപൂൎണ്ണമായോരു വസ്തുവല്ലോ * ഇങ്ങിനെ പരിച്ഛേദരഹിതൻ മഹാദേവനിങ്ങിനെയറിവാനും ഞാനല്ലാതന്യനുണ്ടോ * ഇങ്ങിനെ മൃത്യു ചൊല്ലി നാചികേതസ്സിനോടു നിങ്ങളും ധരിച്ചാലും സുരപുംഗവന്മാരേ! *നശ്വരങ്ങളാം ദേവഗന്ധൎവ്വപിതൃമൎത്ത്യപശ്വാദിദേഹങ്ങളിൽ ശാശ്വതനിരിക്കുന്നു * വിഭുവാം മഹാനാത്മാവിങ്ങിനെയറിഞ്ഞവൻ പ്രഭുവാം മഹാധീരൻ ദുഃഖിക്കില്ലൊരിക്കലും * അനേകം വേദപാഠമുണ്ടെങ്കു ബുദ്ധികളുള്ളോരനേകം ധാരണയും നിത്യമായ് ശ്രവണവും * ഇത്തരമെല്ലാംകൊണ്ടും ലഭ്യനല്ലാത്മാവെന്നാൽ ചിത്തത്തിലന്വേഷണമെപ്പൊഴും ചെയ്കിലെത്തും * സന്തതം മനനത്താലാത്മാവു താനേതാനിക്കന്തരമില്ലാതൊന്നായ് വെളിവായ് ശോഭിച്ചീടും * പാപകൎമ്മത്തിൽനിന്നും നീങ്ങാതെയിരിപ്പോനും താപത്തിന്നിടയാകും വിഷയം ഭുജിപ്പോനും * വേപനം കൂടാതുള്ള മനസ്സങ്ങില്ലാത്തോനും താപത്താൽ വൈരാഗ്യവും വരാതെയിരിപ്പോനും * ആത്മാവെ പ്രാപിക്കയില്ലേതുമേ പാപകൎമ്മമാത്മനാ ചെയ്യീടാതെ താപത്താൽ വിരക്തനായ് * ആത്മാവെത്തന്നെ നിത്യം ചിന്തിച്ചു മനസ്സിങ്കൽ സാത്മ്യസംബന്ധംകൊണ്ടു നിഷ്കമ്പമാകുന്നേരം * ശാസ്ത്രവും ഗുരുവിന്റെ വാക്യവും പ്രജ്ഞാനത്തിൻപാത്രമാമവനല്ലോ സ്ഫുരിക്കും സ്വാത്മരൂപം *തന്നുടെ കൎമ്മത്തിന്റെ ഫലമാം ശരീരത്തിൽ മിന്നുന്ന ഹൃദയത്തിലുണ്ടൊരു സൂക്ഷ്മാകാശം * ഉത്തമസ്ഥാനമാകും ബ്രഹ്മോപലബ്ധികത്തിൽ സ്വസ്ഥനായിരിക്കുന്നു ജീവനും പരനുമായ് * ഛായയുമാതപവുമിങ്ങിനെ ബ്രഹ്മജ്ഞന്മാരായവർ ചൊല്ലീടുന്നു ശങ്കരൻതന്നെ രണ്ടും * ബുദ്ധിയാമുപാധിയിൽ ബിംബിക്കും ഛായാജ്ജീവൻ ബുദ്ധ്യാദിസാക്ഷിയാകും പരനാമാത്മാവോത്താൽ * ബിംബവുംപ്രതിബിംബമിങ്ങിനെ ഭേദം ചന്ദ്രബിംബത്തിലുപാധിയാൽ കല്പിതം രണ്ടുമൊന്നേ * നാചികേതസ്സനുള്ളോരഗ്നിയെച്ചയിച്ചുള്ളിൽ വീചികളകറ്റീടും ബ്രാഹ്മണന്മാരും ചൊല്ലും*

പഞ്ചാഗ്നിവിദ്ദ്യയുള്ളോരിവരെന്നറിയേണം മുഞ്ചൊല്ലിസ്സപ്തമത്തി ലായതുമോർത്തീടേണം * ഇശ്ശരീരത്തിൽ ഞാനെന്നായവൻ കർമ്മഫ ലം നിശ്ശേഷം ഭുജിക്കുന്നു കൊടുക്കുന്നിതു ശിവൻ * സംസാരി ജീ വനീശൻ സംസാരിയാകയില്ല സംസാരം നിമിത്തമായ് രണ്ടായി ത്തോന്നീടുന്നു * രഥിയാമാത്മാവിന്നു ബുദ്ധി സാരഥി ദേഹം രഥ മാം കുതിരകളിന്ദ്രിയങ്ങളുമേവം * മനസ്സാം കടിഞ്ഞാണും മാർഗ്ഗമോ വിഷയങ്ങൾ മനസ്സും ശരീരവുമിന്ദ്രിയങ്ങളുമെല്ലാം * തനിച്ചുള്ളാ ത്മാവിങ്കൽ പിണച്ചു ഭോക്താവായിത്തനിക്കില്ലാത്തതായ സംസാ രം വന്നുകൂടി * യാതൊരു നരൻ കടിഞ്ഞാണായ മനസ്സിനെച്ചേ തസ്സി വിവേകവും കൂടാതെ കൈവെടിഞ്ഞു * ആയവനിന്ദ്രിയങ്ങ ളാകിയ ദുഷ്ടാശ്വങ്ങൾ പോയൊരു വഴിക്കെങ്ങോ ചെന്നങ്ങു വീ ണിടുന്നു * യാതൊരു നരൻ കടിഞ്ഞാണായ മനസ്സിനെച്ചേതസ്സി വിവേകത്താൽ കൈവിട്ടുകളയാതെ * വാതവേഗങ്ങളാകുമിന്ദ്രിയാ ശ്വങ്ങളെത്താൻ പാതയിൽത്തന്നെ നേരേ നടത്തിടുന്നുവെന്നാൽ * ഉത്തമാശ്വങ്ങളേററം സാമർത്ഥ്യമുള്ളവനാമുത്തമസാരഥിക്കു വശ്യ ങ്ങളാകുംപോലെ * നിത്യവുമിന്ദ്രിയങ്ങൾ വശത്തിൽത്തന്നെ നിൽ ക്കുമുത്തമനെന്നാലവനുള്ളൊരു പുമാനല്ലോ * ഒതുക്കി വശത്താ ക്കാതുള്ളൊരു മനസ്സിങ്കൽ കതിക്കും കാമങ്ങളാലശുദ്ധൻ സംസാരി യാം * തൽപദം പ്രാപിക്കില്ല വിവേകജ്ഞാനഹീനൻ തൽപദം പ്രാപിച്ചീടും ശുദ്ധനായുള്ള മർത്ത്യൻ * അവനോ വിവേകത്താൽ മനസ്സും വശത്താകുമവനൊ പിന്നെജ്ജന്മം സംഭവിക്കയുമില്ല * നി ത്യവുമാത്മാനാത്മാവിവേകം ചെയ്യുന്നോരു സത്യബുദ്ധിയെത്ത ന്റെ സാരഥിയാക്കി മെല്ലെ * കൃത്യമായ് കടിഞ്ഞാണും മനസ്സായ് കുതിരകൾക്കുത്തമവിഷയമായ് മാർഗ്ഗവുമെന്നാലവൻ * മാർഗ്ഗത്തിന്ന വസാനമാകിയ തൽപദത്തിലോക്കാതെ ചെന്നു ചേരും പരമാം പദത്തിങ്കൽ * ദേഹികൾക്കെല്ലാം ചെന്നു ചേരുവാനൊടുക്കത്തി ൽ ദാഹവും മോഹം ക്ഷുത്തുമിത്യാദിയററുള്ളിടം * ആയതു വിഷ്ണു പദം പരമം പദംതന്നെ മായമററുള്ള സാംബവിഗ്രഹനായിവന്നു * രുദ്രനും വിഷ്ണുവിന്നും വിധിക്കും മററുള്ളോർക്കും ഭദ്രമായുള്ള പദം സാംബനാം മഹാദേവൻ * ഏതൊരു പദമുണ്ടാമിതുകൂടാതെ പി ന്നെ യാതൊന്നുമില്ല കാണ്മാൻ കേൾപ്പാനും പറവാനും * ചക്ഷു രാദിമയക്കൊള്ളും മഹത്വം വ്യാപിത്വവും സൂക്ഷ്മത്വം പ്രത്യക്ത്വവുമ

ള്ളതാം രൂപാദികൾ ॥* രൂപാദിവിഷയത്തെക്കാളുമീമനസ്സേവം രൂ
പമാണിതിനെക്കാൾ ബുദ്ധിയും സൂക്ഷ്മയല്ലൊ * നമ്മുടെ ബുദ്ധി
യേക്കാൾ ഹൈരണ്യഗർഭിയാകും ബ്രഹ്മബുദ്ധിക്കുമേവം മഹത്താം
വ്യാപിത്വവും * അവ്യക്തമതിലേറം മഹത്താമതിനെക്കാളവ്യയ
നാകും പുമാൻ പരനായിരിക്കുന്നു * പുരുഷൻതന്നെക്കാളും പരമി
ല്ലൊരുവസ്തു പരയായുള്ള കാഷ്ഠയായതു പരഗതി * പുരുഷൻ സ
മ്പൂർണ്ണനാം ശിവനാം സാംബമൂർത്തി പുരുഷസ്വരൂപനാം വേറെയ
ല്ലൊരുത്തനും * രുദ്രനല്ല വിഷ്ണുവല്ലതു ബ്രഹ്മാവല്ല ചിദ്രൂപൻ ശി
വൻതന്നെ രുദ്രാദിനാമമെല്ലാം * സർവ്വഭൂതങ്ങളിലും ഗൂഢനായി
രിക്കയാൽ സർവ്വർക്കും പ്രകാശിക്കാതങ്ങിനെയിരിക്കുന്നു * സൂ
ക്ഷ്മാഗ്രബുദ്ധികൊണ്ടു കാണുന്നു പുരുഷനെ സൂക്ഷ്മദർശികളാ
യോർ ഗുരുതന്നനുഗ്രഹാൽ * ശാസ്ത്രത്തിൻ മാർഗ്ഗം കണ്ടു സം
സ്കൃതബുദ്ധിയുണ്ടായ് പാത്രമായ് വരും ചിത്തൈകാഗ്ര്യത്തി
ന്നവൻ കാണും * വാക്കിനെയടക്കേണം മനസ്സിൽ സമസ്തമാം
വാക്കിന്റെ വിഷയവും മനസ്സും ബുദ്ധിയിങ്കൽ * ബുദ്ധിയെസ്സമ
ഷ്ടിയാം ഹൈരണ്യഗർഭിയാകും ബുദ്ധിയിലാക്കീടേണമായതും സാ
ക്ഷിയിങ്കൽ * ശാന്തരൂപമാമാത്മാവാകിയ സാക്ഷിയിങ്കൽ ശാന്തമാ
യ് ഭവിക്കുന്നു സംസാരം സമസ്തവും * ശബ്ദവും സ്പർശം രൂപം രസ
വും ഗന്ധമേവം നിത്യനാമാത്മാവിങ്കലൊന്നുമേയില്ലയല്ലൊ * അ
വ്യയനനാദ്യന്തൻ ധ്രുവനാം മഹാനാത്മാ നിർവ്യാജമായറിഞ്ഞാൽ
മൃത്യുവും മോചിച്ചീടും * നേത്രാദികരണങ്ങളെപ്പോഴും ബഹിർമ്മു
ഖം മാത്രമായിരിക്കുന്ന ഭാവമായ് സൃഷ്ടിച്ചെല്ലാം * തന്നിൽ താനട
ക്കീടും സൃഷ്ടിക്കുമതുപോലെ പിന്നെയും ബഹിർമ്മുഖമായൊരു സ്വ
ഭാവത്താൽ * തന്നിൽനിന്നെല്ലാനേരം പുറത്തേക്കുള്ള നോട്ടം ത
ന്നെയായ് ജനങ്ങൾക്കു സ്വാത്മാവിലെത്തുന്നീല * അങ്ങിനെയു
ള്ളവഴിലെങ്ങാനുമൊരു ധീരൻ സംസൃതിവശാലുള്ള താപത്താൽ മു
മുക്ഷുവാം * മുന്നമേ ബഹിർമ്മുഖമായോരു നോട്ടത്തിനെത്തന്നിലാ
യുള്ളിലേക്കു തിരിക്കും സമയത്തിൽ * കാണുന്നു പ്രത്യഗാത്മാവാ
യുള്ള തന്റെ രൂപം കാണുന്നതാരാണെന്നു കാണുന്നോനവൻത
ന്നെ * രൂപാദിവിഷയങ്ങൾ തുച്ഛങ്ങളജ്ഞന്മാർക്കു താപത്തിനുള്ളത
ത്രെ മൃത്യുപാശത്തിനാലെ * തുച്ഛങ്ങളെല്ലാം ത്യജിച്ചിച്ഛയുമില്ലാതാ
യി സ്വച്ഛബുദ്ധികളാകും ധീരന്മാർക്കമൃതത്വം * നിസ്തുലം ഭവിക്കു
ന്നു പാരമാം പരമാർത്ഥവസ്തുവാം പരാത്മാനം കണ്ടവരമൃതരാം *

ഏതൊന്നുകൊണ്ടു രൂപം രസവും ശബ്ദം സ്പർശം ജ്ഞാതമാം ഗന്ധമേവം മിഥുനസ്പർശത്തേയും * യാതൊന്നു ഗ്രഹിക്കുന്നിതതുവേ സ്വാത്മരൂപമേതൊന്നു വേറെയുള്ളതാത്മാവിലറിയാതെ * ആത്മാവിലറിയുന്നു ജാഗ്രദാദ്യവസ്ഥകളാത്മാവെയറിഞ്ഞവൻ ദുഃഖിക്കില്ലൊരിക്കലും * മൂന്നായൊരവസ്ഥയേയറിയും ചൈതന്യത്തിൽ മൂന്നാകും പുരം വേറെയുള്ളതല്ലൊരിക്കലും * ചൈതന്യമാത്രമാകും ഭഗവാൻ സ്വയംപ്രഭൻ ചെയ്യൊരു സങ്കല്പത്താൽ മുപ്പുരമായിത്തോന്നി * സങ്കല്പഹീനമാകും തത്വമായ് കാണുന്നേരം തങ്കലില്ലന്യമായിട്ടിപ്പുരം മൂന്നുമൊന്നേ * സത്യചിൽസുഖരസം നിത്യമാണിഹലോകേ മൃത്യുവന്നതിൻശേഷമപ്പൊഴും പരലോകേ * നിത്യമല്ലാതെയുള്ള ദേഹത്തിലിരിപ്പതും സത്യമായ് സദാനേരം സൂക്ഷ്മകലിരിപ്പതും * തത്വമൊന്നെന്നു കണ്ടാൽ മൃത്യുവുമകന്നിട്ടും തദ്വ്യോഹം സോഹമെന്നു ശ്രുതിയും ചൊല്ലീടുന്നു * രണ്ടായിക്കാണുന്നവൻ മൃത്യുവിലകപ്പെട്ടും കണ്ടവനിരിക്കിലും സമമാം മരിക്കിലും * അഗ്നിതാനേകരൂപനാകിലും ദാരുക്കളിൽ ലഗ്നനാകുമ്പോളതിന്നാകൃതി പലതാകും * വട്ടമുള്ളതിലഗ്നി വട്ടത്തിൽ കത്തും ദാരുവൊട്ടേടം വളഞ്ഞതിലതുപോലാകുമഗ്നി * ദൃഷ്ടമാണുപാധിപോലാകൃതിഭേദം തോന്നും നഷ്ടമാം ദാരുവപ്പോളഗ്നിയും കാണാതാകും * കാരണരൂപനാകുമഗ്നിക്കു നാശമില്ല കാരണനായീട്ടുന്നൊരാത്മാവുമിതുപോലെ * ഭൂതഭൗതികത്തിങ്കലിരിക്കും നേരത്തതിൽ ഭൂതമാം വികാരവുമുള്ളവനെന്നപോലെ * വായുവെങ്ങിനെ സദാ സർവ്വഭൂതത്തിൻ പ്രാണവായുവായകത്തങ്ങും പുറത്തുമൊരുപോലെ * വ്യാപിയാം പ്രാണനൊന്നേ സർവ്വഭൂതങ്ങളിലും വ്യാപിയാമാത്മാവൊന്നേ സർവ്വജീവങ്ങളിലും * സർവ്വലോകത്തിന്നൊരു കണ്ണാകും സൂര്യൻതങ്കൽ സർവ്വഭൂതത്തിൻ ദോഷമേതുമേ പറ്റുന്നില * സർവ്വഭൂതാന്തരാത്മാവാകിയ ദേവൻതങ്കൽ സർവ്വജീവങ്ങൾ ദോഷമൊന്നുമേ പറ്റുന്നീല * ഏകനായ് സ്വേച്ഛപോലെ സർവ്വവും വശത്താക്കിശ്ശോകവും കൂടാതെല്ലാദേഹികൾക്കാത്മാവായി * ഏകനാണെന്നാകിലും ബഹുരൂപങ്ങൾ പൂണ്ടു ശോകതോഷങ്ങളുള്ളോനെന്നപോലിരിക്കുന്നു * തന്നുടെ ഹൃദയത്തിലാകാശേ കാണുന്നവർ ധന്യരാമവർക്കല്ലോ ശാശ്വതമാകും സുഖം * അന്യരായവർക്കില്ല ശബ്ദാദിരൂപമായിബ്ഭിന്നമാമല്പം സുഖം തുച്ഛമെയുള്ളൂ പാർത്താൽ * യാതൊരു വസ്തുവിനാൽ സർവ്വവും നിത്യ

മായും ചേതനയുള്ളതായും ശോഭിച്ചങ്ങിരിക്കുന്നു * യാതൊരു വ
സ്തുവിങ്കൽ മോഹത്താൽ വിഭാഗങ്ങൾ ചെയ്യുന്നു നാമരൂപം ഭേ
ദിച്ച കാണാകുന്നു * ആയൊരു വസ്തുതാൻെറ ഹൃദയാകാശത്തിങ്ക
ലദ്വയതമായിക്കാണും ധീരന്മാൎക്കുണ്ടു സൌഖ്യം * ആയവൎക്കുണ്ടാ
യിട്ടും ശാശ്വതിയായ ശാന്തി മായയുമററ സാക്ഷാൽ ഞാനിതെന്ന
റിഃമ്പോൾ * ഇന്നതാണെന്നുതന്നേ നിൎദ്ദേശം ചെയ്യീട്ടുവാനിന്നൊ
രുവനുപോലുമാവതല്ലാത്മരൂപം * എങ്ങിനെയറിഞ്ഞിടാം ശോഭി
ച്ച കാണാമോ താനെങ്ങിനെ ശോഭിക്കാതെ കാണാമോ? രണ്ടും വ
യ്യ * രണ്ടിനുമിടയായിട്ടുള്ളതിന്നെന്തായിട്ടുമുണ്ടതിൽ ചിന്ത ചെ
യ്വാൻ ചിന്തിക്കില്ലാരും നന്നായ് * സൂൎയ്യചന്ദ്രാഗ്നികൾക്കും താരക
ങ്ങൾക്കുമെല്ലാം വിശ്വത്തെക്കൊടുക്കുന്ന ചൈതന്യജ്യോതിസ്സിങ്കൽ*
സൂൎയ്യാദിതേജസ്സൊന്നും ശോഭിക്കില്ലതുകളാൽ കാൎയ്യവുമില്ല തങ്കല
ദ്ധ്യസ്തം ശോഭിക്കുന്നു * ശോഭിക്കും ജ്യോതിസ്സിനെ പിൻതുടൎന്നെ
ല്ലാം പിന്നെശ്ശോഭിക്കുന്നുണ്ടുതാനേ ശോഭിക്കില്ലവയൊന്നും * അ
ശ്വത്ഥമെന്നുപേരാമൂൎദ്ധ്വമൂലമാം വൃക്ഷം നിശ്ശേഷശാഖകളും കീ
ഴ്പോട്ടായുള്ളതത്ര * നിത്യമല്ലിതു നാളെക്കില്ലാത്തതാകയാലെ സ
ത്തുക്കളെശ്വത്ഥമെന്നിങ്ങിനെ ചൊല്ലീടുന്നു * വൃക്ഷമെന്നതും ചൊ
ല്ലും ഛേദിക്കപ്പെട്ടുകയാൽ പക്ഷമില്ലിതിലൂൎദ്ധ്വം മൂലമാം ബ്രഹ്മംത
ന്നെ * ശാഖകൾശരീരികളിങ്ങിനെ സംസാരമാം ശാഖിയാണിതു
തന്നേയുണങ്ങിപ്പോകുന്നതാം*കാലത്താലില്ലാതാകും കോലമാംവൃക്ഷ
മോൎത്താൽ മൂലമാംബ്രഹ്മംനിത്യംശുദ്ധമായുള്ളതൊന്നേ *മൃതമെല്ലാ
രിക്കലുമാകയാലമൃതമാമൃതവും സത്യവുമായ് ചൊല്ലുന്നതതുതന്നേ*
അതിലങ്ങിരിക്കുന്നു ലോകങ്ങൾ സകലവുമതിനെക്കടന്നുള്ള വസ്തു
വൊന്നില്ലയല്ലോ* ജ്ഞേയമാം വസ്തുവിനെച്ചൊല്ലിഞാൻ സുരന്മാ
രേ! ജ്ഞേയമാംവണ്ണം നിങ്ങൾ ചിന്തിച്ച കണ്ടുകൊൾവിൻ * സാ
ക്ഷാലുള്ളൊരു ശിവൻ ചലിപ്പിക്കുന്നു സൎവ്വം സാക്ഷാലീമഹത്ഭയം
വജ്രമെന്നതുപോലെ * ഓങ്ങിനില്ക്കുന്നു സൎവ്വനേരത്തുമതുകൊ
ണ്ടു നീങ്ങാതെ സൎവ്വലോകം വേലകൾ ചെയ്യീടുന്നു * അമ്മഹാഭ
യത്തിനെ നിത്യനാം സ്വാത്മാവെന്നു തന്മതികൊണ്ടു കണ്ടാൽ മു
ക്തനായ് ഭവിച്ചീടും * ഇതിനെബ്ഭയപ്പെട്ടിട്ടഗ്നി കത്തുന്നു സൂൎയ്യൻ
പതിവായുദിക്കുന്നു വായുവും വീശീടുന്നു * മൃത്യുവും സംഹാരത്തെ
ച്ചെയ്യുന്നിതിന്ദ്രൻ സ്വൎഗ്ഗം നിത്യവും പാലിക്കുന്നു സൎവ്വരുമിതുപോ

ലെ * കൃത്യമായ്സ്വകൃത്യങ്ങൾനടത്തുന്നിതുസദാസത്യമിങ്ങിനെയറിഞ്ഞീടുവിൻ സുരന്മാരേ! * ഇശ്ശരീരത്തിൽതന്നെയറിഞ്ഞീലെന്നാലവൻ നിശ്ശേഷലോകങ്ങളിൽ ജന്മത്തെ പ്രാപിച്ചീടും * ശുദ്ധമാം കണ്ണാടിയിൽ സ്വമുഖം കാണുംപോലെ ശുദ്ധമായാത്മാവിനെക്കണ്ടീടാമിദ്ദേഹത്തിൽ * കേവലബ്രഹ്മരൂപം പ്രാപിക്കാം നരനായാലേവമില്ലന്യദേഹം മനനം ചെയ്തീടുവാൻ * ജന്മനാശങ്ങളുള്ളോരിന്ദ്രിയങ്ങളെയെല്ലാം ബ്രഹ്മരൂപത്തിൽനിന്നും വേറായിക്കണ്ടു പിന്നെ * ജന്മാദിയനാത്മാക്കൾക്കുള്ളതെന്നറിഞ്ഞിട്ടു ബ്രഹ്മത്തെ കേവലാത്മാവായിട്ടു കണ്ടീടേണം * ബ്രഹ്മത്തെ സ്വാനുഭൂതികൊണ്ടേവം കാണുന്നോരു നിർമ്മലബുദ്ധിയായ ധീരനു ശോകമില്ല * ഇന്ദ്രിയങ്ങളെക്കാളും ശ്രേഷ്ഠമാം മനസ്സതിന്നാന്തരകാരണമാം സത്വമാണല്ലോ ശ്രേഷ്ഠം * അതിനെക്കാളും പിന്നെ ഹൈരണ്യഗർഭിയാകും മതിയാം ശ്രേഷ്ഠയായിട്ടവ്യക്തമതിലേറം * ശ്രേഷ്ഠമാണതില്പരം സാക്ഷിയാം പുമാൻതന്നേ ശ്രേഷ്ഠനായിരിക്കുന്നു തല്പരമൊന്നുമില്ല * വ്യാപകമലിംഗമാം പുരുഷൻതന്റെ രൂപം പാപങ്ങൾ തീർന്നീടുമ്പോളറിയും മുക്തനാകും * കണ്ണെത്തും ദിക്കിലല്ല പ്രത്യഗാത്മാവിൻ രൂപം കണ്ണിനും കണ്ണത്തിനമൊന്നിനും ഗ്രാഹ്യമല്ല * തന്നുടെ ഹൃദയത്തിൽ ബുദ്ധികൊണ്ടാലോചിച്ചു നിർണ്ണയിച്ചറിയേണമറിവാൻ കഴിഞ്ഞീടും * സച്ചിദാനന്ദരൂപം സർവകാരണമേവം നിശ്ചയിച്ചറിയുന്ന മർത്ത്യരും വിദ്യയാലെ * ശ്രുതിയുക്തികൾകൊണ്ടു ബ്രഹ്മത്തെയറിഞ്ഞിട്ടിക്ഷിതിയിൽ മുക്തരായിബ്ഭുവിക്കുന്നിതു ചിലർ *

ശ്വേതാശ്വതരശാഖോപനിഷത്തിന്റെ സാരം.

വിദ്യകൊണ്ടറിയേണ്ടതായൊരു ബ്രഹ്മവസ്തു വിദ്യയാം വേദത്തിങ്കൽ സിദ്ധമാം നിഗൂഢമായ് * അതിലുണ്ടൊരു ശക്തിയാകയാൽ ഭിന്നമായിസ്സതതം ഭിന്നമല്ലാതിരിക്കുന്നൊരു വസ്തു * ഏകരൂപമാം ബോധമൊന്നിനെപ്പററിനിൽക്കില്ലാകവേ സത്യാനന്ദമൊന്നായിട്ടിരിപ്പതാം * ബ്രഹ്മത്തിനുള്ള രൂപമൊന്നിതു ജീവരൂപം തന്മയമൊന്നു പിന്നെ വിശ്വമാം ഭോഗ്യരൂപം * തന്നുടെ പതിയാകുമീശ്വരനെന്നൊരു രൂപം പിന്നെയുണ്ടൊരു രൂപം സർവശാസ്ത്രാർത്ഥസിദ്ധം * മിന്നുന്ന ശുദ്ധരൂപം - പ്രജ്ഞാനമാത്രമാകും

ഭിന്നമല്ലപ്പംപോലും തുരീയം ബ്രഹ്മരൂപം * ജീവങ്ങൾക്കെല്ലാം ജീവിച്ചിരിപ്പാൻ മരിപ്പാനും സാവകാശമാം ബൃഹത്തായൊരു ബ്രഹ്മചക്രേ * കേവലം ഭ്രമിക്കുന്നു ജീവങ്ങളങ്ങുമിങ്ങും കേവലസ്വരൂപത്തെക്കണ്ടവൻ മുക്തനാകും * ജീവനായ് കിഞ്ചിൽജ്ഞനായീശനായ് സർവ്വജ്ഞനായ് ഭാവനകൊണ്ടു രണ്ടായ് തോന്നുന്ന ചൈതന്യത്തെ * ശ്രുതിയുക്തികൾകൊണ്ടും സ്വാനുഭൂതിയെക്കൊണ്ടുമിതു രണ്ടാക്കിക്കാണാതിരുന്നാലൊന്നായിട്ടും * ഭോക്താവിൻ ഭോഗഹേതു മായയാം പരമാത്മാ ഭോക്താവല്ലിതു മായാകല്പിതം ബഹുരൂപം * മായയാം ക്ഷരരൂപമക്ഷരം ജീവരൂപം മായകൊണ്ടല്ലോ ഭേദമേകനാം ദേവൻതങ്കൽ * ധ്യാനയോഗാദികൊണ്ടു തത്വമാം ഭാവം കണ്ടാൽ താനേയടങ്ങിടും സർവ്വമായയുമപ്പോൾ * ദേവനെയറിഞ്ഞെങ്കിൽ സർവ്വപാശവുംതീരുംജീവനക്ലേശം തീൎന്നു മൃത്യുവും നിവൃത്തിക്കും * ദേവന്റെധ്യാനംകൊണ്ടു മൂലമാം മായപോകും കേവലമീശ്വരത്വം പ്രാപിക്കും ജീവൻതാനെ * ജ്ഞേയമാമതു നിത്യം തന്നിലേ വസിക്കുന്നു ജ്ഞേയമായിതിൽ പരമൊന്നുമേയില്ലപാൎത്താൽ * ഭോക്താവും ഭോഗ്യം പിന്നെ ഭോഗദസ്വരൂപവും പ്രോക്തമായിന്നതെന്നും ത്രിവിധം ബ്രഹ്മമൊന്നേ * അരണിക്കുള്ളിലിച്ചങ്ങിരിക്കും വഹ്നി ലോകത്തൊരു ദൃഷ്ടിക്കുപോലും ഗോചരമാകുന്നില * അണുവായുള്ളംപോലും കാണ്മാനില്ലെന്നാൽ പിന്നെയിണയായരണിയെ മഥനം ചെയ്തിട്ടുമ്പോൾ * പ്രത്യക്ഷരൂപമാകുമഗ്നിയെകാണുമ്പോലെ പ്രത്യഗാത്മാവെക്കാണാം പ്രണവധ്യാനത്താലെ * തന്നുടെ ഹൃദയമാമധരാരണിതന്നിൽ ചൊന്നൊരു പ്രണവത്തെയുത്തരാരണിയാക്കി * ബ്രഹ്മത്തിൻപരാപരരൂപത്തിലേതെങ്കിലും തന്മയമാക്കിച്ചെയ്യും ചിന്തനം മഥനമാം * ഇങ്ങിനെ മഥനത്താലഗ്നിയെപ്പോലെ കാണാമെങ്ങുമേ നിറഞ്ഞുള്ളദേവനേ ഹൃദയത്തിൽ * എള്ളിലെണ്ണയും തൈരിൽ വെണ്ണയും പുളിനത്തിനുള്ളിൽ വെള്ളവുമഗ്നിയരണിക്കുള്ളിലായും * ഉണ്ടതു പ്രത്യക്ഷമായ് കാണാത്തതാണെങ്കിലുമുണ്ടതിനുപാങ്ങളെടുപ്പാനെന്നപോലെ * സത്യവുംതപസ്സുമിത്യാദിസാധനങ്ങൾ നിത്യവും ശീലിക്കുന്ന പുരുഷൻ സ്വാത്മാവിങ്കൽ * നിത്യനാമാത്മാവിനെ ധ്യാനമാമുപായത്താൽ സത്യമായറിഞ്ഞീടുമതിൽനിന്നില്ലൊരു വാദം * ക്ഷീരത്തിൽ ഘൃതം പോലെ വ്യാപിച്ചുജഗത്തിങ്കൽ കാരണരൂപനാകുമാ

ത്മാവുണ്ടതിസൂക്ഷ്മം * വിദ്യയ്ക്കുംതപസ്സിന്നും മൂലമാം ബ്രഹ്മമാത്മ
വിദ്യയാമുപനിഷൽ പരമാമാത്മരൂപം * വിദ്വാനാം ഗുരുവിങ്കൽ
നിന്നുടൻശ്രദ്ധയോടും വിദ്യയെ ശ്രവിച്ചിട്ടുമനനംചെയ്തുപിന്നെ*
ചിത്തത്തിൽ സാക്ഷാൽകാരം വരെയ്ക്കും തൊട്ടുനില്ക്കും വിത്താകുമാ
ത്മവിദ്യയിങ്ങിനെയുള്ളതത്രെ * നിത്യവും വർണ്ണാശ്രമചോദിതം യ
ജ്ഞാദാനമിത്യാവമുള്ള കർമ്മം തപസ്സെന്നറിയേണം * തപസ്സും വി
ദ്യയുമിച്ചൊന്നതു ബ്രഹ്മത്തിനുള്ളുപലബ്ധിക്കു മൂലമെന്നതും ധരി
ക്കേണം * ബ്രഹ്മമേ സത്തായിട്ടങ്ങിരുന്നു സംസാരമാം കന്മഷം കാ
ണാതാക്കിക്കളെയും നിമിത്തമായ് * ബ്രഹ്മമേയുപനിഷത്തെന്നരി
ന്നത്ഥമാകും ബ്രഹ്മത്തെ പ്രാപിപ്പിക്കും വിദ്യയെന്നതും ചൊല്ലാം *
ജീവഭാവേന നിൽക്കും സാക്ഷിചൈതന്യത്തിന്റെ കേവല്യഭാവം
കാട്ടിസ്സംസാരബന്ധം തീക്കും * ആയതുമുപനിഷത്തെന്നതിന്നത്ഥ
മകുമായതോ സുകൃതികൾക്കെത്തീട്ടു മനുക്രമാൽ * യജ്ഞദാനാദിപു
ണ്യകർമ്മങ്ങൾകൊണ്ടു തന്റെപ്രജ്ഞയിൽ ശുദ്ധി വന്നാൽ യോഗ
വും സിദ്ധിച്ചീടും*യോഗത്താൽസിദ്ധിച്ചീടുംജ്ഞാനവും മുക്തിക്കുള്ള
യോഗവും വന്നുകൂട്ടും കർമ്മംകൊണ്ടല്ല മുക്തി* ആശ്രമങ്ങളെയെല്ലാ
മറിഞ്ഞിട്ടത്യാശ്രമേ വിശ്രമിച്ചതിശാന്തന്മാരായോക്കിതുചൊല്ലാം*
ശാന്തിയില്ലാത്തവന്നും പുത്രനില്ലാത്തവന്നും ശാന്തമാം തത്വമേവം
ചൊല്ലരുതൊരിക്കലും *അഗ്നിരിത്യാദികളാം മന്ത്രങ്ങൾകൊണ്ടു ദേ
ഹേ ലഗ്നമാംവണ്ണംഭസ്മോദ്ധൂളനംചെയ്തുപിന്നെ* നിത്യമായ് ത്രിപു
ണ്ഡ്രത്തെപ്രത്യേകംധരിപ്പതുമിത്തരമത്യാശ്രമലക്ഷണംബുധന്മാരേ!
യാതൊരുത്തന്നു ദേവൻതങ്കലും പരഭക്തി ചേതസ്സിലതുപോലെ
ഗുരുഭക്തിയുമുണ്ടോ * അങ്ങിനെ മഹാത്മാവായുള്ളവനിച്ചൊന്ന
തു ഭാഗിയിൽ പ്രകാശിക്കും വേദാത്ഥം സുരന്മാരേ! * ശ്രുതിവാക്യ
ത്തെക്കൊണ്ടു ചൊല്ലിഞാൻ സമസ്തവും മതിയിൽ കൃപകൊണ്ടുചൊ
ന്നതാമെന്നേ വേണ്ടു * ഇങ്ങിനെയറിയുന്ന മാനുഷൻ മോഹിക്കില്ല
മംഗലം ശിവരൂപം പ്രാപിക്കും പ്രിയരൂപം *

പതിനൊന്നാമദ്ധ്യായം കഴിഞ്ഞു.

## ൧൨-ാമദ്ധ്യായം.

മേല്പറഞ്ഞ എല്ലാ ഉപനിഷത്തുകളുടേയും സാരം.

ചൊല്ലുവനേറാം സാരം സർവ്വോപനിഷത്സാരമില്ലിതിൽ

പാമൊന്നും ശോഭനം സുരന്മാരേ! * ശ്രദ്ധയാ കേട്ടുകൊൾവിനെ
ല്ലാക്കുമഹംശബ്ദപ്രത്യയാലംബനമൊന്നുണ്ടല്ലോ നിസ്സംശയം* ആ
ത്മാവാമതു നമുക്കെല്ലാക്കും പരം ജ്ഞാനമാത്മനി സ്വാവിദ്യയാൽ
മറന്നു സംസാരിയായ് * സാക്ഷാലുള്ളൊരു ശിവൻ തന്നെയാണാ
ത്മാവെന്നാൽ സാക്ഷിമാത്രമാം തന്റെ രൂപത്തെ മറന്നുള്ളിൽ *
ദേഹമാണഹമെന്ന ഭാവനയുറച്ചതായ് മോഹങ്ങൾ വന്നുകൂടിബ്ബ
ന്ധമുണ്ടെന്നു തോന്നി * ഏവമുള്ളജ്ഞാനത്തെപ്പോക്കുവാൻ ജ്ഞാ
നമൊന്നേ കേവലം സാധനമായുള്ളതുമാകയാലെ * വേദമാർഗ്ഗത്തെ
പ്പാരംപഴ്യമാം ക്രമത്താലെ വേദിച്ച മുമുക്ഷുത്വം ദൃഢമായ് വന്നു
പിന്നെ * ശാന്ത്യാദിസാധനങ്ങൾ ശിവഭക്തിയുമേവം സ്വാന്ത
ത്തിൽ ഗുരുഭക്തിയുണ്ടാകുമപ്പോളവൻ * ഗുരുതന്നുപദേശമായോ
രു മഹാവാക്യമുരുധാ ശ്രവണവും ചെയ്തീട്ടു മനനവും * പരമ
ധ്യാനം ചെയ്യും പ്രത്യഗ്ബ്രഹ്മാത്മജ്ഞാനം പരമായുണ്ടായീട്ടു ശി
വനെ പ്രാപിച്ചീടും * അഖണ്ഡൻ പ്രത്യഗാത്മാവഹമെന്നതിന്നു
ൎത്ഥമദ്വയശിവരൂപമാണ്ടാണും സമ്പൂൎണ്ണത്വം * പരവിദ്യയാലഹം
ശബ്ദാൎത്ഥം ശിവരൂപം പരമെന്നതു കണ്ടാലവിദ്യാവൃതി പോകും *
വിദ്യകൊണ്ടവിദ്യ പോയ് മറയുംനേരത്തിങ്കൽ സിദ്ധമാം ബ്രഹ്മരൂ
പം കേവലം ശേഷിക്കുന്നു * ഭാവവുമഭാവവുമന്യവുമില്ലതിങ്കൽ
വ്യാവഹാരികദൃഷ്ട്യാ വിദ്യയുമവിദ്യയും * തത്വദൃഷ്ടിയിൽ പിന്നെ
യവിദ്യാതന്നിവൃത്തിയിത്തരമുള്ളതെല്ലാം മിഥ്യയെന്നറിയേണം *
ബ്രഹ്മരൂപമാം ബ്രഹ്മം കേവലം ശോഭിക്കുന്നു തന്മയമാകും ജഗ
ത്തായിട്ടും ശോഭിക്കുന്നു * വിദ്യയുമവിദ്യയും ഭാവവുമഭാവവും
വിദ്യയെക്കൊടുക്കുന്ന ഗുരുവും ശിഷ്യൻതാനും * ബ്രഹ്മമായ്
പ്രകാശിക്കും സൎവ്വവുമേവം ജ്ഞാനം ബ്രഹ്മാത്മപ്രാപ്തിഹേതുവാ
കുന്നു ബുധന്മാരേ! * മായയാം ജഗന്മിഥ്യയിങ്ങിനെ മാത്രമ
ല്ല മായയാം ജ്ഞാനംകൊണ്ടും ഫലമിങ്ങജ്ഞാനമേ * ആകി
ലും പരാദ്വൈതജ്ഞാനത്തിന്നുപകാരമാകുന്നിതതു കണ്ടു ശ്രുതി
യും ചൊല്ലീടുന്നു * ശ്രോതാവുതന്റെ ഹിതം പാകംപോൽ
നോക്കിക്കൊണ്ടു ശ്രൌതമാം വാക്യം ചൊല്ലും സാദ്ധ്യസാധന
ഭേദം * സത്യമാണെന്നു തോന്നും വ്യാവഹാരികമായിട്ടിത്ത
രം ഭേദമെല്ലാം ചൊല്ലുന്നുവെന്നുമാത്രം * സത്യത്വമംഗീകരി
ച്ചില്ലല്ലോ ശ്രുതി ചൊല്ലി ചിത്തപാകത്തിന്നൊത്ത വിഷയം

ചൊൽവാനത്രെ * സാധ്യസാധനഭേദപ്രപഞ്ചം സത്യമെന്നു
ബോദ്ധ്യമുണ്ടെങ്കിലപ്പോൾ സംസാരിതന്നേയവൻ * ബോദ്ധ്യമാം
നാമരൂപം മിത്ഥ്യയാണെന്നുതന്നേ ബോദ്ധ്യമുണ്ടായാലവൻ മു
ക്തനായ് വന്നുകൂട്ടും * ആകയാലിടക്കിടെ മിത്ഥ്യാത്വം ചൊല്ലീട്ടു
ന്നു ലോകങ്ങളെല്ലാം മായാമയമാണെന്നും ശ്രുതി * എത്രയും പ
ക്വമായ ചിത്തത്തെ നോക്കിക്കൊണ്ടു നിത്യനിർമ്മലബോധം
വരുവാനേവം ചൊല്ലും * സർവ്വവും ബ്രഹ്മംതന്നേ സർവ്വമിദമാ
ത്മാ സർവ്വശങ്കരീ ശ്രുതിയിങ്ങിനെ ചൊല്ലീടുന്നു * തത്വദർശനത്തി
ങ്കൽ ശുദ്ധമാം ബ്രഹ്മമൊന്നേ വിദ്യയുമവിദ്യയും ലോകവും വേറെ
യില്ല * പരമാം നിർവ്വാണത്തിൽ നിഷ്ഠയുള്ളോരു യോഗിക്കരുധാ
തോന്നുന്നതും ശിവനല്ലാതെയില്ല * ശിവനാണിതു സർവ്വമെന്നുള്ള
ബുദ്ധിയുമങ്ങവനില്ലവൻ ശിവനായിട്ടു നിർവ്വാണത്തിൽ * സ്ഥിത
നായീടുന്നേരം സർവ്വമെന്നുള്ള മിത്ഥ്യാമതിയും തീൎന്നിട്ടവൻ സർവ്വവും
താനായീടും * വിശ്വലാംബുധിപോലെ കേവലം സ്വയമായിട്ടച്യു
തസ്ഥിതിയായിട്ടിരിക്കും പരയോഗി * സർവ്വവുംശിവനെന്ന ഭാവവും
പൂർവ്വത്തിങ്കൽ ശർവ്വനെക്കൊണ്ടുംപരെക്കുള്ളതായിരുന്നീടും * നിർവ്വാ
ണനിഷ്ഠൻതന്റെ പരമസ്ഥിതിതന്നെശർവ്വനുമറിവീല വിഷ്ണുവുമറി
വീല * ഞാനുമിങ്ങറിവീല താൻതന്നെയറിവീല നൂനമീ യോഗിത
ന്റെ സ്ഥിതിയെച്ചൊല്ലീടുവാൻ * വേദങ്ങൾ പുരാണങ്ങൾ സ്മൃതി
കൾപ്രമാണങ്ങളേതുമേമതിയാകുന്നില്ലതുമഹാശ്ചര്യം * അങ്ങിനെയു
ള്ളതാകുംയോഗിതൻപരനിഷ്ഠയങ്ങിനെയുള്ളതെന്നേകേവലംചൊ
ല്ലീടാവൂ * ഇങ്ങിനെയുള്ള നിഷ്ഠയെന്നതു സ്വഭാവമായ് മംഗലപ്ര
ദനായ ശിവനുള്ളതുതന്നേ * അംബികാദേവിയാകും ശിവയും തൽ
പതിയാംത്ര്യംബകദേവൻതാനും നന്നായി പ്രസാദിച്ചാൽ * അം
ബുജാക്ഷനും പിന്നെയെനിക്കും മറ്റവർക്കെല്ലാവർക്കും ബ്രഹ്മമാം പരനിഷ്ഠ
ലഭിക്കുമല്ലാതില്ല * ചോദ്യത്തിന്നിടയില്ല ശങ്കരൻതങ്കലേതും വേ
ദ്യനല്ലല്ലോ സാക്ഷാൽ പിന്നെയുമുണ്ടോ ചോദ്യം * പുണ്യപാ
പങ്ങളെല്ലാം തിന്നൊടുക്കിയ മർത്ത്യൻ നിർണ്ണയജ്ഞാനം നൽകു
മാചാര്യൻതന്നെക്കൊണ്ടും * പരനിഷ്ഠയുമവൻ ലഭിക്കും ഗുരുവി
ന്റെ പരമപ്രീതികൊണ്ടു സംശയമില്ലതിന്നും * സ്വസ്വരൂപ
ത്തെക്കാട്ടിത്തന്നീടും ഗുരുതന്നേ ചിൽസ്വരൂപനാം ശിവൻ ബു
ദ്ധിമാനറിയേണം * ഗുരുതന്നിഷ്ടം സർവ്വജ്ഞത്വത്താൽ സാധിക്കു

ണം പെരുകും പ്രീതിയോടെ ദുഃഖത്തെ നീക്കീടുവാൻ * ഗുരുവിൻ
നിയോഗത്തെച്ചെയ്യുമ്പോളനിഷ്ടങ്ങൾ പെരുതായ് വന്നുകൂടിയെ
ങ്കിലും ബുദ്ധിയുള്ളോൻ * ഗുരുവാക്യത്തിൽനിന്നു നീങ്ങാതെയിരു
ന്നീടിൽ പരമാം നിർവ്വാണത്തെ പ്രാപിക്കുമവൻദൃഢം * തന്നുടെ
വർണ്ണത്തെയുമാശ്രമത്തെയും കീർത്തിയെന്നതും മുന്നമുള്ളോരദൃഷ്ട
ത്തെയുമേവം * നന്നല്ലിഗ്ഗുരുസേവയിങ്ങിനെലോകം ചൊല്ലും നി
ന്ദിതവാക്യത്തേയുമേതുമേ ചിന്തിക്കാതെ * മിത്രപുത്രാദിബന്ധം ഗൃ
ഹവും സുഖദുഃഖം ക്ഷേത്രദ്രവ്യാദിഹാനിയിങ്ങിനെയുള്ളതെല്ലാം *
ഒന്നുമേഗണിക്കാതെ മടിക്കൂടാതെനിത്യം തന്നുടെ ഗുരുവിനങ്ങിഷ്ട
ത്തെച്ചെയ്യേണം * പ്രീതനായ് ഗുരുവെന്നാൽ ശിവനാം മഹാദേ
വൻ പ്രീതനാം സാക്ഷാൽസ്വയം ജ്യോതിസ്സായ് വിളങ്ങീടും * പ
രമേശ്വരൻതന്റെ സാന്നിധ്യം സദാനേരം ഗുരുതൻ ദേഹത്തിങ്ക
ലാണെന്നും ചിന്തിക്കേണം * ഗുരുവിന്നനിഷ്ടത്തെച്ചെയ്യുന്നൊ
രുനേരം പെരുതാംമോഹംകൊണ്ടു ചെയ്യുന്ന മൂഢചിത്തൻ * പെ
രുകും തീവ്രദുഃഖമുള്ളോരു നരകത്തിലുരുകും ചിത്തതാപം പ്രളയ
ത്തോളമുണ്ടാം * കോപിച്ചു ശിവനെങ്കിലാശ്രയമാകും ഗുരു കോപി
ച്ചുവെന്നാകിലോ രക്ഷിപ്പാനാരുമില്ല * അതിനാലിഷ്ടംതന്നെ ഗു
രുവിൽ ചെയ്യേണ്ടതാം മതിമാന്മാരേ! ദേഹവാങ്മനസ്സുകൾകൊ
ണ്ടും *ഗുരുവായതു തനിക്കാത്മാവാമന്യനല്ലിന്നൊരു സംശയമില്ല
സത്യമാണിതു ദൃഢം * ആത്മലാഭത്തെക്കാളും പരമില്ലൊരു ലാഭം
സ്വാത്മനി സംശയങ്ങളില്ലേതും നിരൂപിച്ചാൽ * ഇശ്ശരീരത്തെ
ത്തന്ന ജനകൻ ഗുരുവല്ല നിശ്ശേഷക്ലേശഹേതു ശരീരം ജഡരൂ
പം * അഷ്ടൈശ്വര്യങ്ങൾ നൽകും ഗന്ധർവ്വപദം നൽകും വി
ഷ്ടപേശത്വം നൽകും ഗുരുവും ഗുരുവല്ല * മന്ത്രതന്ത്രാദിലോ
കോപായത്തെത്തന്നീടുന്ന യന്ത്രിയും ഗുരുവല്ല ക്ലേശഹേതുക്കളെ
ത്രേ * സത്യമായിതുവരെ തോന്നിയ ജഗദ്രൂപം സത്യമല്ലെന്നു കാ
ട്ടിസ്സാക്ഷിയാം ചൈതന്യത്തെ * നിത്യനാമാത്മാതാനെന്നിങ്ങിനെ
വേറെ കാട്ടിത്തത്വമാം പദത്തേയും വെളിവായ് നേരെ കാട്ടി *
സത്യമായ് തനിക്കുള്ള ശിവത്വം ബോധിപ്പിക്കും സത്യരൂപനാം
സാക്ഷാൽ സൽഗുരു വേറെയല്ല * ദൃശ്യമാം രൂപമെല്ലാം ദ്രഷ്ടൃപം
തന്നിലാക്കിശ്ശിഷ്യനെബ്ബോധിപ്പിക്കും പുരുഷൻതന്നെ ഗുരു *
പരമാദ്വൈതജ്ഞാനം കൃപയാ ചൊല്ലുന്നവൻ വരനാം ഗുരു

കൾക്കും ഗുരുവാം ശിവൻതന്നെ * വേദാന്തശാസ്ത്രാംഭോജഭാസ്കര
ൻതന്നെ സാക്ഷാദ്വേദാന്തഗുരുവായോരവനെ വഴിപോലെ * തോ
ഷിപ്പിക്കണം സൎവ്വപ്രയത്നം ചെയ്തുംപിന്നെ ശ്രേഷ്ഠിക്കാതുള്ള സ
ൎവ്വശ്രേയസ്സുംവരുവാനായ് * വേദാന്തവാക്യാൎത്ഥത്തെസ്സൎവ്വവും സം
ഗ്രഹിച്ചിട്ടോതി ഞാനിതു പൂൎവ്വം ശങ്കരനെനിക്കോതി* സൎവ്വദോഷ
വും തീൎന്നകരുണാനിധി ദേവൻ സൎവ്വജ്ഞനല്ലോസാക്ഷാദാപ്തകാമ
നാം പൂൎണ്ണൻ * ഇങ്ങിനെയെനിക്കോതീ ഭഗവാനതുപോലെ നി
ങ്ങൾക്കും ചൊല്ലി ഞാനും സംശയം തീൎത്തു സത്യം * സ്വപ്രകാശ
നും സ്വതസ്സിദ്ധനുമാകും ശൂലിസ്സല്പവും പ്രത്യക്ഷമല്ലാതെയിങ്ങൊ
ന്നുമില്ല * സൎവ്വവുമുള്ളങ്കയ്യിൽ നെല്ലിക്കപോലെ കാണും സൎവ്വജ്ഞ
നായ ദേവനല്ലയോ സൎവ്വസാക്ഷി * വേദാൎത്ഥം വേറേവിധം മോഹ
ത്താൽ ചൊല്ലുന്നവർ ബോധഹീനരാം മഹാസാഹസം ചെയ്യുന്ന
വർ *ഞാൻ ചൊന്ന വിധമല്ലാതേതൊരു വിധത്തിലുംതാൻ ചൊ
ന്നവാക്യം സത്യമിങ്ങിനെ ചൊല്ലും മൎത്ത്യർ* ആലംബമില്ലാതുള്ളോ
രന്ധകൂപത്തിൽ വീഴു മാലംബമില്ലാതുള്ളോരൎത്ഥത്തെ വിശ്വസി
ച്ചാൽ * പരമാദ്വൈതമാകും വേദാൎത്ഥം വേറെയല്ല സുരപുംഗവ
ന്മാരേ! സംശയമില്ലതിങ്കൽ* അല്ലെങ്കിലെന്റെ മൂൎദ്ധാവപ്പൊഴേ പ
തിച്ചീടുമില്ലിതിലിഷലൊന്നും നിങ്ങളുമിതുപോലെ * നിശ്ചിതാൎത്ഥ
ത്തെ വിട്ടുവേദാൎത്ഥം വേറേവിധംവിശ്വസിക്കുന്നപക്ഷം നിങ്ങടെ
മൂൎദ്ധാക്കളും * പതിക്കും നിസ്സംശയമിങ്ങിതിൽ പരമൊന്നു കഥി
പ്പാനില്ലശേഷം ദേവപുംഗവന്മാരേ! * സത്യമാം ഞാൻ ചൊന്ന
തെന്നീശ്വരപാദങ്ങളെ ഹസ്തങ്ങൾകൊണ്ടു തൊട്ടു പിന്നെയും
ചൊല്ലുന്നുഞാൻ * ഇങ്ങിനെ മഹാതേജസ്സാകിയ ബ്രഹ്മദേവൻ
മംഗലവാചാ ദേവപുംഗന്മാരോടോതി * പ്രത്യഗ്ഭൂതമായ് പരാന
ന്ദമായ് പരാദ്വൈതവസ്തുവാം സാംബമൂൎത്തിയായിട്ടു ഭക്തൎക്കെ
ല്ലാം * മൃത്യുസംസാരരോഗം നീക്കുന്നോരൌഷധമാം സത്യരൂപ
നാം ശംഭുതന്നെയും സ്തുതിച്ചിതു * ഭക്തിയാൽ പരവശനാ
യിതു വിരിഞ്ചനും ഭക്തരാം ദേവന്മാരും സാംബനെ ധ്യാനിച്ചി
തു * ത്ര്യംബകദേവൻതന്നെ സ്മരിച്ചുനമിച്ചിതു കന്മഷമറ്റ ഭ
ക്ത്യാ വിവശന്മാരായേറ്റം * ദേവദേവനാം മഹാദേവനും കാരു
ണ്യത്താൽ ദേവന്മാരുടെ മുമ്പിലംബികാദേവിയോടും * പ്രത്യ
ക്ഷനായ നേരം വിഷ്ണുവും പത്മയോടും തത്ര വന്നിതു കാണ്മാൻ

ഭഗവാൻ നാരായണൻ * ഉത്തമതപോധനന്മാരാകും നിങ്ങൾ ബ്ര
ഹ്മവിത്തമന്മാരേ! കേൾപ്പിനന്നേരം മഹോത്സവം * പുഷ്പവൃഷ്ടിയു
മുണ്ടായ് സ്വസ്തിപൂൎവ്വങ്ങളായിസ്സൽപുരുഷോക്തങ്ങളാം വാക്യങ്ങ
ളുൽഘോഷിച്ചു * ഭക്തിയുക്തനാം വിഷ്ണു പത്മയാം ദേവിയോടും ഭ
ക്തവത്സലനായ ശിവനെപ്പൂജിച്ചിതു * സാംബനായിരിക്കുന്ന ച
ന്ദ്രശേഖരൻ നൃത്തം ബ്രഹ്മാദിദേവന്മാൎക്കും സമക്ഷം ദൎശിപ്പിച്ചു *
നിശ്ശേഷപാപം തീൎക്കും ബോധത്തെത്തന്നീടുന്ന നിശ്ശേഷലോക
മാതാവാകിയ ശിവാ പരാ * വിശ്വസൃൿപുരുഹൂതമുഖ്യരാമെല്ലാ
രെയും നിശ്ശോകസ്വാനുഭൂതിസംയുക്തദൃഷ്ടികൊണ്ടേ * കേവലം
കാരുണ്യത്താലീക്ഷിച്ചു ബോധിപ്പിച്ചുദേവസംഘത്തെയെല്ലാം ഭ
ക്തവാത്സല്യത്താലെ * പിന്നെ ലോകേശമുഖ്യദേവന്മാർ പരശി
വൻതന്നെയും ശിവയെയും കണ്ണുകൾകൊണ്ടുതന്നെ * കണ്ടിതു വേ
ദാന്താൎത്ഥവിജ്ഞാനരൂപമാകും നീണ്ടൊരു വിചാരത്താൽ കാണേ
ണ്ടതായ തത്വം * കരുണാനിധിയായ ശിവനെപ്പിന്നെ ഭക്ത്യാ
സുരസംഘവും പഞ്ചാക്ഷരമാം മന്ത്രത്താലേ * ഭവപാശത്തെ വെ
ൽവാൻ പൂജിച്ചു ശങ്കരനെബ്ഭയഭാവനയോടും കുമ്പിട്ടു കൂപ്പിക്കൊ
ണ്ടു * ശ്രുതിഗോചരവാചാ ശ്രദ്ധയാ സമേതരായ് സ്തുതിചെയ്തി
തു കഷ്ടസംസാരപാശം നീങ്ങി * ഇഷ്ടസിദ്ധിയും വന്നു സുരരേ!
നിങ്ങൾക്കെന്നു തുഷ്ടനായത്ഭുതത്തെക്കളെയുംശിവൻ ചൊല്ലി * ശര
ണാഗതപ്രിയാ ശാങ്കരി ശിവങ്കരീ കരുണാതനുവല്ലി ബന്ധമാലിന്യ
ഹന്ത്രി * എന്നുടെ പ്രസാദമാം ബലത്താൽ പരബോധം നന്നാ
യിട്ടുദിച്ചീടും നിങ്ങൾക്കെന്നുരചെയ്തു * വിഷ്ണുവും സുരരോടായേവ
മങ്ങുരചെയ്തു ശ്ലക്ഷ്ണമായ്ശംഭുവെന്നാലിദ്ദേഹമത്ഭുതനാം * ഇപ്രഭുസ
ൎവ്വവേദശിരസ്സിൽ ചൊല്ലും വാക്യം സ്വല്പവുമെത്താതായിശ്ശോഭിക്കു
ന്നവനത്രെ * നിങ്ങൾക്കു പ്രസന്നനായെന്നേവം ദ്വിജന്മാരേ! തും
ഗമാം ഭാവത്തെയും കാട്ടുന്ന വാക്യത്താലെ * കാരുണ്യരസാൎദ്രനായി
രിക്കും ദേവൻതാനും ഹൈരണ്യഗൎഭൻ മുമ്പാം സുരരോടരുൾചെ
യ്തു * ബ്രഹ്മാവിൻ ഗിതിയാകും ഗീതയാണെനിക്കിതു സമ്മതമെ
ററം ശുദ്ധം നൽകീടും സുരന്മാരേ! * ഇതിനെപ്പഠിക്കുന്ന ദ്വിജന്മാ
രെന്നെത്തന്നെ മതിമോഹങ്ങൾ നീക്കി പ്രാപിക്കുമസംശയം * ശി
വയും വാക്കിൽതന്നേ വസിക്കും തേജസ്സേറും രവിയെപ്പോലെയാ
കും ശ്രീകൊണ്ടു വിഷ്ണുതുല്യൻ * ഗീതയാമിതു ബ്രഹ്മഗീതയെന്നു
ള്ള പേരാം വീതസംശയം ശ്രുതി ചൊല്ലുന്ന വാക്യംതന്നേ * സൎവ്വ

ഗീതോത്തമയാം വേദത്തിന്നാകൃതിയാം മൂൎത്തിയിൽ ദ്വിജേന്ദ്രന്മാർ വേ
ദനിഷ്ഠരായുള്ളോർ * ഭക്തിയുള്ളവരിതു പഠിക്കാം ശൂദ്രാദികൾക്കിത്ത
രം ശ്രുതിവാക്യമുച്ചരിക്കരുതത്രേ * മുപ്പുരമെരിച്ചോരു നാഥനിങ്ങി
നെ ചൊല്ലിതൽപരഭക്തർക്കേറ്റം ശുഭത്തെ കൊടുപ്പവൻ * ഉത്തമ
സുഖബോധം നൽകുവോനവിടത്തിലുത്തമസ്മരണമാം സുഖത്തി
ലൊളിച്ചിതു * ലോകവൈചിത്ര്യശക്തി ദേവിയും കാരുണ്യത്താൽ
ശോകത്തെ നീക്കംവണ്ണം സുരരെക്കടാക്ഷിച്ചു * ഉത്തമസുഖബോ
ധരൂപിണിതാനും പിന്നെത്തത്രൈവ സ്മരണമാം സുഖത്തിലൊളി
ച്ചിതു * വൈകുണ്ഠൻ ദേവന്മാരെയാശ്വസിപ്പിച്ചു പിന്നെ വൈ
കുണ്ഠം പ്രാപിച്ചിതു പത്മയാം ദേവിയോടും * ബ്രഹ്മാവും ദേവന്മാൎക്ക
ന്നാത്മവിദ്യയെ നൽകിക്കന്മഷമില്ല മേലിൽ പോയാലുമെന്നു ചൊ
ല്ലി * രുദ്രനെ ധ്യാനിച്ചുകൊണ്ടിരുന്നു സുരരെല്ലാം ഭദ്രത വരുവാനാ
യ് ഭൂമിയിൽ ദണ്ഡംപോലെ * വീണുടൻ നമസ്കാരം ചെയ്തവർ വി
ധിതന്നെ താണുപോകാത്തതായ സത്യബോധത്തിൽതന്നേ * നി
ഷ്ഠരായവരവൎക്കുള്ളോരു ദേശേ ചെന്നു നിഷ്ഠയാ വസിച്ചിതു ദ്വിജ
പുംഗവന്മാരേ! * ഇത്ഥമുള്ളോരു സാക്ഷാൽ ബ്രഹ്മഗീതയെ നി
ങ്ങൾ ശുദ്ധമാം ജ്ഞാനമുള്ളോരാദരാൽ കേട്ടുവല്ലോ * ശ്രദ്ധയുമിതി
ങ്കലേ ഭക്തിയുമുള്ളോനേറ്റം ശുദ്ധയാമിതു ചൊല്ലാം മറ്റുള്ളോൎക്കരു
തത്രേ * ഇങ്ങിനെ പരശിവൻതങ്കലുള്ളോരു ഭക്ത്യാ സംഗതയാക
മാത്മവിദ്യയുള്ളോരു സൂതൻ * തുംഗബോധമാം സുഖമായോരു ശി
വതത്വം ഭംഗിയിൽ പ്രാപിപ്പിക്കും ഗീതയേ മുനികൾക്കായ് * മംഗ
ലം വരേണമെന്നുള്ളോരു ബുദ്ധിയോടേ ഭംഗമെന്നിയേ ചൊല്ലിപ്പ
രമാം നിൎവ്വാണത്തിൽ * പ്രജ്ഞയെയുറപ്പിച്ചു മൌനത്തോടിരുന്നിതു
പ്രാജ്ഞരാം മുനിമാരും സന്തോഷിച്ചനന്തരം * പരവേദിയായുള്ള ഗു
രുവാം സൂതൻതന്നെപ്പരമപ്രീതിയോടേ നമിച്ചു ഹൃദയത്തിൽ *
സ്ഥിതമാമഹംപദലക്ഷിതം പരതത്വം സ്ഥിരമായറിഞ്ഞവർ സ്വ
സ്ഥരായിരുന്നത്രേ * * * * * * *

പന്ത്രണ്ടാമദ്ധ്യായം കഴിഞ്ഞു.

ഇതി ശ്രീസ്കാന്ദേപുരാണേ സൂതസംഹിതായാം യജ്ഞവൈഭവഖണ്ഡേ

ബ്ര ഹ്മ ഗീ താ

സ മാ പ്തം.

B 86